V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി യുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട്

Shri M.M. Hassan: Sir I present the Twenty-seventh Report of the Committee on Private Member's Bills and Resolutions.

VI. നിയമനിർമ്മാണകാര്യം

1. വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ

(ചർച്ച തുടർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ: വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച് 1984-ലെ കേരളാ ബിൽ ശ്രീ. മണിമംഗലത്ത് കുട്ട്യാലിക്ക് പ്രസംഗം തുടരാവുന്നതാണ്..... ഓർഡർ, ഓർഡർ. ഇന്ന് രണ്ട് ബില്ലുകളും ചർച്ചയ്ക്ക് എടുക്കാനുണ്ട്. ഈ ബില്ലുകളും 12.50-ന് സബ്ജക്ട് കമ്മിറ്റിക്ക് വിടേണ്ടതാണ്. അതുകൊണ്ട് മെമ്പർ വളരെ ചുരുക്കി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: സർ, രണ്ടു പ്രാവശ്യമായി എന്റെ പ്രസംഗം പൂർത്തിയാക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇന്ന് വീണ്ടും ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഇടപെട്ടുകൊണ്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. മരങ്ങളും മരങ്ങളുടെ ചരിത്രവും, മരങ്ങളും മനുഷ്യരും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച് മുഗൾ ചക്രവർത്തിയായ ഔറംഗസീബ് ചക്രവർത്തി കാണിച്ച ഒരുവലിയ മഹത്തായ കഥ പറഞ്ഞുകൊണ്ടാണ് അന്നത്തെ പ്രസംഗം അവസാനിപ്പിക്കേണ്ടിവന്നത്. സർ, നമ്മുടെ സംസ്ക്കാരം തന്നെ ഒരു അരണ്യസംസ്ക്കാരമാണ്. ഇൻഡ്യാ രാജ്യത്തിന്റെ സംസ്ക്കാരം അരണ്യവുമായി, മരവുമായി ബന്ധപ്പെട്ട സംസ്ക്കാരമാണ്. ജീവിതത്തിൽ ഒരു ആൽവൃക്ഷമെങ്കിലും വച്ചു പിടിപ്പിച്ചു കഴിഞ്ഞാൽ സ്വർഗ്ഗം കിട്ടുമെന്ന് വിശ്വസിക്കുന്ന ആളുകളാണ് ഇൻഡ്യാരാജ്യത്തിലെ ജനങ്ങൾ. സ്ത്രീകൾക്ക് സന്താനസൗഭാഗ്യമുണ്ടാകണമെങ്കിൽ വൃക്ഷങ്ങൾക്ക് നൈവേദ്യം കൊടുത്താൽ മതിയെന്ന് വിശ്വസിക്കുന്ന സ്ത്രീകളാണ് ഇൻഡ്യയിലുള്ളത്. ആ ജനതയോട് മരം മുറിക്കരുത് എന്ന് പറയേണ്ടി വന്നതുതന്നെ വളരെ ദുഃഖകരമാണ്. ഇൻഡ്യയിലെ പ്രിയപ്പെട്ട പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ ഒരിക്കൽ പറയുകയുണ്ടായി, "നല്ല ആരോഗ്യത്തോടുകൂടി നിൽക്കുന്ന ഒരു മരം മുറിക്കുന്നത് കാണുമ്പോൾ അതു എന്നെ വേദനിപ്പിക്കുന്നു. ഒരു മനുഷ്യന്റെ ശിരച്ഛേദം ചെയ്യുന്നതുപോലെയാണ് എനിക്ക് അത് അനുഭവപ്പെടുന്നത്. അത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നവർ ആരായിരുന്നാലും ശരി ഏത് കഠിനശിക്ഷ അവർക്കു കൊടുത്താലും ശരി അത് തെറ്റായി പോകുകയില്ലെന്നാണ് എന്റെ അഭിപ്രായം." എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറയുകയുണ്ടായി. അതുപോലെ തന്നെ മരത്തിന്റെ മനോഹാരിതയെ സംബന്ധിച്ച് പ്രസംഗിക്കുകയും പാടുകയും ചെയ്ത നിരവധി കവികളെ നമുക്കറിയാം. "മരച്ചില്ലയെ ഉലച്ചുകൊണ്ട് ഒരു കൊച്ചു മന്ദമാരുതനുവേണ്ടി ആയിരം സംവൽസരം കാത്തിരിക്കാൻ തയ്യാറാണെന്ന്" പ്രശസ്തനായ കവി ഒമർഖയാം രേഖപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ മരത്തിന്റെ ആവശ്യകതയെക്കുറിച്ച് വാനോളം പുകഴ്ത്തി സംസാരിക്കുന്നത് കേരംക്കാനുള്ള അസഹിഷ്ണത കൊണ്ടാണോ അടുത്തിരുന്ന സീതി ഹാജി സ്ഥലം വിട്ടത്?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, അദ്ദേഹത്തിന്റെ ഔചിത്യവുമായി ബന്ധപ്പെട്ട കാര്യമല്ലേ അത്. ഞാൻ എന്തിനാണ് അതിൽ ഇടപെടുന്നത്. സർ. ''നിബിഡങ്ങളായി കൊഴുത്തു വളർന്നുവരുന്ന മരത്തിൽ ഞാൻ തത്വശാസ്ത്രം ദർശിക്കുന്നു'' വെന്ന് ബർട്രൻറ് റസ്സൽ പറയുന്നു. ''അവിടെയാണ് മനുഷ്യന്റെ ആത്മസത്തയുമായി ബന്ധമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എനിക്ക് പ്രചോദനം തരുന്നത്''. മനുഷ്യന്റെ ആത്മാവിനെ വേദനപ്പെടുത്തുന്ന വളരെ രസകരമായ എത്രയോ കഥകൾ പറയാൻ എനിക്കാഗ്രഹമുണ്ട്.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. സി. എഫ്. തോമസ്)

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : (തുടർച്ച) പ്രകൃതി സൗന്ദര്യത്തെ കുറിച്ച് വർണ്ണിച്ച യൂറോപ്യൻമാരായ ചില കവികളെക്കുറിച്ച് നമ്മുടെ ഓർമ്മയിൽ വരികയാണ്. വില്യം വേഡ്സ്വർത്ത്, ജോൺ കീറ്റ്സ് അതുപോലെ കോളർസ്ങ് എന്നെല്ലാം പറയുന്നവരാണ് ആ പ്രശസ്ത കവികൾ. അതിൽ വില്യം വേഡ്സ്വർത്തിന്റെ ''ഹാർട്ട് ഹീറ്റ് വെൽ'' എന്നുള്ള ഒരു ചെറിയ കവിതയുണ്ട്. എന്റെ ഓർമ്മ വച്ചുകൊണ്ടാണ് ഞാൻ ഇതെല്ലാം പറയുന്നത്. ആർക്കെങ്കിലും അതിൽ തിരുത്തണം എന്നുണ്ടെങ്കിൽ തിരുത്താവുന്നതാണ്. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ പഠിച്ച ഒരു കവിതയാണിത്. അതിപ്പോൾ എന്റെ ഓർമ്മയിൽ വരികയാണ്. സർ, വില്ല്യം വേഡ്സ്വർത്തിന്റെ 'ഹാർട്ട് ഹീറ്റ് വെൽ' എന്നുള്ള ചെറിയ കവിതാ സമാഹാരത്തിൽ അദ്ദേഹം ഒരിക്കൽ കേട്ടറിഞ്ഞ കഥ ശരിയാണോയെന്ന് അന്വേഷിക്കാൻവേണ്ടി ഒരു മനോഹരമായ പ്രദേശത്ത് പോയപ്പോൾ പ്രകൃതി മനോഹരമാണെന്ന് അദ്ദേഹം കേട്ട ആ സ്ഥലം പൂർണ്ണമായും വിജനമാക്കപ്പെട്ടതായി കണ്ടു: ആ സ്ഥലത്ത് ഒരു ആട്ടിടയൻ ആടിനെ മേച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ചോദിച്ചതാണ് ഈ 'ഹാർട്ട് ഹീറ്റ് വെൽ' എന്നുപറയുന്ന ഈ റെയിൻ ഫാം ഉള്ള മനോഹരമായ പ്രദേശം എങ്ങനെ ഇങ്ങനെയായിപ്പോയി എന്ന് ആ ആട്ടിടയൻ പറഞ്ഞ കഥയായിട്ടാണ് കവി ഇത് വിവരിക്കുന്നത്. ആ കവിതയിൽ അദ്ദേഹം പറയുന്നത് സർ, വാൾട്ടർ എന്നുപറയുന്ന ഒരു പ്രഭു ഉണ്ടായിരുന്നു. അദ്ദേഹം ഒരു ഹണ്ടറായിരുന്നു. എല്ലാ കൊല്ലവും കുറച്ച് ആളുകളുമായി കൂടി വേട്ടയാടുകയും സസ്യങ്ങളെയെല്ലാം വെട്ടി നശിപ്പിക്കുകയും അങ്ങനെ ഒരു പത്തോ ഇരുപതോ മുപ്പതോ ദിവസം അവിടെ ജോളിയായി കഴിഞ്ഞുകൂടുകയും ചെയ്യുന്ന ആളാണ് അങ്ങനെ ഒരു ദിവസം സർ വാൾട്ടറും അദ്ദേഹത്തിന്റെ അനുയായികളും കൂടി ഹാർട്ട്ഹീറ്റ് വെൽ എന്നുപറയുന്ന ചെറിയ ഒരുറെയിൻ ഫാളിന്റെ വക്കത്തുള്ള മനോഹരമായ ആ പ്രദേശത്തു പോയി വേട്ടയാടി ഏകദേശം വൈകുന്നേരം ആയപ്പോൾ ഒരു പുള്ളിമാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ പുള്ളിമാനെ വെടിവയ്ക്കാൻ വേണ്ടി കുതിരപ്പുറത്ത് മുന്നോട്ടുപോയ സർ വാൾട്ടറിനെ അദ്ദേഹത്തിന്റെ അനുയായികൾ പിന്തിരിപ്പിക്കാൻവേണ്ടി ശ്രമിച്ചു. ശരി നമുക്ക് ഇത്രത്തോളം കിട്ടിയല്ലോ, ഇനി നാളത്തേക്കുമാറ്റിവയ്ക്കാം. സർ വാൾട്ടർ സമ്മതിച്ചില്ല. സർ വാൾട്ടർ വീണ്ടും മുന്നോട്ടു പോയി അവസാനം പുള്ളിമാൻ ഓടിഓടി ഈ റെയിൻഫാളിന്റെ അടുത്തുപോയി നിന്നും. അതിനപ്പുറം സർ വാൾട്ടർ വരികയില്ല എന്നുള്ള ധാരണയിൽ ഹാർട്ട് ഹീറ്റ് വെൽ എന്നുപറയുന്ന ചെറിയ വെള്ളച്ചാട്ടത്തിന്റെ അടുക്കൽ ഈ പുള്ളിമാൻ പോയി നിന്നു: (അതിന്റെ തൊട്ടടുത്ത് പോയി നിന്നു.) അതിനെ

LIBRARY ARCHIVES Kerala Legislative Assembly

സർ വാഴ്ത്തർ വെടിവയ്ക്കുമെന്ന് തോന്നിയപ്പോൾ ഈ പുള്ളിമാൻ വെള്ളത്തിലേക്ക് ചാടിക്കളയുകയാണ് ചെയ്തത്, ആ ആഹ്ലാദത്തിൽ അദ്ദേഹം അവിടെ ഒരു വലിയ കൊട്ടാരം പണിതു. അതിന്റെ സന്തോഷം രേഖപ്പെടുത്താൻവേണ്ടി ഒരു ആഘോഷവും നടത്തി. പക്ഷേ പ്രകൃതി കോപിക്കുകയാണ് ചെയ്തത്. പ്രകൃതി ദേവി കോപിക്കുകയും ആ പ്രദേശം ഒരു മരുഭൂമിയാകട്ടെയെന്ന് ശപിക്കുകയും ചെയ്ത ദുഃഖകരമായ കാവ്യം പ്രശസ്ത കവിയായ വില്ല്യം വേഡ്സ്വർത്ത് രേഖപ്പെടുത്തുകയുണ്ടായി. 19-ാമത്തെ വയസിൽ കവിയാകുകയും 26-ാമത്തെ വയസിൽ മരിച്ചുപോകുകയും ചെയ്ത ജോൺ കീറ്റ്സിനെക്കുറിച്ച് നമ്മൾകേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രശസ്തമായ 'ഇസ്സബല്ല' എന്ന കഥ—മനോഹരിയായ ഇസ്സബല്ല ഒരു സാധാരണ പാവപ്പെട്ടവനെ സ്നേഹിച്ചുപോയി. ഇസ്സബല്ലയുടെ സഹോദരൻമാർ ആ പ്രേമം നടത്തുതെന്നും ആ കാമുകനെ ഒഴിവാക്കണമെന്നും ഇസ്സബല്ലയോടു പറഞ്ഞപ്പോൾ ഇസ്സബല്ല അത് കൂട്ടാക്കാത്തതിന്റെ പേരിൽ കാമുകനെ അവർ കൊല്ലുകയുണ്ടായി. ഇസ്സബല്ല തന്റെ സ്വന്തം ഭൃത്യനെ അയച്ച് കാമുകന്റെ ഛേദിക്കപ്പെട്ട ശിരസ് കൊട്ടാരത്തിൽ കൊണ്ടുവന്ന് ഒരു പാത്രത്തിൽ ഇട്ട് അതിൽ മണ്ണിട്ട് ഒരു ചെടി വെച്ചുപിടിപ്പിച്ചു. ജീവിതാവസാനം വരെ ആ ചെടിയിലൂടെ തന്റെ കാമുകനെക്കണ്ട ദുഃഖകരമായ കവിത ആവിഷ്കരിച്ച ജോൺ കീറ്റ്സിനെ ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട ശ്രീ. മണിമംഗലത്ത് കുട്ട്യാലി ഈ മരവും വനവുമായി ബന്ധപ്പെട്ട സംസ്കാരത്തെക്കുറിച്ച് വിശദീകരിക്കുകയാണല്ലോ, ശ്രീരാമൻ പണ്ട് വനവാസത്തിന് പോയത് അങ്ങ് പുരാണത്തിൽ വായിച്ചിട്ടുണ്ടല്ലോ ? അന്ന് വളരെ നിബിഡമായ വനങ്ങളുണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ഈ ജനാധിപത്യ വ്യവസ്ഥിതിയിൽ നമ്മുടെ മന്ത്രിമാർ ആർക്കെങ്കിലും വനവാസം നടത്തണമെന്ന ആഗ്രഹം ഉണ്ടെങ്കിൽ പോകാൻ ഒരു വനം അങ്ങേക്ക് ചൂണ്ടിക്കാണിച്ചുതരാമോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, നമ്മുടെ രാജ്യത്ത് വനമില്ല. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞതുപോലെ, മഹാകവി കാളിദാസൻ അദ്ദേഹത്തിന്റെ രഘുവംശത്തിലും, ഋതുസംഹാരത്തിലും, മേഘസന്ദേശത്തിലും, ശാകുന്തളത്തിലുമൊക്കെ മരത്തെ സംബന്ധിച്ച് എന്തൊക്കെയാണ് സർ, പറഞ്ഞിരിക്കുന്നത്. ധാരാളം കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. രഘുവംശത്തിൽ ഒരു കഥയുണ്ട്. പാർവ്വതി വെച്ചുപിടിപ്പിച്ച ദേവദാരു മരത്തിൽ ചൊറിച്ചിൽ വന്ന ഒരു ആന വന്നു ഉരച്ചപ്പോൾ മരത്തിന്റെ തൊലി കളഞ്ഞുപോയി. അതു കണ്ടപ്പോൾ അസുരൻമാർ അസ്ത്രം എയ്തു വികൃതമാക്കപ്പെട്ട മുഖം പോലെ താൻ വളർത്തി വലുതാക്കി എടുത്ത ദേവദാരു മരത്തെ കണ്ട പാർവ്വതി കോപിക്കുകയും ആ കോപത്തിന്റെ ഫലമായി ആ വൃക്ഷങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി അവിടെ ഒരു സിംഹത്തെ നിർത്തുകയും ആ സിംഹം പിന്നെ ഒരു പശുവിനെ പിടിക്കുകയും ചെയ്തതായിട്ടുള്ള ഒരു വലിയ കഥയുണ്ട്. അത്രമാത്രം നമ്മുടെ ഇതിഹാസങ്ങളിലും, പുരാണങ്ങളിലും മരങ്ങളെക്കുറിച്ചുള്ള കഥകളുണ്ട്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : നിങ്ങളുടെ അടുത്ത് ശ്രീ. സീതി ഹാജി ഇരിപ്പുണ്ടെന്നുള്ള കാര്യം അങ്ങേക്ക് ഓർമ്മയുണ്ടോ ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : മരവും സീതിഹാജിയും തമ്മിലുള്ള ബന്ധം പോലെ തന്നെയാണ് കൃഷ്ണൻ കുട്ടിക്കും, മറ്റു പലരുമായി ബന്ധമുള്ളത്. അത് സഭയിൽ പറയാൻ പാറാത്തതുകൊണ്ട് ഞാൻ പറയുന്നില്ലെന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ . സർ, നമ്മുടെ ബഹുമാനപ്പെട്ട കുട്ട്യാലി ഈ മരത്തിന്റെ പ്രാധാന്യം വളരെ പുരാണങ്ങളുടെയും പ്രശസ്ത കവിത കളുടെയും ഒക്കെ കൂട്ടു പിടിച്ച് ഇവിടെ വിശദീകരിക്കാൻ ശ്രമിച്ചത് ഈ ഗവൺമെന്റ് മരത്തിന് ഇത്ര പ്രാധാന്യം ഉണ്ടെന്ന് ധരിച്ചില്ലെന്ന് അദ്ദേഹം ധരിക്കുന്നതുകൊണ്ടാണോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഇതിന് ഞാൻ ഉത്തരം പറയുന്നില്ല. ഗൗതമൻ ബോധോദയം ഉണ്ടായതിനുശേഷം ക്ഷീണംകൊണ്ട് ഒരു അരയാൽ മരത്തിന്റെ ചുവട്ടിൽ പോയിരിക്കുകയും, അവിടെ സന്താനോൽപ്പാദനത്തിനു വേണ്ടി മരങ്ങൾക്ക്. നൈവേദ്യം കൊടുത്താൽ സന്താനപ്രീതി വരുമെന്നും പ്രതീക്ഷിച്ചുകൊണ്ട് സുജാതയെന്ന ഒരു കന്യക ചെന്നതായും നമ്മുടെ ഒരു ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കോലിയോട് എൻ. കൃഷ്ണൻ നായർ : ഈ മരവും പുരാണവും തമ്മിൽ വലിയ ബന്ധമുണ്ടെന്നുള്ള കാര്യം അങ്ങേക്കറിയാമോ ? വാത്മീകി രാമായണം എഴുതുമ്പോൾ രണ്ടു മരത്തിന്റെ ഇടയിൽ ഇരുന്നുകൊണ്ട് ആ മരം ഈ മരം എന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ. ഓർക്കുന്നുണ്ടോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അങ്ങനെയാണ് രാമാ എന്ന പദം ഉച്ചരി ക്കാൻ സാധിച്ചത് എന്നുള്ളത് എനിക്കറിയാം. കഴിഞ്ഞ പ്രാവശ്യത്തെ ചർച്ചാ വേളയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. പുരാണ ത്തിൽ ധാരാളമുണ്ട്, അയോദ്ധ്യ, ഹസ്തിനപുരം, ദണ്ഡകാരണ്യം, ദ്വൈവനം, ഇതെല്ലാം വനവും മരങ്ങളുമായി ബന്ധപ്പെട്ടതാണ്.

ശ്രീ. എം. എം. ഹസ്സൻ : അയോദ്ധ്യയും ദണ്ഡകാരണ്യവും വിട്ടിട്ട് കൊയിലാണ്ടിയിലെയും, വയനാട്ടിലേയും കാര്യമൊന്നു പറയാമോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : കൊയിലാണ്ടിയിൽ മരവും വനവുമില്ല. വയനാട്ടിലെ കാര്യം ഞാൻ പറയാം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മരത്തിന്റെ കാര്യത്തിലൊക്കെ യുള്ള അങ്ങയുടെ ബൃഹത്തായ അറിവൊക്കെ വച്ചിട്ട് അങ്ങ് ഇന്ന് നിലവി ലുള്ള സി. സി. എ ഫിന്നെ മാറ്റി അങ്ങയെ ആ സ്ഥാനത്ത് നിയമിക്കുന്ന തിനെപ്പറ്റി അങ്ങേക്ക് എന്താണ് അഭിപ്രായം ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : നിങ്ങൾക്ക് അതിൽ വിരോധമില്ലെങ്കിൽ എനിക്ക് അത് സമ്മതമാണ്. രാമചന്ദ്രൻ മാസ്റ്റർക്ക് അതിൽ എതിർപ്പി ല്ലെങ്കിൽ ഞാൻ അതിന് റെഡിയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിട ത്തോളം രവീന്ദ്രനാഥ ടാഗോർ വനത്തിന്റെ മതം എന്നു പറഞ്ഞു കൊണ്ട്. അല്ലെങ്കിൽ മരത്തിന്റെ മതം എന്ന് പറഞ്ഞുകൊണ്ട് പ്രശസ്തമായ ഒരു പ്രബന്ധം എഴുതിയിട്ടുണ്ട്. ആ പ്രബന്ധം ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രി വായിച്ചിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടായിരിക്കാം അദ്ദേഹം ഒരു പക്ഷേ ഇത്തരത്തിൽ ഒരു ബില്ല് ഇവിടെ കൊണ്ടുവരാൻ കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോഴത്തെ സംബന്ധിച്ചിടത്തോളം, മരം നമുക്ക് എങ്ങനെയെല്ലാം ഉപയോ ഗപ്പെടുന്നു എന്ന് ചിന്തിക്കേണ്ട കാര്യമാണ്. പുഷ്പങ്ങൾ മരങ്ങളിൽ നിന്ന് ഉണ്ടാകുന്നു. മരുന്നുകൾ മരങ്ങളിൽ നിന്നുണ്ടാകുന്നു, തണൽ, മരം കൊണ്ടുണ്ടാകുന്നു, പരിസ്ഥിതി സംരക്ഷണം മരത്തിൽ നിന്ന് ഉണ്ടാകുന്നു, പ്രാണവായു മരത്തിൽ നിന്നുണ്ടാകുന്നു. വിറക്, മരംകൊണ്ടുണ്ടാകുന്നു.

കെട്ടിട നിർമ്മാണം മരംകൊണ്ടുണ്ടാകുന്നു. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ മനുഷ്യന്റെ ജീവിതവും, മരവും തമ്മിൽ ഉള്ള ബന്ധം അടിസ്ഥാനപരമായി ഒരിക്കലും ഒഴിച്ചു കൂടാനാവാത്തതായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള പുരാണ ഇതിഹാസങ്ങളും 2000 വർഷക്കാലത്ത് എഴുതപ്പെട്ട ഇൻഡ്യാ രാജ്യത്തിന്റെ ട്രഡിഷനും പരിശോധിച്ചാൽ മരവും, മനുഷ്യനും തമ്മിലുള്ള വൈകാരികമായ ഹൃദയസ്പൃക്കായ ബന്ധം മനസ്സിലാക്കാൻ കഴിയും. അത് സൂചിപ്പിക്കാൻവേണ്ടിയാണ് ഞാൻ രണ്ടു മൂന്നു കവിതയും പുരാണങ്ങളിലെ ചില കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചത്. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഒന്നു പറഞ്ഞു തന്നാൽ തരക്കേടില്ല. ഇങ്ങനെ ഒരു നിയമം ഇൻഡ്യാ രാജ്യത്തിലെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് കൊണ്ടുവന്നിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേരളത്തിൽ നടക്കുന്നതുപ്പോലുള്ള മരം കൊള്ള മറ്റൊരു സംസ്ഥാനത്തും നടക്കുന്നില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട കുട്ട്യാലിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഇതിന്റെ തുടക്കം പണ്ട് മലനാട് കർഷക സമരം നടത്തിയ കാലം മുതൽ തുടങ്ങിയതാണ്, അതിലേക്കൊന്നും നമ്മൾ കടക്കേണ്ട. അതിനെ സംബന്ധിച്ചുള്ള രേഖകൾ എന്റെ കൈയ്യിലുണ്ട്. എ. കെ. ജി. കർഷക സമരം നടത്തിയ കാലം മുതൽക്കാണ് വനം കൈയേറ്റവും മരം മുറിക്കലും തുടങ്ങിയത്. അതേക്കുറിച്ച് ഒന്നും ഇപ്പോൾ പറയേണ്ട. അതേക്കുറിച്ചുള്ള ധാരാളം തെളിവുകൾ എന്റെ കൈയിലുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : വനം കൈയേറ്റം തുടങ്ങിയ കാര്യത്തെപ്പറ്റി അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻമാർ സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം 1949-നും 1953-നും ഇടയ്ക്കാണ് കേരളത്തിലെ പഴയ തിരുവിതാംകൂറിലും മലബാറിലും ഏറ്റവും കൂടുതൽ കൈയേറ്റം നടന്നതെന്ന് രേഖപ്പെടുത്തിവച്ചിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : കുറെയൊക്കെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അങ്ങയെപ്പോലെ അക്കാര്യത്തിൽ തീർത്തും എനിക്ക് പാണ്ഡിത്യമില്ലാത്തതുകൊണ്ട് പെട്ടെന്ന് എന്നോട് ചോദിച്ചാൽ, ഓർമ്മ വച്ച എനിക്ക് പറയാൻ കഴിയുകയുള്ളു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ കഴിയുന്നിടത്തോളം ചുരുക്കി സംസാരിക്കണം.

ശ്രീ. പി. സീതിഹാജി : മലബാർ പ്രദേശത്ത് സ്വകാര്യ വനങ്ങളായിരുന്നുവെന്നും ജനപ്പെരുപ്പം അസാദ്ധ്യമായപ്പോൾ, ഈ രാജ്യത്ത് കൃഷി ചെയ്യാൻ ഭൂമിയില്ലാതായപ്പോൾ ആളുകൾ വനങ്ങൾ കൈയ്യേറുകയും അവർക്ക് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി പരേതനായ എ. കെ. ജി. കീരിത്തോട് മുതലായ സ്ഥലങ്ങളിൽ പോയി ഈ വനങ്ങൾ പതിച്ചു കൊടുക്കുകയും ചെയ്തത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : അറിയാം, കുറെ കാര്യങ്ങളൊക്കെ എനിക്കറിയാം. പക്ഷേ അതൊക്കെ ചർച്ച ചെയ്യാനുള്ള ഒരു വേദിയല്ല ഇതെന്നുള്ളതുകൊണ്ട് അതിലേക്കൊന്നും ഞാൻ കടന്നു പോകുന്നില്ലെന്നു മാത്രമാണ് ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥിനോടും അങ്ങയോടും എനിക്ക് പറയാനുള്ളത്. അതിനുള്ള വേദി ഇതല്ല.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വനങ്ങളായ വനങ്ങളെല്ലാം ഏകദേശവും മുറിച്ചു തകർത്തിരിക്കുന്നു. ഉംനാടൻ മരങ്ങൾ യാതൊരു കാരുണ്യവും കൂടാതെ വെട്ടിനശിപ്പിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, കമാൻഡ് ഏരിയ ഡെവലപ്പ്മെൻറ് ബില്ലിനെ സംബന്ധിച്ച് മിനിഞ്ഞാന്ന് സംസാരിച്ചപ്പോൾ ഞാൻ പറഞ്ഞു. കനാൽ തീരങ്ങളിലെല്ലാം സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ മരങ്ങൾ വച്ചു പിടിപ്പിക്കണം. അങ്ങനെ മരങ്ങൾ വച്ചു പിടിപ്പിക്കണമെന്നു പറഞ്ഞത് ചോലയുണ്ടാകാൻ മാത്രമല്ല, നമുക്ക് കൃഷിക്ക് പച്ചിലവളമില്ല, നമ്മുടെ നാട്ടിലൊരു സ്ഥലത്തും പച്ചിലവളമില്ലാത്ത ഒരു സാഹചര്യമുണ്ടായിരിക്കുന്നു. മുമ്പ് നമ്മൾ കൃഷിക്ക് പച്ചിലവളം ഉപയോഗിച്ചിരുന്നു. ഫെർട്ടിലൈസർ ഒന്നും കണ്ടുപിടിക്കാതിരുന്ന കാലഘട്ടത്തിൽ പച്ചിലവളവും ചാണകവും വെണ്ണീറും ഉപയോഗിച്ചുകൊണ്ട് ഏറ്റവും നല്ല കൃഷി ചെയ്തവരാണ് നമ്മൾ. നമുക്ക് ഇന്ന് പച്ചിലവളം തീരെ ഇല്ലാതായിരിക്കുന്നു. അതിനാൽ പച്ചിലവളം ഉണ്ടാക്കാൻ വേണ്ടിയെങ്കിലും മരം വച്ചുപിടിപ്പിക്കണം. ഉള്ള മരം മുറിച്ചു കളയാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സോഷ്യൽ ഫോറസ്ട്രിയുടെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട നൂറുദ്ദീനെ ഈയവസരത്തിൽ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യാ രാജ്യത്തിൻറെ മറ്റൊരു സ്റ്റേറ്റിലും നടത്താൻ സാധിക്കാത്ത രൂപത്തിൽ 26 കോടി മരതൈകൾ വച്ചുപിടിപ്പിക്കാൻ അദ്ദേഹത്തിൻറെ കാലത്ത് സാധിച്ചു എന്നുള്ളത് വമ്പിച്ച ഒരു നേട്ടമാണ്. എത്രയോ ലക്ഷം ഹെക്ടർ ഭൂമികളിലായി 26 കോടി തൈകൾ വച്ചു. അതിൽതന്നെ ഏകദേശം മുക്കാൽ ഭാഗം തൈകളും വളർന്ന് തുടങ്ങിയിരിക്കുന്നു വളരെ കുറച്ചു മാത്രമേ നഷ്ടപ്പെട്ടുപോയുള്ളു എന്നും അദ്ദേഹം പറഞ്ഞു. അത് വളരെ സന്തോഷമുള്ള ഒരു കാര്യമാണ്.

ശ്രീ. എ. കെ. പത്മനാഭൻ : സർ, ശ്രീ. കുട്ട്യാലി പല കാര്യത്തിലും വൈദഗ്ദ്ധ്യമുള്ള ആളാണ്. സോഷ്യൽ ഫോറസ്ട്രി വച്ചുപിടിപ്പിക്കുന്ന മരങ്ങളിലധികവും യൂക്കാലിപിറസ് മരമാണെന്ന ആക്ഷേപം പൊതുവേ ഉയർന്നു വന്നിട്ടുണ്ട്. അത് പച്ചിലവളമുണ്ടാക്കുന്ന മരങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നു പറയുന്ന സന്ദർഭത്തിൽ ഇത്തരത്തിൽ മണ്ണിൽ നിന്ന് വെള്ളം വലിച്ചെടുക്കുന്ന യൂക്കാലിപിറസ് വച്ചു പിടിപ്പിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ വിദഗ്ദ്ധമായ അഭിപ്രായമെന്താണ്?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ഞാൻ ഒരു വിദഗ്ദ്ധനൊന്നുമല്ല. യൂക്കാലിപിറസ് വെള്ളം വലിച്ചെടുക്കുന്നു എന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം വിദഗ്ധൻമാരുടെയിടയിൽ വ്യത്യസ്തമായ അഭിപ്രായമുണ്ട്. അതിനാൽ ഏതാണ് ശരിയായിട്ടുള്ളത് എന്നുള്ളതിനെക്കുറിച്ച് എനിക്ക് വ്യക്തമായ ധാരണയില്ലാത്തതുകൊണ്ട് അതേക്കുറിച്ച് ആധികാരികമായി പറയാനാവില്ല.. ബഹുമാനപ്പെട്ട മന്ത്രി അതിന് ഉത്തരം പറയും.

ശ്രീ. ബെന്നിബഹനാൻ : മണ്ണിൻറെ ഈർപ്പം വലിച്ചെടുക്കുന്ന യൂക്കാലിപിറസ് മരങ്ങൾ കേരളത്തിൽ വ്യാപകമായി വച്ചുപിടിപ്പിക്കുന്നതിന് 1957-ൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻറെ മന്ത്രിസഭയുടെ കാലത്താണ്. നിർദ്ദേശം കൊടുത്തത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അതൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തായാലും അത് മനസ്സിലാക്കിയതിൽ സന്തോഷമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : അങ്ങ്, വനനശീകരണത്തിന്റെ ഏറ്റവും പ്രമുഖമായ ഭാഗം നടന്നത്, എ. കെ. ജി. യുടെ അമരാവതി സമരത്തോടുകൂടി മലയോരക്കൃഷിക്കാർക്കുവേണ്ടി സമരം നടത്തിയതിന്റെ ഫലമായിട്ടാണ് വനം കൊള്ളക്ക് പ്രോൽസാഹനം ലഭിച്ചത് എന്നു സൂചിപ്പിച്ചു. മലയോരക്കൃഷിക്കാരെ റോഡിലേക്ക് വലിച്ചെറിയരുത്, അവരെ മനുഷ്യരെപ്പോലെ എവിടെയെങ്കിലും പുനരധിവസിപ്പിക്കണം എന്ന നയത്തിൽ അങ്ങയുടെ പാർട്ടി എതിരാണോ ? ഇതൊക്കെ തെറ്റാണെന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : 'കേരള ഫോറസ്റ്റ് ബിൽ' ഇവിടെ വരുന്നുണ്ട്. അതിൽ ചർച്ച ചെയ്യാവുന്ന ഒരു വിഷയമാണ്. ഇത്. ഇത് മരത്തെ സംബന്ധിച്ചുള്ള കാര്യമാണ്. ബഹുമാനപ്പെട്ട നൂറുദ്ദീൻ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് 10 തരം മരങ്ങൾ മുറിച്ചുകളയുന്നത് നിരോധിച്ചു കൊണ്ടുള്ള പ്രയർ സാങ്ഷൻ ഗവൺമെന്റിൽ നിന്ന് ലഭിച്ചതിനുശേഷം മാത്രമേ മുറിക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ബിൽ ആണ്.

എന്റെ വ്യക്തിപരമായ അഭിപ്രായം ഞാൻ പറയാം. മനുഷ്യനോ വീടുകൾക്കോ അപകടകരമല്ലെങ്കിൽ കേരള സംസ്ഥാനത്ത് ഇന്നുള്ള ഒരൊറ്റ മരവും മുറിക്കാൻ അനുവദിക്കരുതെന്നുള്ളതാണ് - എന്റെ അഭിപ്രായം ; കാരണം അഞ്ചോ പത്തോ കൊല്ലക്കാലത്തേക്ക് നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലവിലുള്ള എല്ലാ വൃക്ഷങ്ങളും പ്രിസർവ് ചെയ്തുകൊണ്ട് വനനിബിഡമായ, മരനിബിഡമായ ഒരു കേരളസംസ്ഥാനം ഡവലപ്പ് ചെയ്തു കഴിഞ്ഞതിനുശേഷം നമ്മുടെ പരിസ്ഥിതി സംരക്ഷിച്ചു കഴിഞ്ഞതിനുശേഷം, നമ്മുടെ അന്തരീക്ഷം ശുദ്ധീകരിച്ചു കഴിഞ്ഞതിനുശേഷം പിന്നീട് ഇവ മുറിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു ഭേദഗതി കൊണ്ടുവന്നാൽ, അന്നുള്ള ആളുകൾ ആരായാലും ശരി അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നാൽ തരക്കേടില്ല.

ഇന്ന് സ്വകാര്യവനങ്ങളിലെ ഈട്ടി തുടങ്ങിയ മരങ്ങൾ തോട്ടങ്ങളിൽ നിന്നും പറമ്പുകളിൽനിന്നും ഉദ്യോഗസ്ഥൻമാരുടെ കൺമുമ്പിൽക്കൂടി മുറിച്ചുകടത്തിക്കൊണ്ടുപോകുന്നുണ്ട്. ഇത് പത്രങ്ങളിലൊക്കെ വന്നിട്ടുള്ള കാര്യങ്ങളുമാണ്. ഇത് നിയന്ത്രിക്കാൻ നമുക്ക് സാധിക്കാത്ത ഒരു സാഹചര്യത്തിൽ ഇന്നതിന്നത് മുറിക്കരുത് എന്ന് പറയുന്നതിനു പകരം ഒന്നും മുറിക്കരുത് എന്നൊരു തീരുമാനം ഉണ്ടാകണം. ഏതെങ്കിലും ഒരു മരം ചീത്തയായിപോയിട്ടുണ്ടെങ്കിൽ, ഉണങ്ങിയിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ വീടിനോ, വ്യക്തികൾക്കോ ഭീഷണിയാകുന്നുണ്ടെങ്കിലോ, ഇലക്ട്രിസിറ്റിക്ക് ഭീഷണിയാകുന്നെങ്കിലോ മാത്രം അങ്ങനെയുള്ള മരങ്ങൾ മുറിക്കാനുള്ള സമ്മതം കൊടുത്തുകൊണ്ടുള്ള ഒരു പൊതു മരസംരക്ഷണ നിയമം ഉണ്ടാക്കിക്കൊണ്ടു വരണമെന്നുള്ളതാണ് എന്റെ അഭിപ്രായം. വേണമെങ്കിൽ പിന്നീട് നമുക്ക് ഭേദഗതി വരുത്താവുന്നതാണ്. ഇൻഡ്യയിൽ ആദ്യമായി ശ്രീ. നൂറുദ്ദീൻ, ആദ്യത്തെ സ്റ്റേറ്റ് എന്നുള്ള നിലയിൽ മരം മുറിച്ചു കളയുന്നത് നിരോധിക്കുന്നതിനുള്ള ഒരു നിയമം ഈ നിയമസഭയിൽ വളരെ വൈകിയായാലും ഇപ്പോഴെങ്കിലും കൊണ്ടുവന്നതിനെ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, "വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച് 1984-ലെ കേരളാ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 1986 നവംബർ 30-വരെ സർക്കുലേറ്റ് ചെയ്യണ"മെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച ഈ നിയമനിർമ്മാണത്തെ ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. ഇങ്ങനെയൊരു നിയമനിർമ്മാണം ഉണ്ടാക്കുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ചതുതന്നെ നമ്മുടെ സംസ്ഥാനത്തെ വനസമ്പത്ത് മുഴുവൻ ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിൻെറ അടിസ്ഥാനത്തിലാണ്. ഇൻഡ്യയിൽ ആദ്യമായി വനസമ്പത്ത് സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് ഉള്ള ഒരു നയരൂപീകരണം ഉണ്ടായത് 1894-ൽ ആണ്. അതിൽതന്നെ ലോകത്തിലാദ്യമായി അന്തരത്തിലൊരു നയം സ്വീകരിച്ചത് ഇൻഡ്യയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ 1894-ൽ പ്രഖ്യാപിച്ച നയത്തിൽ നിന്ന് സ്വീകരിച്ച ആ നയം ആ മേഖലയിൽ അന്ന് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

സർ, ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം 1952-ൽ കേന്ദ്ര ഗവൺമെൻറ് ഒരു പുതിയ ഫോറസ്റ്റ് പോളിസി പ്രഖ്യാപിച്ചു. ആ പുതിയ ഫോറസ്റ്റ് പോളിസിയനുസരിച്ചാണെങ്കിലും കുറഞ്ഞത് 33 ശതമാനം ഏരിയായിൽ എങ്കിലും നമ്മുടെ വനം കാത്തു സംരക്ഷിക്കണമെന്നാണ്. ഹിൽ പ്രദേശങ്ങളിലാണെങ്കിൽ അതു അറുപതുശതമാനമായിരിക്കണമെന്നാണ് 1952-ൽ പ്രഖ്യാപിച്ച പുതിയ ഫോറസ്റ്റ് പോളിസിയിൽ പറഞ്ഞിരിക്കുന്നത്. അതിനുശേഷം ഇതുവരെയായി കാലാകാലങ്ങളിൽ പല പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിൽപോലും നമ്മുടെ വനസമ്പത്തു സംരക്ഷിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ, ഫലപ്രദമായ യാതൊരു നടപടിയും കേന്ദ്രഗവൺമെൻറുകളോ, സംസ്ഥാന ഗവൺമെൻറുകളോ ഇൻഡ്യയിൽ സ്വീകരിച്ചിട്ടില്ല. 1976-ൽ ദി നാഷണൽ കമ്മീഷൻ ഫോർ അഗ്രിക്കൾച്ചർ ഒരു പുതിയ പോളിസി പ്രഖ്യാപിച്ചു.

In general it can be stated that there has been a big gap between policy formulation and its implementation. For example, as far the policy stated that the minimum area should be 33 percent, estimates are that only 10 to 12 per cent of the land area as tree cover. 1976-ൽ നാഷണൽ കമ്മീഷണൽ ഫോർ അഗ്രിക്കൾച്ചർ-അവർ പറയുന്നത്, ഇവിടെ ഈ പ്രഖ്യാപനങ്ങളുണ്ടെങ്കിൽപ്പോലും ആ പ്രഖ്യാപനങ്ങളും അവ നടപ്പിലാക്കുന്നതും തമ്മിൽ വലിയ അന്തരത്തിൽ നിലനിൽക്കുന്നെന്നാണ്. 33 ശതമാനം ഫോറസ്റ്റ് സംരക്ഷിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ഇൻഡ്യയിൽ ഇന്നു പത്തോ പന്ത്രണ്ടോ ശതമാനമാണ് അതേ നിലയിൽ സംരക്ഷിക്കപ്പെടാൻ കഴിഞ്ഞത്. ഡൽഹി യൂണിവേഴ്സിറ്റിയിലെ ഡോ: മാധവ് ഗാഡ്ഗിൽ പറഞ്ഞിരിക്കുന്നത്

"Public lands are deteriorating at a much faster rate than private land and estimated that 8 thousand million tonnes of fine top soil is washed away every year."

സ്വകാര്യവനങ്ങളെക്കാൾ കൂടുതലായി ഓരോ വർഷവും കൂടുതൽ വനം നഷ്ടപ്പെട്ടു പോകുന്നത് പബ്ലിക് മേഖലയിലാണ്. എത്രയിരുന്നാലും ഈ വനസമ്പത്തു സംരക്ഷിക്കുന്ന കാര്യത്തിൽ ആവശ്യമായ, ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാതെപോയത് ഇക്കാലത്തെല്ലാം കേന്ദ്ര ഗവൺമെൻറ് ബഡ്ജറ്റിൽ ഇതിനുവേണ്ടി മാറ്റിവച്ച തുക വളരെ കുറവായതുകൊണ്ടാണ്. 6-ാം പദ്ധതിയിൽ വനസംരക്ഷണത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് ആകെ ചെലവഴിച്ചത് 692 കോടി രൂപയാണ്. എത്രയിരുന്നാലും ഇൻഡ്യ ഇന്നു നേരിടുന്ന പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ 7-ാം പദ്ധതിക്കാലത്ത് ഏഴായിരം കോടി ഉറുപ്പിക, 6-ാം പദ്ധതിയെക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

14 ഇരട്ടിയോളം തുക വകയിരുത്തിയിട്ടുണ്ട്. ഇതു സൂചിപ്പിക്കുന്നത് കേന്ദ്ര ഗവൺമെൻറായാലും സംസ്ഥാന ഗവൺമെൻറായാലും ഫലപ്രദമായി വന സംരക്ഷണത്തെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങിയതുതന്നെ 1985-86 മുതലാണെന്നാണ്. 1894-ലും. 1952-ലും 1976-ലുമൊക്കെ വനസമ്പത്തു സംരക്ഷിക്കുന്നതിനുവേണ്ടി പ്രഖ്യാപനങ്ങളുണ്ടായെങ്കിൽപ്പോലും ആ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു നടപടിയും നടപ്പിലാക്കിയില്ലെന്നാണ് ഇതുവരെയുള്ള പ്രഖ്യാപനങ്ങൾ വിലയിരുത്തിയാൽ കാണാൻ കഴിയുന്നത്. 7-ാം പദ്ധതിയിൽ ഏഴായിരം കോടി രൂപ വകയിരുത്തിക്കൊണ്ട് നമ്മുടെ വനസമ്പത്തു സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ കേന്ദ്രഗവൺമെൻറ് സ്വീകരിച്ചത് തീർച്ചയായും സ്വാഗതാർഹമാണ്. ഇതു സംബന്ധിച്ച് ചിന്തിക്കുമ്പോൾ അമേരിക്കയിൽ പൈൻ നദീതടത്തിലെ കർഷകരുടെ സ്ഥിതി നമുക്കൊരു ഗുണപാഠമാണ്. പ്രകൃതിസുന്ദരമായ മലയുടെ അടിവാരത്തിലായിരുന്നു പൈൻ നദീതടം. ഏറ്റവും ഫലഭൂയിഷ്ഠമായ അവിടെ സമൃദ്ധമായ വിളവുണ്ടാകും. അവിടെ കൃഷിയുൽപ്പന്നങ്ങൾ ധാരാളമായി വിളയിക്കാൻ കഴിയുമെന്നു മനസ്സിലാക്കിയപ്പോൾ ആ പൈൻ നദീതടതീരത്തേക്ക് ആളുകൾ കൂട്ടത്തോടെ കടന്നുകയറി അവിടെയുള്ള മരങ്ങളെല്ലാം വെട്ടിമുറിച്ച് അവിടെ കൃഷി ചെയ്യാൻ തുടങ്ങി. കുറെനാൾ കഴിഞ്ഞപ്പോൾ കൃഷിക്കാർക്ക് തീരാത്ത ദുഃഖമായി. വേനൽക്കാലത്ത് കഠിനമായ വരൾച്ച. മഴക്കാലത്തു രൂക്ഷമായ വെള്ളപ്പൊക്കം. അതിൻറെ ഫലമായി അമേരിക്കയിലെ പൈൻ നദീതീരത്തു കടന്നുവന്ന കർഷകർക്ക് എക്കാലവും തീരാത്ത ദുഃഖമായപ്പോൾ അതിൻറെ കാരണം അന്വേഷിക്കാൻ ശാസ്ത്രജ്ഞൻമാർ തയ്യാറായി. അങ്ങനെ പഠിച്ചപ്പോൾ അമേരിക്കയിലെ പൈൻനദീതടത്തിൽ വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാകാൻ കാരണം വനനശീകരണമാണെന്നു ബോദ്ധ്യപ്പെടുകയും അതിൻറെ അടിസ്ഥാനത്തിൽ വീണ്ടും ആ കൃഷിസ്ഥലങ്ങളെല്ലാം മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ ആരംഭിക്കുകയും ചെയ്തതുകൊണ്ട്. കാലാന്തരത്തിൽ ആ പ്രദേശങ്ങളിൽ വരൾച്ചയും വെള്ളപ്പൊക്കവും ഇല്ലാതാക്കാൻ കഴിഞ്ഞുവെന്നാണ് പൈൻ നദീതട സംഭവത്തിൽ നിന്നും മനസ്സിലായത്. ഇതു നമ്മുടെ നാട്ടിലും ഗൗരവമായി നാം മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ഒരു മരത്തിൻറെ കാര്യമെടുത്താൽ 50 വർഷം കൊണ്ട് 15 ലക്ഷം രൂപയുടെ പ്രയോജനം അതു മനുഷ്യനു നൽകുന്നു എന്നാണ് കണക്ക്. ഇവിടെ സ്വകാര്യവനമായിരുന്നാലും പൊതുമേഖലാവനമായിരുന്നാലും ഒരു മരവും മുറിക്കാൻ പാടില്ലെന്നാണ് എൻറെ അഭിപ്രായം. ഒരു മരത്തിൽനിന്നു 50 വർഷംകൊണ്ട് 15 ലക്ഷം രൂപയുടെ ആനുകൂല്യം ആ മരത്തിൻറെ ഉടമസ്ഥനു മാത്രമല്ല നമ്മുടെ സമൂഹത്തിനാണ് ലഭിക്കുന്നത്. മരം നിൽക്കുന്നതിൻറെ ചുറ്റും കുറെ ഈർപ്പം നിലനിൽക്കുന്നു. ശുദ്ധവായു നൽകുന്നു: മണ്ണൊലിപ്പ് തടയുന്നു. ഭൂഗർഭത്തിൽ ജലം ശേഖരിക്കുന്നു എന്നുള്ളതിനാൽ വരൾച്ച തടയുന്നു. കൊഴിയുന്ന ഇലകൾ മണ്ണിൽ അഴുകിച്ചേർന്നു മണ്ണിൻറെ ഫലപുഷ്ടി വർദ്ധിക്കുന്നു. മരത്തിൻറെ പ്രയോജനം അനന്തമാണ്. ഒരു ഹെക്ടർ വനം 5 മുതൽ 10 വരെ ടൺ കാർബൺഡൈഓക്സൈഡ് ശുദ്ധീകരിക്കുന്നു എന്നാണ് കണക്ക്. കൂടാതെ ശബ്ദമലിനീകരണം കുറയ്ക്കാനും സഹായിക്കുന്നു. ഒരു ഹെക്ടർ കാട് നശിപ്പിക്കപ്പെടുമ്പോൾ ചുരുങ്ങിയത് മൂവായിരം ഘനമീറ്റർ വെള്ളം നഷ്ടമാകുന്നു എന്നാണ് കണക്ക്. കൂടാതെ വനനഷ്ടംമൂലമുണ്ടാകുന്ന മണ്ണൊലിപ്പിലൂടെ അണക്കെട്ടുകളിൽ ചെളി നിറയുന്നു. ഇതു അണക്കെട്ടുകളുടെ ആയുസ് കുറയ്ക്കുന്നു. അമേരിക്കയിൽ തന്നെ 400 കൊല്ലം നിലനിൽക്കുമെന്നു പറഞ്ഞിരുന്ന ഒരു അണക്കെട്ട് അവിടെയുള്ള മരങ്ങളെല്ലാം മുറിച്ചുമാറിയതിൻറെ ഫലമായി ചെളി അണക്കെട്ടിലേക്ക് കടക്കുകയും അതിൻറെ ആയുസ് 40 വർഷമായി ചുരുങ്ങുകയും ചെയ്തു എന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരുകാലത്ത് ഭാരതത്തിനു സ്വന്തമായുണ്ടായിരുന്ന ആയുർവേദ ചികിൽസാ രീതി വനനശീകരണംമൂലം മണ്ണടിയുന്ന സ്ഥിതി സംജാതമായിരിക്കുന്നു. കാടുകളിൽ വളർന്നുനിന്നിരുന്ന അപൂർവ്വ ഔഷധച്ചെടികളും ഈ വനനശീകരണംമൂലം കൂട്ടത്തോടെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യക്ക് മാത്രം അഭിമാനിക്കാൻ കഴിയുന്ന ഒരു വൈദ്യമേഖലയായിരുന്നു ഈ ആയുർവേദ വൈദ്യശാഖ. ഇന്ന് കേരളത്തിലായാലും ഇൻഡ്യയൊട്ടാകെയായാലും പല ഔഷധച്ചെടികളും കാണാൻപോലുമില്ല. വനനശീകരണത്തിന്റെ ഫലമായാണ് ഈ അവസ്ഥ സംജാതമായത്.

കാടും മഴയും തമ്മിൽ ബന്ധമുണ്ടോയെന്നു ചോദിക്കാറുണ്ട്. വനനാശം സംഭവിച്ച സ്ഥലങ്ങളിൽ മഴയുടെ അളവ് കുറഞ്ഞുവരുന്നു എന്നാണു കാണുന്നത്. ആസ്സാമിൽപ്പോലും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 20 ശതമാനം മഴ കുറഞ്ഞതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഹിമാലയൻ പരിതഃസ്ഥിതിയിൽ വന്ന മാറ്റം ഇൻഡ്യയെ വല്ലാതെ ബാധിക്കുന്നുവെന്നാണ് ഡൽഹി യൂണിവേഴ്സിറ്റിയിലെ ഗോപക് ജോഷി നടത്തിയ പഠനങ്ങളിൽ ചൂണ്ടിക്കാണിച്ചത്. ഏതാണ്ട് 170 ലക്ഷം ഹെക്ടർ ഓരോരോ കാലത്തായി മരുഭൂമിയായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ പഠനങ്ങളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 1952 മുതൽ കേരളത്തിലെ ഒരു ലക്ഷത്തി എൺപതിനായിരം ഹെക്ടർ വനഭൂമി ഉപയോഗമില്ലാതായി മാറിയെന്നാണ് ശ്രീ. ജോഷിയുടെ പഠനങ്ങളിൽ തെളിഞ്ഞിരിക്കുന്നത്. ഐക്യരാഷ്ട്രസഭതന്നെ ഇൻഡ്യയിൽ നടത്തിയ പഠനങ്ങളും ഞെട്ടലുണ്ടാക്കുന്നതാണ്. ഓരോ വർഷവും 60 ലക്ഷം ടൺ ഫലപുഷ്ടിയുള്ള മണ്ണ് ഇൻഡ്യയിൽ ഒലിച്ചുപോകുന്നു. കൂടാതെ 25 ലക്ഷം ടൺ നൈട്രജനും 30 ലക്ഷം ടൺ പൊട്ടാഷ്യവും, നമ്മുടെ വളനിർമ്മാണ ഫാക്ടറികളിലുണ്ടാക്കുന്നതിൽ എത്രയോ ഇരട്ടിവളമാണ് ഈ വനനശീകരണംമൂലമുണ്ടാകുന്നതെന്നാണ് ഐക്യരാഷ്ട്രസംഘടനയുടെ പഠനങ്ങളിൽ പറഞ്ഞിരിക്കുന്നത്. വനംവകുപ്പിന്റെ 1984-ലെ റിപ്പോർട്ടനുസരിച്ചാണെങ്കിൽ 1978-79-ൽ കേരളത്തിന് 10815 കിലോമീറ്റർ വനമാണുണ്ടായിരുന്നത്. അതായത് 27.8 ശതമാനം. എന്നാൽ ഐ. എസ്. ആർ. ഒ. പറയുന്നത് കേരളത്തിന്റെ ഇപ്പോഴത്തെ വനവിസ്തൃതി കേവലം 15 മുതൽ 18 ശതമാനം വരെയാണെന്നാണ്.

സർ, കഴിഞ്ഞ ഏഴു വർഷമായി നമ്മുടെ പുനലൂരും പത്തനംതിട്ടയും റവന്യു റിക്കോർഡുകളിൽ വനമായിട്ടാണ് കാണുന്നത്. അതെല്ലാംകൂട്ടിയാണ് റവന്യു റിക്കോർഡു പ്രകാരം 24 ശതമാനമെന്ന് കണക്കു കൂട്ടുന്നത്. ഐ. എസ്. ആർ. ഒ. കഴിഞ്ഞ ഏഴുവർഷമായി നടത്തിയ പഠനത്തിൽ കാണാൻ കഴിഞ്ഞിരിക്കുന്നത് പതിനഞ്ചു ശതമാനമായി കേരളത്തിലെ വനസമ്പത്ത് കുറഞ്ഞിരിക്കുന്നുവെന്നാണ്. പത്തനംതിട്ടയും പുനലൂരും ഇപ്പോഴും വനഭൂമിയായി നമ്മുടെ റവന്യു റിക്കോർഡുകളിൽ സ്ഥാനം പിടിക്കുന്നിടത്തോളം കാലം ഈ ശതമാനം എന്നും നിലനിൽക്കുമെന്നുള്ളതാണ്. കേരളത്തിൽ ഇന്നു നടക്കുന്ന രീതിയിലുള്ള വനനശീകരണം തുടരുകയാണെങ്കിൽ ഒരു തർക്കവുമില്ല അധികം താമസിയാതെ തന്നെ കേരളം ടാർ മരുഭൂമി പോലെ മറ്റൊരു മരുഭൂമിയായി മാറുമെന്നാണ് ഡോക്ടർ രക്മീ മയൂർ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. കേരളം അനതിവിദൂരഭാവിയിൽ ഒരു മരുഭൂമിയായി തീരുമെന്നാണ് ഡോക്ടർ രക്മീ മയൂർ പറയുന്നത്.

സർ, ബാക്ഗ്രൗണ്ട് മെറ്റീരിയലിൽ പറഞ്ഞിരിക്കുന്നതുതന്നെ കേരളം ഒരു വർഷം 211 മില്ല്യൻ അതായത് 21 കോടി 10 ലക്ഷം ക്യുബിക് മീറ്റർ മരമാണ് ഉപയോഗിക്കുന്നത് എന്നാണ്. അതിൽ വിറകിന് മാത്രമായി ഏതാണ്ട് 18 കോടി 40 ലക്ഷം ക്യുബിക് മീറ്റർ ഉപയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ നാം ഓരോ വർഷവും പുതിയതായി ഉണ്ടാക്കുന്ന മരം എന്നു പറയുന്നത് 50 മില്ല്യൻ അതായത് 5 കോടിയാണ്. ഈ നിലയിലാണ് നാം മുന്നോട്ടു പോകുന്നതെങ്കിൽ നമുക്ക് ആകെയുള്ള മരം എന്നു പറയുന്നത് 2500 മില്ല്യൻ ക്യുബിക്ക് മീറ്ററാണ്. 2500 ക്യുബിക്ക് മീറ്റർ മരം ഉള്ളപ്പോൾ ഒരു വർഷം 211 ക്യുബിക് മീറ്റർ നാം ഉപയോഗിക്കുന്നു. എന്നാൽ ഓരോ വർഷവും ഉണ്ടാകുന്നതാകട്ടെ 50 മില്ല്യൻ ക്യുബിക് മീറ്ററാണ്. ഈ നിലയിൽ പോയി കഴിഞ്ഞാൽ 16/18 വർഷം കഴിയുമ്പോൾ കേരളത്തിൽ ഒരു മരവും ഉണ്ടാകാതെ കേരളം ഒരു മരുഭൂമിയായി മാറുമെന്നാണ് ഈ കണക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ സഹകാര്യ വ്യക്തികളുടേതായാൽപ്പോലും മരം മുറിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഒരു നിയമവുമായി മുന്നോട്ടു വന്നത് തികച്ചും സ്വാഗതാർഹമായ ഒരു നടപടിയായി ഞാൻ കാണുകയാണ്. ഈയൊരു നിയമം നിർമ്മിക്കുമ്പോൾ തന്നെ സംസ്ഥാന ഗവൺമെന്റ് വനസംരക്ഷണ കാര്യത്തിൽ കാണിക്കുന്ന അലംഭാവം ഈ നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ തയ്യാറാകുമോ എന്ന കാര്യത്തിൽ ആശങ്ക ജനിപ്പിക്കുന്നതാണ്. കഴിഞ്ഞ നാലഞ്ചു വർഷമായി ഈ ഭരണത്തിൻകീഴിൽ വ്യാപകമായ നിലയിൽ വനം കൊള്ള നടന്നുകൊണ്ടിരിക്കുകയാണ്.

സർ, ഈ ഗവൺമെന്റ് ഒരു പ്രഖ്യാപനം നടത്തിയിരുന്നു. 1977-ന് മുമ്പുള്ള എല്ലാ വനം കൈയേറ്റക്കാർക്കും പട്ടയം കൊടുത്തുകൊണ്ട് 1977-ന് ശേഷം കുടിയേറിയിട്ടുള്ള ആരെക്കാളെയൊക്കെ കുടിയിറക്കി വന സമ്പത്തു സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. അതുമായി ഗവൺമെൻറിന് മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടുണ്ടോ? ആരെയെങ്കിലും കുടിയിറക്കിയിട്ടുണ്ടോ ? എന്നുമാത്രമല്ല 1977-നു ശേഷം കുടിയേറിയ ആൾക്കാർക്കുപോലും പട്ടയം കൊടുക്കുകയും വീണ്ടും വീണ്ടും കുടിയേറാ അവകാശം നൽകുന്നതിനുള്ള ശ്രമങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇന്ന് വ്യാപകമായ തോതിൽ വനം കൊള്ള നടത്തുന്ന ആൾക്കാർ വലിയ പണക്കാരായിട്ടുള്ള ആൾക്കാരും വലിയ ജന്മിമാരും ഒക്കെ തന്നെ വൻ രാഷ്ട്രീയ സ്വാധീനത്തിന്റെ പേരിലാണ് നടത്തുന്നത്. വൻകാടുകളെല്ലാം വളഞ്ഞ് അവിടെയുള്ള മരങ്ങളെല്ലാം വെട്ടിമാറിയതിനുശേഷം വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് പത്തുപതിനായിരം രൂപയ്ക്കെല്ലാം ഈ സ്ഥലം കൊടുത്തു പാവങ്ങളെ കയറ്റി താമസിപ്പിക്കുക അതിനുശേഷം അവർക്ക് പതിച്ചുകൊടുക്കണമെന്നു പറഞ്ഞുകൊണ്ടുള്ള മുറവിളിയുമായി മുന്നോട്ടു വരിക. ഈ നിലയിൽ വനസമ്പത്തു മുഴുവൻ കൊള്ളയടിക്കുന്ന ഹീനമായ പ്രവർത്തനങ്ങളാണ് കേരളം ഒട്ടാകെ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ ഫോറസ്റ്റ് വകുപ്പുമന്ത്രി തന്നെ കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പ് ഒരു പത്ര സമ്മേളനത്തിൽ പറഞ്ഞത് ഏതാണ്ട് 35,000 തോളം നിബിഡ വനങ്ങളിൽ കുടിയേറിയിരിക്കുന്ന ആളുകൾക്ക് 90 കോടി രൂപ നഷ്ടപരിഹാരം കൊടുത്തുകൊണ്ട് ഒഴിപ്പിക്കാനുള്ള ഒരു പദ്ധതി ഉണ്ടെന്നാണ്. അത്തരം നടപടികൾ തന്നെ കുറ്റവാളികളെ പ്രോൽസാഹിപ്പിക്കുന്ന ഒരു നടപടിയാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റ് വനഭൂമികളിൽ ആരെങ്കിലും കുടിയേറി താമസിക്കുക എന്നിട്ട് ആ വനമെല്ലാം വെട്ടിമുറിച്ച് വിൽക്കുക, അതിൽ കൃഷിചെയ്യുക, പിന്നെ ഇറക്കി വിടുന്നതിനു വേണ്ടി ഖജനാവിൽ നിന്ന് നഷ്ടപരിഹാരം കൂടി കൊടുക്കാൻ തയ്യാറാവുക, അത്തരം നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഗവൺമെന്റ് വനഭൂമിയിൽ പിന്നെയും പിന്നെയും ആൾക്കാർക്ക് കൈയേറാൻ ഉതകുന്ന നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്ന് സെലക്ഷൻ ഫെല്ലിങ്ങിന്റെ പേരിൽ ക്ലിയർ ഫെല്ലിങ്ങ് വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. സാങ്കേതികത്വത്തിന്റെ പേരിലായിരിക്കാം ഇത് ചെയ്യുന്നത്. അതുകൊണ്ട് ഇന്നത്തെ ഭരണ സംവിധാനത്തിൽ ശ്രീ. കെ. പി. നൂറുദ്ദീനു് എന്തെങ്കിലും ചെയ്യണമെങ്കിൽപോലും ചെയ്യാൻ കഴിയാത്ത നിലയിൽ ശ്രീ. നൂറുദ്ദീന്റെ കൈകളും വരിഞ്ഞുമുറുക്കിയിരിക്കുകയാണ്. വനം കൊള്ളക്കാരായിട്ടുള്ള ഒരു ഗൂഢസംഘമാണ് ഈ ഗവൺമെന്റിന്റെ പിന്നിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റിനെ നയിക്കുന്നതെന്ന് കാണാൻ കഴിയും. എന്നിട്ട് നിയമ സഭയിൽ വന്ന് നിയമപ്രഖ്യാപനം നടത്തുകയാണ്. ഇൻഡ്യാ ഗവൺമെന്റ് വനസംരക്ഷണത്തിനുവേണ്ടി 1986/87 ഇന്റർ നാഷണൽ ഇയർ ആയി പ്രഖ്യാപിക്കാൻ പോകുകയാണ്. ഈ രംഗത്ത് വമ്പിച്ച മുതൽ മുടക്കു നടത്തുകയാണ്. വേൾഡ് ബാങ്കിന്റെ തന്നെ കോടിക്കണക്കിന് രൂപ ഇൻഡ്യാ ഗവൺമെന്റിലേക്ക് ഈയിനത്തിൽ ഒഴുകി വരികയാണ്. അത് ഉപയോഗിക്കുന്ന കാര്യത്തിൽപ്പോലും കേരളം പുറകോട്ടാണ്. സോഷ്യൽ ഫോറസ്ട്രിക്കു വേണ്ടിയുള്ള സംസ്ഥാനത്തിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുപോലും ഗുരുതരമായ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ ഒരു നടപടി സ്വീകരിക്കുവാനും സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽപ്പോലും സോഷ്യൽ ഫോറസ്ട്രി നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഏറ്റവും വലിയ കുറ്റവിചാരണയാണ് നടത്തിയിരിക്കുന്നത്. എന്നാൽ ഒരു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. സമയം എടുക്കുമെന്നുള്ളതുകൊണ്ട് ആ റിപ്പോർട്ട് ഞാൻ വായിക്കുന്നില്ല. അപ്പോഴും ഈ വനസംരക്ഷണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന്. എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ ? നമ്മുടെ വനം വെട്ടിമാറ്റാനും അത് കൈയേറാനും ഈ ഗവൺമെന്റു തന്നെയാണ് എപ്പോ പ്രോൽസാഹനവും നൽകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെയും വേൾഡ് ബാങ്കിന്റെയും സഹകരണത്തോടുകൂടി നടത്തുന്ന സോഷ്യൽ ഫോറസ്ട്രിയിൽ പോലും ലക്ഷങ്ങളും കോടികളും അമർത്തുവാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റ് ഈ നിയമം കൊണ്ടുവരുമ്പോഴ് അത് നടപ്പിലാക്കുന്ന കാര്യത്തിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടാകുമെന്ന കാര്യത്തിൽ സംശയമുണ്ട്. സംസ്ഥാന ഗവൺമെന്റ് വനം ലീസിനു കൊടുത്തിട്ടുണ്ട്.

അങ്ങനെ ചെയ്ത ഒരു ഗവൺമെന്റ് ഇത്തരത്തിലൊരു നിയമം നിർമ്മിക്കാൻ മുന്നോട്ട് വരുമ്പോഴ് ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഒൻപതിനായിര. ഹെക്ടർ വനഭൂമിയുടെ കാലാവധി കഴിഞ്ഞിട്ടും ആ കാലാവധി നീട്ടിക്കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ആ ജില്ലയുടെ കാർഷിക വളർച്ചയ്ക്ക് ഏറ്റവും അനുപേക്ഷണീയമായ ഒരു പദ്ധതിയാണ് ; കരിയാർകുറ്റി കാരപ്പാറ പദ്ധതി. ആ പദ്ധതികൾക്ക് തടസ്സമായി നിൽക്കുന്നതുപോലും അവിടെയുള്ള ചില എസ്റ്റേറ്റർ മുതലാളിമാരാണ്. വനഭൂമിക്ക് പട്ടയം ലഭിച്ചിട്ടുള്ള അഞ്ചാറു ജന്മിമാർക്ക് ആ സ്ഥലമെടുത്തു കഴിഞ്ഞാൽ നഷ്ടപരിഹാരം കിട്ടുകയില്ലെന്നുള്ള ഒറ്റ കാരണം കൊണ്ടുതന്നെയാണ് ആ പദ്ധതിക്ക് എതിരായി നിൽക്കുന്നത്. സംസ്ഥാന ഗവൺമെന്റ് ആ ജന്മിമാരെ സഹായിക്കുവാൻ വേണ്ടി ഒരു ജില്ലയുടെ ഉത്തമതാൽപ്പര്യങ്ങൾക്ക് എതിരായി നിൽക്കുകയാണ്. അത് ഇന്നിവിടെ കാളിംഗ് അറ്റൻഷനിൽ വന്നില്ലേ? അവിടെ വാശിച്ച ഉണ്ടായി കൊണ്ടിരിക്കുന്നു, വെള്ളമില്ല. പാലക്കാടു മേഖലയിൽ നെൽകൃഷിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതു്. ആമേഖലയെ ആകെ തകർക്കാൻവേണ്ടി മുതിർന്നാൽപ്പോലും വേണ്ടില്ല, ആറു ജനുമിമാരെ സഹായിക്കാൻവേണ്ടിയാണു് ശ്രമിക്കുന്നതു്. അതും ഗവൺമെൻറു് വനഭൂമിയാണു്. അതിനുവേണ്ടി ഒരു പദ്ധതിപോലും വേണ്ടെന്നു് വയ്ക്കുവാൻ ശ്രീ. നൂറുദ്ദീനും മറ്റും തയ്യാറായിരിക്കുന്നു. ഇപ്പോഴ മനസ്സിലാകുന്നതു്, രണ്ടായിരം ഏക്കറോളം വരുന്ന വനഭൂമി, 96 പേരുടെ പേരിൽ പട്ടയം വാങ്ങുന്നതിനുവേണ്ടി പാലക്കാടു്, കോഴിക്കോടു് എന്നീ ട്രൈബ്യൂണലുകളിൽ അപേക്ഷിച്ചിരിക്കുകയാണു് എന്നാണു്. അതിൽ ആറു പേർ മാത്രമാണു് യഥാർത്ഥത്തിൽ ഉള്ള ആളുകഠ, ബാക്കി 90 പേരും ബിനാമികളാണു്. ഇക്കാര്യത്തിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ യെന്നു് ഞാൻ ശ്രീ. നൂറുദ്ദീനോടു് ചോദിക്കുകയാണു്.

ശ്രീ. പി. സീതിഹാജി : ഈ പറയുന്ന കാര്യങ്ങളൊക്കെ അടുത്ത ബില്ലിൽ വരുന്നുണ്ടു്, വീട്ടുവളപ്പിന്റെ രണ്ടേക്കറിനുള്ളിൽ നിന്നു് മരം മുറിക്കുന്നതിനെക്കുറിച്ചാണു്. അപ്പോഠ പറഞ്ഞാൽ പോരെ ?

ശ്രീ. എ. വി. താമരാക്ഷൻ : ശ്രീ. സീതിഹാജിക്കു് കാര്യം മനസ്സിലായില്ല. ഈ നിയമം കൊണ്ടുവരാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചതു തന്നെ, കേരളത്തിൽ കേന്ദ്ര ഗവൺമെൻറിന്റെ നയമനുസരിച്ചു് 33 ശതമാനമെങ്കിലും വനമുണ്ടാകണമെന്നുള്ള അടിസ്ഥാനത്തിലാണു്. ഇന്നു് വന്നുവന്നു് ഇൻഡ്യയിൽ താരതമ്യേന ഏറ്റവും കൂടുതൽ വനസമ്പത്തുള്ള സംസ്ഥാനമായ കേരളത്തിൽപ്പോലും പതിനഞ്ചു ശതമാനമായി വനസമ്പത്തു കുറഞ്ഞിരിക്കുന്നു. ഇതു് ഐ. എസ്. ആർ. ഒ. പറയുന്നതാണു്. ഒരു മരത്തിൽ നിന്നു് 50 കൊല്ലം കൊണ്ടു് പതിനഞ്ചു ലക്ഷം രൂപയുടെ പ്രയോജനമാണു് സമൂഹത്തിനു് കിട്ടുന്നതു്. അതുകൊണ്ടു് ഈ മരങ്ങഠ സംരക്ഷിക്കണമെന്നാണു്. ഒരു മരം മുറിച്ചാൽ രണ്ടു മരം വച്ചുപിടിപ്പിക്കണം. ഞാൻ ഈ ഗവൺമെൻറിനോടു് ചോദിക്കുന്നു, ഗവൺമെൻറിന്റെ വനഭൂമി, പ്രൈവറു് മേഖലയെ വളർത്തുവാൻവേണ്ടിയൊരു നിയമം കൊണ്ടുവന്നാൽ നമ്മുടെ ഗവൺമെൻറു് വനഭൂമി മുഴുവൻ യാതൊരു നിയന്ത്രണവുമില്ലാതെ കൊള്ളയടിച്ചു പോകും. അതു് കൈയ്യുംകെട്ടി നോക്കിനിൽക്കുവാനല്ലാതെ ഈ ഗവൺമെൻറിനു് എന്തു ചെയ്യാൻ കഴിയും? കഴിഞ്ഞ നാലുനാലര വർഷമായി ഈ ഭരണത്തിൻകീഴിൽ എത്തെല്ലാം പ്രഖ്യാപനങ്ങളുണ്ടായി ? അതൊക്കെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ? എന്തിനു് ആ മേഖലയിലെ ഉദ്യോഗസ്ഥന്മാരും ഭരണകക്ഷിയും കൂടി മരങ്ങളെല്ലാം വെട്ടിവിറ്റിട്ടു് പാവങ്ങളിൽ നിന്നും കാശു് വാങ്ങി അവരെ കുടിയേറ്റുകയാണു്. അവർക്കു് ആർക്കും വേറെ ഭൂമിയില്ല.

ശ്രീ: കെ. കൃഷ്ണൻകുട്ടി : നെല്ലിയാംപതിയിൽ ലീസിനു് കൊടുത്തുവെന്നു പറഞ്ഞ സ്ഥലമുണ്ടല്ലോ, അവിടെ മരം മുറിക്കാൻ പാടില്ലെന്നു് ഇപ്പോഠ ഓർഡിനൻസും നിലവിലുണ്ടു്. എന്നിട്ടും കാരപ്പാറ എസ്റ്റേറ്റിൽ മരം മുറിക്കാൻ വേണ്ടി ഫോറസ്റ്റു് ഡിപ്പാർട്ടുമെൻറിനെ സമീപ്പിച്ചു. അവിടെ നിന്നും കിട്ടാത്തതുകൊണ്ടു് ഹൈക്കോടതിയിൽ പോയി. ഹൈക്കോടതിയിലെ ഗവൺമെൻറു് പ്ലീഡർ എസ്റ്റേറ്റുടമകഠക്കു് അനുകൂലമായി നിന്നതു കാരണം ഇപ്പോഠ കാരപ്പാറ എസ്റ്റേറ്റിൽ മരം മുറിക്കൽ നടക്കുന്നുവെന്നുള്ളതു് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. വി. താമരാക്ഷൻ : എനിക്കു് അറിയാം. നമ്മുടെ വനസമ്പത്തു നശിക്കുവാനുള്ള ഒരു കാരണം, നമ്മുടെ അഡ്വക്കേറ്റു് ജനറൽ തന്നെയാണു്. ഗവൺമെൻറിനു് വേണ്ടി കോടതിയിൽ വാദിക്കേണ്ട അഭിഭാഷകനും, അഡ്വക്കേറ്റു് ജനറലും മറ്റു സഹപ്രവർത്തകരും പലപ്പോഴും കോടതിയിൽ പോകാറില്ല. പോയാൽ തന്നെ അവർ ജനുമിമാർക്കുവേണ്ടിയാണു് വാദിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അല്ലാതെ ഈ ഗവൺമെൻറിന്റെ ഉത്തമതാൽപര്യങ്ങൾ കണക്കാക്കി, ഈ നാടിന്റെ താൽപ്പര്യങ്ങൾ കണക്കിലെടുത്തു കൊണ്ടുപോലും ഹൈക്കോടതിയിൽ കേസുവാദിക്കുവാനോ ഹാജരാകാനോ തയ്യാറാകുന്നില്ല. ഹൈക്കോടതിയിലെ അഡ്വക്കേറ്റ് ജനറലും സംസ്ഥാന ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറും മന്ത്രിയും, ഭരണകക്ഷിയും ഉദ്യോഗസ്ഥന്മാരുമൊക്കെ ചേർന്ന് ഒരു ഫോക്കസ്സിൽ നിന്നുകൊണ്ട് നമ്മുടെ വനം മുഴുവനും വെട്ടിനശിപ്പിച്ച് മരുഭൂമിയാക്കാൻ ശ്രമിക്കുന്ന ഏറ്റവും അപഹേളനപരമായ നടപടിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള ഗവൺമെൻറിനാണോ ഈ നിയമം കൊണ്ടുവരാൻ അവകാശമുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ നിലയിൽ ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ പോലും എനിക്ക് വിശ്വാസമില്ല. നമ്മുടെ വനം സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. അത് ഈ ഗവൺമെൻറിനെക്കൊണ്ട് കഴിയുമെന്ന് ഞാൻ കരുതുന്നില്ല. ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച ഈ ബില്ലിനെ പൊതുവിൽ ഞാൻ അനുകൂലിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു ബില്ല് വൃക്ഷസംരക്ഷണത്തിനുവേണ്ടി കേരളത്തിൽ കൊണ്ടുവരേണ്ടിവന്നുവെന്നുള്ളതാണ് ഈ സംസ്ഥാനത്തെ ദുഃഖകരമായ വിഷയം. വൃക്ഷങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇവിടെ ഇനിയൊരു പ്രസംഗം നടത്തേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിനെക്കുറിച്ച് ആർക്കെങ്കിലും സംശയമുണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മണിമംഗലത്തു കുട്ട്യാലിയുടെ പ്രസംഗത്തോടുകൂടി ആ സംശയവും ദൂരീകരിക്കപ്പെട്ടിട്ടുണ്ടായിരിക്കുമെന്നുള്ളതുകൊണ്ട് വനവൃക്ഷസംരക്ഷണത്തിന്റെ ആവശ്യകതയിലേക്ക് കടന്നുപോകാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നില്ല. വൃക്ഷങ്ങൾ സംരക്ഷിക്കുകയും മരം മുറിക്കൽ നിരോധിക്കുകയും കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തില്ലെങ്കിൽ അത് മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്കിടയാക്കും. അത് നമ്മുടെ പരിസ്ഥിതിയെത്തന്നെ ബാധിക്കുമെന്നുള്ള ഗുരുതരമായ പ്രശ്നത്തിലേക്ക് എത്തിച്ചേരുമെന്നുള്ളതുകൊണ്ട് വളരെയധികം പ്രാധാന്യമുള്ള ഒരു നിയമമാണിത്. മരങ്ങളെ മുറിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ഈ നിയമം പ്രാബല്യത്തിൽ വരുത്തേണ്ടതിന് വളരെ അടിയന്തിരമായ ആവശ്യമായിത്തീർന്നിരിക്കുകയാണ്. മരങ്ങൾ മുറിക്കുന്നതിനെതിരായി വൃക്ഷങ്ങൾ സംരക്ഷിക്കുന്ന ആവശ്യത്തിലേക്ക് ധാരാളം പ്രവർത്തനങ്ങൾ ഇൻഡ്യയിൽത്തന്നെ നടന്നിട്ടുണ്ടെങ്കിലും ഇപ്പോഴും അതിനുവേണ്ടി കർശനമായ നിയമങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ബ്രിട്ടീഷുകാർ ഇൻഡ്യ ഭരിച്ചിരുന്ന സന്ദർഭത്തിൽത്തന്നെ ഒരു ഫോറസ്റ്റ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. 1885-ൽ ഡൽഹൗസി പ്രഭു ഒരു ഫോറസ്റ്റ് പോളിസി ഇൻഡ്യയിൽ പ്രഖ്യാപിച്ചിരുന്നു. അതുപോലെ സ്വാതന്ത്ര്യത്തിനുശേഷം 1952-ൽ ഇൻഡ്യാ ഗവൺമെൻറ് ഒരു ഫോറസ്റ്റ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെയൊരു നയം പ്രഖ്യാപിക്കാത്തതിന്റെ ഫലമായിട്ടാണ് ഇൻഡ്യയിൽ മരങ്ങൾ സംരക്ഷിക്കാൻ കഴിയാതെ പോയിട്ടുള്ളതെന്നുള്ളതാണ് അവസ്ഥ. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കാനും അത് കർശനമായി നടപ്പിലാക്കാനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാനും സാധിക്കണം. വനംതന്നെ ശരിയായ നിലയിൽ സംരക്ഷിക്കാൻ കഴിയാത്ത ഒരു സ്ഥിതി വന്നിരിക്കുകയാണ്. വനസംരക്ഷണത്തിനാവശ്യമായ സ്റ്റാഫില്ലെന്നുള്ളതാണ് ഇന്നും നിലനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥ. അതുപോലെ വനസംരക്ഷണത്തിനു്, മരം മുറിക്കൽ തടയുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ള സജ്ജീകരണങ്ങളോ, ഉദ്യോഗസ്ഥൻമാർക്കു് ആധുനിക രീതിയിലുള്ള ഉപകരണങ്ങളോ കൊടുക്കുവാനുള്ള സംവിധാനങ്ങളും ഇതുവരെ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ലെന്ന പരിതഃസ്ഥിതി ഇപ്പോഴും നിലനിൽക്കുകയാണു്. ഓരോ ദിവസം കഴിയുംതോറും വനത്തിന്റെ വിസ്തൃതം കുറഞ്ഞു വരികയാണു്. ഈ പരിതഃസ്ഥിതിയിൽ വീട്ടുമുറ്റത്തും മറ്റു പ്രദേശങ്ങളിലുമൊക്കെയുള്ള വൃക്ഷങ്ങളും വെട്ടിമുറിക്കുന്ന സ്ഥിതിവിശേഷം വന്നു കഴിഞ്ഞാൽ അതു് കേരളത്തിൽ വളരെ ഗുരുതരമായ പരിതഃസ്ഥിതി ഉണ്ടാക്കും. പരിസ്ഥിതിസംരക്ഷണം തന്നെ അപകടപ്പെടുന്ന അവസ്ഥയിലേക്കു് ആണു് അതു് ചെന്നെത്താൻ പോകുന്നതു്. കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ധാരാളം മരങ്ങളും വെട്ടിനശിപ്പിക്കുന്ന നടപടി കേരളത്തിൽ ഇന്നു് വർദ്ധിച്ചുവരികയാണു്. ഇതു് വളർന്നുകൊണ്ടിരിക്കുന്ന മറ്റൊരാപത്താണു്. പട്ടണപ്രദേശങ്ങളിൽ കെട്ടിടങ്ങളും നിർമ്മിക്കുമ്പോഴും വലിയ മരങ്ങളും മുറിച്ചുനീക്കേണ്ട സ്ഥിതിയുണ്ടാകും.

സർ, ഇതിന്റെ ഫലമായി പരിസ്ഥിതി സംരക്ഷണത്തെ ബാധിക്കുന്ന പ്രശ്നങ്ങളും പട്ടണപ്രദേശങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണു്. പട്ടണങ്ങളിൽ പുതിയ കെട്ടിടങ്ങളും നിർമ്മിക്കുമ്പോഴും, ആ കെട്ടിടത്തിനു് ലൈസൻസു് കൊടുക്കുമ്പോഴും, വലിയ മരങ്ങളും വെട്ടിമാറ്റേണ്ട സ്ഥങ്ങളുണ്ടെങ്കിൽ ആ മുറിച്ചുമാറ്റേണ്ടുന്ന മരങ്ങൾക്കനുസൃതമായി പുതിയ വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതിനുള്ള നിയമം കേരളത്തിലുണ്ടാകണം. മഹാരാഷ്ട്രയിൽ ഇതിനുവേണ്ടിയുള്ള ഒരു നിയമം ഉണ്ടു്. അവിടെ പുതിയ കെട്ടിടങ്ങൾക്കു വേണ്ടി ലൈസൻസു് കൊടുക്കുമ്പോഴും വൃക്ഷങ്ങളും നശിപ്പിക്കുന്നുണ്ടെങ്കിൽ ആ നശിപ്പിക്കുന്ന വൃക്ഷങ്ങൾക്കു പകരം പുതിയ വൃക്ഷങ്ങളും വച്ചുപിടിപ്പിക്കണം എന്നൊരു നിബന്ധന മഹാരാഷ്ട്രയിലെ ബിൽഡിംഗ് ലൈസൻസ് റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. കേരളത്തിൽ ഇതു് വളരെ അടിയന്തിരമായ സ്ഥിതിവിശേഷമാണു് ഉളവാക്കിയിരിക്കുന്നതു്. ഇവിടെ പൊതുനിരത്തുകളിൽ മരങ്ങളും വെട്ടിനശിപ്പിക്കുന്ന അവസ്ഥ വളർന്നുകൊണ്ടിരിക്കുകയാണു്. കൂറ്റൻ കെട്ടിടങ്ങളും ഉയർന്നുവരുമ്പോഴും അവയുടെ മുമ്പിൽ ഒരു വലിയ മരമുണ്ടെങ്കിൽ കച്ചവടക്കാർക്കു് അസൗകര്യമാണെന്നു പറഞ്ഞു് ആ മരം നിർദ്ദാക്ഷിണ്യം വെട്ടി നശിപ്പിക്കുന്ന ധാരാളം അനുഭവങ്ങളും കേരളത്തിന്റെ നാനാഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ടു്. ഇങ്ങനെ മരങ്ങളും വെട്ടി മുറിക്കുന്നതു് തടയാൻ ഫലപ്രദമായ നിയമനിർമ്മാണമില്ല. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ പുതിയ കെട്ടിടങ്ങളും ഉയർന്നുവന്നപ്പോഴും പൊതുനിരത്തിലുള്ള മരങ്ങളും ചില രാസവസ്തുക്കളുപയോഗിച്ചു് നശിപ്പിച്ച അവസ്ഥയുണ്ടായി. ഇതിനു് ഫലപ്രദമായ നടപടികളും സ്വീകരിക്കുവാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥൻമാർക്കും സാധിക്കുന്നില്ല. ഇതിന്റെ ഫലമായി നമ്മുടെ പൊതുനിരത്തുകളിൽ വളർന്നുകൊണ്ടിരിക്കുന്ന മരങ്ങളുംതന്നെ വെട്ടി നശിപ്പിക്കുന്നതിനും ഉണക്കിക്കളയുന്നതിനുമുള്ള പ്രവണത വർദ്ധിച്ചുവരികയാണു്. ഇതു് കർശനമായി നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളും ഉണ്ടാകണം. അങ്ങനെ സമൂലമായി കേരളത്തിലെ മരങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള, വൃക്ഷങ്ങളും വെട്ടി നശിപ്പിക്കുന്നതു തടയാൻ വേണ്ടിയുള്ള കർശനമായ നടപടികളുണ്ടാകണം. ഇങ്ങനെയുള്ള നിയമങ്ങൾക്കുവേണ്ടി ഫലപ്രദമായ നടപടികളും നടപ്പാക്കാൻ യാതൊരു ആത്മാർത്ഥമായ ശ്രമവും നടക്കുന്നില്ലെന്നുള്ളതാണു് ഇന്നു് കാണുന്ന പ്രത്യേകത.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ വനംകൊള്ളയെക്കുറിച്ച് അപ്പുറത്തുനിന്ന് സംസാരിച്ച ശ്രീ. മണിമംഗലത്തു കുട്ട്യാലി ഒന്നും പറഞ്ഞില്ല. ഇവിടെ മരങ്ങൾ നഷ്ടപ്പെടാനും വനഭൂമി നഷ്ടപ്പെടാനും ഇടയായത് മലയോര കർഷകർക്ക് പട്ടയം കൊടുത്തതുകൊണ്ടാണെന്നും അമരാവതിയിൽ സഖാവ് എ. കെ. ജി. സമരം ചെയ്തതുകൊണ്ടാണെന്നും അപ്പുറത്തിനിന്നും പറയുന്നതു കേട്ടു. വനം കൊള്ളക്കാർക്ക് പട്ടയം കൊടുക്കണമെന്ന് സഖാവ് എ. കെ. ജി. ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. കാട്ടാനകളോടും മലമ്പനിയോടും മല്ലിട്ടു കൊണ്ട് മലയോരപ്രദേശത്തുപോയി തല ചായ്ക്കാൻ ഒരിടമില്ലാത്ത എല്ലാ കഷ്ടപ്പാടുകളും സഹിച്ച പാവപ്പെട്ട കൃഷിക്കാർക്ക് തല ചായ്ക്കാൻ ഇടം കൊടുക്കണമെന്നാണ് മാത്രമാണ് അമരാവതിയിലെ സമരത്തിൽ സഖാവ് എ. കെ. ജി. പറഞ്ഞത്. ഇവിടെ വനം നശിക്കാൻ ഇടയായത് അതിന്റെ ഫലം കൊണ്ടല്ല. 1953 വരെയാണ് കേരളത്തിൽ വനംകൊള്ള വ്യാപകമായി നടന്നതെന്ന് വനംകൊള്ളയെക്കുറിച്ച് അന്വേഷിച്ച കമ്മീഷൻ തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് വനം കയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കുകയാണ് സഖാവ് എ. കെ. ജി. ചെയ്തിട്ടുള്ളതെന്നും അതിന്റെ ഫലമായി നടത്തിയ സമരങ്ങളാണ് കേരളത്തിൽ വനവിസ്തൃതി കുറയാൻ ഇടയാക്കിയതെന്നുമുള്ള ആക്ഷേപം തികച്ചും അർത്ഥശൂന്യമാണ്. മലയോര പ്രദേശങ്ങളിൽ ദേഹണ്ഡങ്ങൾ സഹിച്ചുകൊണ്ട് കൃഷി ചെയ്ത കൃഷിക്കാരെ സംരക്ഷിക്കുവാൻ വേണ്ടി ഒരു അതിരുണ്ട്. അതെല്ലാം വനം കൊള്ളക്കാർക്കു വേണ്ടി ഒരിക്കലും കൂട്ടു നിന്നിട്ടില്ല. ഇവിടെ നിലനിൽക്കുന്ന വനസംരക്ഷണ നിയമവും വൃക്ഷങ്ങൾ മുറിക്കുന്നതു തടഞ്ഞുകൊണ്ടുള്ള നിയമവും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ ? ഈ നിയമം നടപ്പാക്കാൻ നമ്മുടെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് താല്പര്യമില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന മരം മുറിക്കൽ. ഇതിനെ സംബന്ധിച്ച് വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മരം മുറിക്കൽ തടയാനുള്ള നിയമം അവിടെ ഫലപ്രദമായി ഉപയോഗിക്കുവാൻ മന്ത്രിക്ക് സാധിക്കുമോ ? മന്ത്രി ഈ കാര്യത്തിൽ ഇടപെടാൻ തയ്യാറുണ്ടോ ? കണ്ണൂർ ജില്ലയിലെ ഒരു പ്രസിദ്ധമായ ഭൂമി തട്ടിപ്പിന്റെ കഥ കഴിഞ്ഞ നിയമസഭയിൽ ഞാൻ സൂചിപ്പിച്ചതാണ്. ചതിരൂർ മലയുടെ ഭൂമി കൈയടക്കിയതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ചതിരൂർ മലയ്ക്കപ്പുറത്ത് കരിക്കോട്ടക്കരിയിൽ 600 ഏക്കർ റവന്യൂ ഭൂമിയിൽ നിന്ന് വിലപിടിപ്പുള്ള മരങ്ങൾ വെട്ടിമാറ്റിയിരിക്കയാണ്. മരങ്ങൾ നിർദ്ദാക്ഷിണ്യം വെട്ടി നശിപ്പിക്കുകയാണ് ചെയ്തത്. ഇപ്പോൾ അവിടെപ്പോയാൽ ചുള്ളിക്കമ്പുകൾപോലും കാണാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്. 600 ഏക്കർ റവന്യൂ ഭൂമിയിൽ നിന്ന് ധാരാളം മരങ്ങൾ വെട്ടി നശിപ്പിക്കുകയും അത് കടത്തിക്കൊണ്ടു പോവുകയും കരിയാക്കി മാറ്റുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണ് കണ്ടുകൊണ്ടിരിക്കുന്നത്. പൈൻ മരങ്ങൾ, കാട്ടുപ്ലാവ് തുടങ്ങിയ വൻമരങ്ങളാണ് അവിടെ വെട്ടി നശിപ്പിച്ചിട്ടുള്ളത്. മരത്തിന്റെ പ്രധാന ഭാഗങ്ങൾ മാറ്റി കുറ്റികൾ മാത്രമാണ് നമുക്ക് അവിടെ പോയാൽ കാണാൻ കഴിയുന്നത്. കരിക്കോട്ടക്കരിയിലൂടെ നിത്യേന നമ്പർ പ്ലേറ്റില്ലാത്ത വാഹനങ്ങളിലാണ് മരങ്ങൾ കടത്തിക്കൊണ്ടിരിക്കുന്നത്. ആ പ്രദേശത്ത് ചെക്ക് പോസ്റ്റില്ല. അത് തടയാൻ ആവശ്യമായ നടപടികൾ, മന്ത്രിക്ക് അറിയാവുന്ന സ്ഥലങ്ങളിൽപ്പോലും ഏർപ്പെടുത്തിയിട്ടില്ല. മരം മുറിക്കൽ തടയണമെന്നുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥത എത്രത്തോളം ഉണ്ടെന്ന് മനസ്സിലാക്കാനുള്ള ഒരു ഉരക്കല്ലാണ്, 600 ഏക്കർ ഭൂമിയിൽ നടന്ന മരം മുറിക്കൽ ഇപ്പോഴും തടയാൻ സാധിച്ചില്ലെന്നുള്ള ദുഃഖകരമായ അവസ്ഥ. കരിക്കോട്ടക്കരിയിൽ സണ്ണിയുടെ ഫർണിച്ചർ കടയിൽ നിന്ന് ഫോറസ്റ്റ് ഫ്ളൈയിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സ്കാഡ് ഈട്ടിയിൽ നിർമ്മിച്ച കുറെ ഉരുപ്പടികളും പിടിച്ചെടുത്തു. ആ കേസ് തേച്ചുമാച്ച് കളയാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അവിടെ ഒരു സോ മില്ല് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വനപരിധിയോട് ചേർന്ന് അഞ്ചു കിലോമീറ്റർ ചുറ്റളവിൽ സോ മിൽ അനുവദിക്കുവാൻ പാടുണ്ടോ ? വനപരിധിയിൽ അഞ്ചു കിലോമീറ്ററിനുള്ളിൽ മാത്യു എന്നു പറയുന്ന ഒരാൾക്ക് സോ മിൽ സ്ഥാപിക്കുവാൻ അനുവാദം കൊടുത്തിരിക്കുകയാണ്. വനത്തിന്റെ അഞ്ചു കിലോമീറ്റർ ചുറ്റളവിൽ സോ മിൽ സ്ഥാപിക്കുന്നതിന്റെ ഫലമായിട്ട് സംഭവിക്കുന്നത് എന്താണ് ? മരങ്ങളെ യഥേഷ്ടം വെട്ടി നശിപ്പിച്ച് സോ മില്ലിൽ കൊണ്ടുപോയി പുറത്തേക്ക് കടത്തിക്കൊണ്ടു പോകുകയാണ് അവിടെ നടന്നു കൊണ്ടിരിക്കുന്നത്. അവിടെ വനവൃക്ഷങ്ങളെ വെട്ടി നശിപ്പിക്കുന്ന നിയമം എങ്ങനെയാണ് നടപ്പാക്കിയിട്ടുള്ളത് എന്നുള്ളതിന്റെ വലിയ ഉദാഹരണമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ 600 ഏക്കർ ഭൂമിയിലെ മരം മുറിക്കൽ മാത്രമല്ല വീണ്ടും വേറൊരു 600 ഏക്കർ ഭൂമിയിൽനിന്നുകൂടി മരം മുറിക്കാനുള്ള ഏർപ്പാടുകളും അവിടെ നടന്നുകൊണ്ടിരിക്കുന്നു. ഇത് മന്ത്രി അറിയാത്ത പ്രശ്നമായിരിക്കുകയില്ല. എന്നിട്ട് വീണ്ടും 60 ഏക്കറിൽക്കൂടി കടക്കാനുള്ള ആലോചനകളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അയ്യംകുന്ന് മലയിൽ നിക്ഷിപ്ത വനത്തിന്റെ കുറെ ഭാഗം കുറേപ്പേർക്കായി വീതിച്ചുകൊടുക്കാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഈ 600 ഏക്കർ കൂടാതെ വീണ്ടും 600 ഏക്കർ കൂടി കള്ളപ്പുറപ്പാട് ശീട്ടിന്റെ അടിസ്ഥാനത്തിൽ തട്ടിയെടുക്കാനുള്ള നീക്കമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള തകൃതിയായ നീക്കം സെക്രട്ടേറിയറ്റിൽ നടന്നുകൊണ്ടിരിക്കുന്നു. അഗ്രിക്കൾച്ചർ സെക്രട്ടറിയുടെ കയ്യിൽ ഇതിന്റെ ഫയൽ ഇരിക്കുകയാണ്. ഈ കാര്യത്തിൽ ഇടപെട്ട് അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ആ 600 ഏക്കർ ഭൂമി കൊടുക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്വകാര്യ നിക്ഷിപ്ത വനനിയമം നടപ്പിൽ വരുന്ന സമയത്ത് തന്നെ 15,000 ഏക്കർ വരുന്ന പാറക്കവലയിൽ ഉദ്ദേശം 3500 ഏക്കർ നിക്ഷിപ്ത വനമുണ്ടായിരുന്നു. ഈ മലയുടെ ഭൂജൻമി പാറപ്പുറം മമ്മൂഹാജിയാണ്. ആ ഭൂമിയാണ് ഇപ്പോൾ തട്ടിയെടുക്കാൻ വേണ്ടി നീക്കം നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ 1963-ൽ മരിച്ച പാറപ്പുറം മമ്മൂഹാജിയുടെ പേരിൽ പുറപ്പാട് ശീട്ട് കള്ളത്തരമായി അച്ചടിച്ച് വാക്കാൽ ചാർത്ത് എന്ന ഓമനപ്പേരിലാണ് ഇത്രയും സ്ഥലങ്ങൾ തട്ടിയെടുക്കാനുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. കോടതി പരിധിയിൽ 1956-ൽ വന്ന ഭൂമിയാണ് ഇത്. ഇത് ഇങ്ങനെ പലർക്കുമായി വീതിച്ചുകൊടുക്കുവാനും അതിലെ മരങ്ങൾ മുറിച്ച് എടുക്കുവാനുമുള്ള നടപടികളാണ് ആരംഭിച്ചുകൊണ്ടിരിക്കുന്നത്.

സർ, നിക്ഷിപ്ത വനഭൂമി സർവ്വെ ചെയ്ത് അളവെടുത്ത് ജണ്ടയിട്ടശ്രേഷ്മാണ് 143 ആളുകളുടെ പേരിൽ കൃത്രിമരിക്കാർഡുകളുണ്ടാക്കി, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ സ്വാധീനം ചെലുത്തിക്കൊണ്ട് ഈ ഭൂമി 143 ആളുകൾക്ക് കൊടുക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുന്നത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ലാൻഡ് ട്രൈബ്യൂണൽ റിക്കാർഡ് പരിശോധിച്ചാൽ ഇതു കാണാൻ സാധിക്കും. ആ 143 ആളുകളുടെ പേരുകളും എന്റെ കൈവശമുണ്ട്. ആ ആളുകളുടെ പേരുകൾ ഇവിടെ വായിക്കാൻ വളരെ വിഷമമാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ അത് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിക്കാം. ഈ 143 ആളുകളുടെ പേരിൽ ഭൂമി എഴുതിവച്ചുകൊണ്ട് കള്ള റിക്കാർഡ് ഉണ്ടാക്കിയിരിക്കുകയാണ്. മാളിക്കൽ വർക്കിയുടെ പേരിൽ ഒരു 15 ഏക്കർ, കൊമ്മന്റെ പേരിൽ ഒരു 6 ഏക്കർ, കുഞ്ഞച്ചന്റെ പേരിൽ ഒരു 5

LIBRARY ARCHIVES Kerala Legislative Assembly

ഏക്കർ, കുട്ടപ്പന്റെ പേരിൽ ഒരു 5 ഏക്കർ, മത്തായിക്ക് 11 ഏക്കർ, മാത്യു വിന് 15 ഏക്കർ, ഒരു ഭാസ്ക്കരന് 5 ഏക്കർ, കുഞ്ഞിപ്പക്കി എന്നു പറയുന്ന ആളുകളുടെ പേരിൽ കുറെ ഭൂമി ഇങ്ങനെയാണ് കള്ള റിക്കാർഡ് ഉണ്ടാക്കിയിരിക്കുന്നത്. ഞാൻ ആ ലിസ്റ്റ് വായിക്കുന്നില്ല. ഇങ്ങനെ 143 ആളുകളുടെ പേരിൽ കള്ളറിക്കാർഡുണ്ടാക്കി ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള വെട്ടിപ്പുനടത്തുന്നു. അതിനുള്ള കൃത്രിമമായ നീക്കം മന്ത്രിയുടെ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ കാര്യം, അറിയാതെയല്ല നടക്കുന്നത്. ഓരോ തെരഞ്ഞെടുപ്പുവരുമ്പോഴും മന്ത്രി ഈ കയ്യേറ്റക്കാരെ കാണാറുണ്ട്. തെരഞ്ഞെടുപ്പുകഴിഞ്ഞാൽ ആലോചിക്കാമെന്ന് മന്ത്രി പറയാറുണ്ട്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, അന്ന് ബഹുമാനപ്പെട്ട മെമ്പറോടെപ്പം കണ്ടതേയുള്ളു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഒരിക്കലും ശ്രീ നൂറുദ്ദീന്റെ കൂടെ പോയിട്ടില്ല. അങ്ങനെ പോകേണ്ട സ്ഥിതിയുണ്ടാകുമെന്ന് തോന്നുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുവന്നപ്പോഴും ഈ വിഭാഗക്കാർ വീണ്ടും ബന്ധപ്പെട്ടു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, ഭൂമി കൊടുക്കുന്നതിനെതിരായി കർശനമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് നിയമത്തിന് വിരുദ്ധമായിട്ട് പ്രവർത്തിക്കാൻ തയ്യാറാകാത്തതിന്റെ ഫലമായിട്ടാണ് ഇപ്പോഴും ആ പണി ഒപ്പിച്ചുകൊടുക്കാൻ സാധിക്കാത്തത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, ഈ വായിച്ച ലിസ്റ്റിൽപ്പെട്ട ആൾക്കാർ മന്ത്രിയുടെ പാർട്ടിക്കാർ തന്നെയാണോ? അതോ ഇലക്ഷനുവേണ്ടി കാണുന്നവരാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ 143 പേരിൽ ഈ ലിസ്റ്റിൽ പറയുന്ന ആൾക്കാർ ആരാണെന്ന് ശ്രീ. നൂറുദ്ദീന് നേരിട്ടറിയാം. ഒരു ബില്ലിന്റെ ചർച്ചയായതുകൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ഈ 143 ആളുകളുടെ പേര് അറിയാമെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അല്ല, പാർലമെന്റ് തെരഞ്ഞെടുപ്പാണ് ഇതിന്റെ ഒരു ഘടകമെന്ന് ഞാൻ നേരത്തേ പറഞ്ഞു. ആ പാർലമെന്റ് തെരഞ്ഞെടുപ്പു സമയത്ത് ഡി. എഫ്. ഒ. യെ നേരിട്ട് അവരുടെ അടുത്തയച്ച പ്രശ്നത്തിന് പരിഹാരമുണ്ടാക്കാം, തെരഞ്ഞെടുപ്പുകഴിഞ്ഞാൽ നോക്കാമെന്ന് പറഞ്ഞു. തെരഞ്ഞെടുപ്പുകഴിഞ്ഞപ്പോഴും ഉദ്യോഗസ്ഥൻമാർ മുഴുവൻ തെറ്റു ചെയ്യാൻ തയ്യാറല്ലാത്തതുകൊണ്ടാണ് സംഗതികളൊന്നും നടക്കാത്തത്. മന്ത്രി ആ കാര്യത്തിൽ ഇപ്പോഴും വാശിപിടിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ വൃക്ഷസംരക്ഷണത്തിനുവേണ്ടിയുള്ള നിയമങ്ങളുണ്ടാക്കാൻ പരിശ്രമിക്കുമ്പോഴും നമ്മുടെ കാടുകളും തന്നെ, നിക്ഷിപ്ത വനം തന്നെ പലർക്കുമായി പതിച്ചുകൊടുക്കാനും, മരം മുറിച്ചുമാറ്റാനുമുള്ള സംരംഭങ്ങളാണ് നടക്കുന്നത്. എന്തിനാണ് ഈ ഭൂമി? ആ ഭൂമിയിൽ കോടിക്കണക്കിന് ഉറുപ്പികയുടെ മരങ്ങളുണ്ട്. ആ മരങ്ങളെ ലക്ഷ്യംവച്ചുകൊണ്ടാണ് ഈ വലിയ തട്ടിപ്പുകളും നടന്നുകൊണ്ടിരിക്കുന്നത്. അവിടെയണെങ്കിൽ മറ്റൊരു പ്രശ്നമുണ്ട്. 800 ഏക്കർ ഭൂമിയിലും വേറെ ഒരു തട്ടിപ്പ് നടന്നി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയാണ്. ആ തട്ടിപ്പ് ആണ് കോഴിക്കോട് ഫോറസ്റ്റ് ട്രൈബ്യൂണലിൽ 800 ഏക്കർ ഭൂമി ഞാൻ നേരത്തേ പറഞ്ഞു മുൻ ജന്മിക്കുവേണ്ടി അനുവദിക്കാൻ ഉത്തരവിട്ടിരിക്കുകയാണ്. അതിനുവേണ്ടി ഒരു ബില്ല് നമ്മുടെ നിയമസഭയുടെ മുമ്പാകെ വന്നുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : സർ, ആങ്ങ് മരത്തെ സംബന്ധിച്ചും വനത്തെ സംബന്ധിച്ചുമാണെല്ലോ പ്രസംഗിക്കുന്നത്. കൊല്ലം ജില്ലയിൽ പുനലൂർ എം. എൽ. എ. ശ്രീ. സുരേന്ദ്രൻ പിള്ളയുടെ വീട്ടിലെ ഗേറ്റിന്റെ മുന്നിൽ ഒരു ഈട്ടിത്തടിയുടെ മൂട് വന്നിട്ടുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പത്രത്തിൽ കണ്ടതല്ലാതെ എനിക്ക് അതിന്റെ ഡീറ്റയിൽസ് ഒന്നും അറിയില്ല. വ്യക്തമായി എന്റെ കൈയിൽ വിവരം ഉള്ളവ മാത്രമേ ഞാൻ ഇവിടെ പറയാറുള്ളൂ. അതുകൊണ്ട് ഈ പറഞ്ഞ 143 ആളുകളെ സംബന്ധിച്ചുള്ള ഈ പ്രശ്നം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. അതുപോലെതന്നെ വീണ്ടും ഒരു 800 ഏക്കർ ഭൂമി ഫോറസ്റ്റ് ട്രൈബ്യൂണൽ അവർക്ക് വിട്ടുകൊടുത്തിരിക്കുന്നു. ആ 800 ഏക്കർ ഭൂമി അതുസംബന്ധിച്ചുള്ള നിയമനിർമ്മാണം വീണ്ടും ഇതിലേക്ക് വരാനിരിക്കുകയാണ്. 800 ഏക്കർ ഭൂമി വിട്ടുകൊടുക്കാൻ ഇടയായത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേസ് ഫലപ്രദമായി വാദിക്കാത്തതിന്റെ ഫലമായിട്ടാണ്. ഈ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് കേസ് വാദിപ്പിച്ചാൽ നമുക്ക് ഉള്ള വനങ്ങളും തന്നെ സംരക്ഷിക്കാനും, വൃക്ഷങ്ങളും മുറിക്കുന്നത് തടയാനും വല്ല ആത്മാർത്ഥതയും ഈ ഗവൺമെന്റിനുണ്ടെന്നു പറയാൻ സാധിക്കുമോ ? ഇങ്ങനെ ഒരു നിയമം എഴുതിവച്ചതുകൊണ്ട് മാത്രം നിയമം നടപ്പിലാക്കണമെന്നില്ല. നമ്മുടെ സംസ്ഥാനത്ത് എല്ലാ നല്ല നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ആ നിയമനിർമ്മാണം ശരിയായ രീതിയിൽ നടപ്പിലാക്കാൻ ഉള്ള സംവിധാനം ഇല്ലാത്തതുകൊണ്ടാണ് എല്ലാ നിയമങ്ങളും പരാജയപ്പെട്ടുകൊണ്ടിരിക്കുന്നത്. വൃക്ഷങ്ങൾ മുറിക്കുന്നതിനെ സംബന്ധിച്ചുള്ള ഈ നിയമത്തിന്റെയും ഗതി അങ്ങനെതന്നെയാകാൻ പാടില്ല. ഇന്ന് വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയും, വനം സംരക്ഷിക്കുന്നതിനുവേണ്ടിയും പരിസ്ഥിതി സംരക്ഷിക്കുന്നതിനു വേണ്ടിയും എത്രമാത്രം പ്രസംഗങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രസംഗങ്ങൾ നടത്തിയതുകൊണ്ട് പരിസ്ഥിതി സംരക്ഷണം നടക്കുകയില്ല. കാട്ടുകള്ളന്മാർക്ക് കൂട്ടുപിടിക്കുന്ന ഒരു സമീപനം സ്വീകരിക്കുന്ന ഒരു ഗവൺമെന്റിനു്, വൃക്ഷം സംരക്ഷിക്കുന്നതിനുള്ള ഈ നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുകയില്ലെന്നുള്ളതാണ് അനുഭവം. ചന്തിരൂർ മലയിലെ 200 ഏക്കർ വനഭൂമി 43 ആളുകൾക്കായി എഴുതിക്കൊടുത്ത കഥ നമുക്കറിയാം. ആ 43 ആളുകളുടെ പേരിൽ അഞ്ച് ഏക്കർ ഭൂമിയല്ലേ എഴുതിക്കൊടുത്തത് ? ആ 5 ഏക്കർ ഭൂമി എഴുതിക്കൊടുത്തത് ആ ഭൂമി കണ്ടിട്ടില്ല. അവിടത്തെ മരം മുറിച്ച് വിൽക്കാൻ വേണ്ടിയാണ്. അഞ്ച് കോടിരൂപയുടെ മരം ഈ 200 ഏക്കർ ഭൂമിക്കുള്ളിൽ ഉണ്ട്. ആ വിലപിടിപ്പുള്ള അഞ്ചു കോടി രൂപയുടെ മരം തട്ടിയെടുക്കാൻ ഡി. സി. സി. പ്രസിഡന്റ്, അദ്ദേഹത്തിന്റെ ഭാര്യ വിജയലക്ഷ്മിയുടെ പേരിൽ അല്ലേ 5 ഏക്കർ എഴുതിയത്. ഡി. സി. സി. പ്രസിഡന്റിന്റെ അമ്മ നാരായണിയുടെ പേരിൽ അല്ലേ 5 ഏക്കർ എഴുതി വച്ചത്. അയാളുടെ സഹോദരൻ സഹദേവന്റെ പേരിൽ 5 ഏക്കർ ഭൂമി എഴുതിവച്ചില്ലേ ? അങ്ങനെ ഓരോരുത്തരുടെയും പേരിൽ 5 ഏക്കർഭൂമി എഴുതിവച്ചു ഡി. സി. സി. ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയുടെ പേരിൽ ഭൂമി എഴുതിവച്ച് 200 ഏക്കർ ഭൂമി തട്ടിയെടുത്തത് ചതിരൂർ മലയിലാണ്. ആ ഭൂമി തട്ടിയെടുക്കാൻവേണ്ടിയുള്ള ശ്രമങ്ങളും നടന്നിട്ടുള്ളതു് മരത്തെ ലക്ഷ്യം വച്ചുകൊണ്ടാണ്. ആ 5 കോടി രൂപയുടെ മരം വെട്ടിവെളുപ്പിച്ച് കാശുണ്ടാക്കാൻ വേണ്ടിയുള്ള നടപടിയാണ് നടന്നു കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഈ പ്രശ്നത്തിന്റെ പേരിൽ കണ്ണൂർ ഡി. സി. സി. രണ്ടു ചേരിയായി പല രീതിയിലുള്ള സംഘർഷങ്ങളുണ്ടായ വിവരം ശ്രീ. കോടിയേരിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പല ചേരിയും ഉണ്ടായിട്ടുണ്ട് എന്നുള്ളതു് മാത്രമല്ല ഈ 200 ഏക്കർ ഭൂമി തട്ടിയെടുത്തത് കോൺഗ്രസ് (ഐ) ആണ്. ശ്രീ. ആന്റണി ഈ 600 ഏക്കർ 143 ആന്റണി കോൺഗ്രസ്സുകാർക്ക് കൊടുത്തു. 200 ഏക്കർ കോൺഗ്രസ് (ഐ) കാർക്ക് 600 ഏക്കർ ആന്റണി കോൺഗ്രസുകാർക്കും. അവിടെയും ഗ്രൂപ്പ് വഴക്ക് അവസാനിപ്പിക്കാനാണ് ശ്രമിച്ചത്. അങ്ങനെ ഓരോ ഗ്രൂപ്പിന്റെ പേരിലും ഓരോരുത്തരേയും പ്രീണിപ്പിക്കാൻ, ഭരണം നീലനിർത്താൻ എന്തും നടക്കട്ടെ, "കാട്ടിലെ ആന വലിയെടാവലി" എന്നുപറഞ്ഞതുപോലെ വനമല്ല ശ്രീ. നൂറുദ്ദീനെന്താ, ഗവൺമെന്റിനെന്താ ? ഈ വൃക്ഷങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി, വനം സംരക്ഷിക്കുന്നതിനുവേണ്ടി വല്ല ആത്മാർത്ഥതയും ഇന്ന് ഈ ഗവൺമെന്റിനു് ഉണ്ടോ ? അങ്ങനെ ഉണ്ടായിരുന്നെങ്കിൽ ഈ വകുപ്പിനു് നേതൃത്വം കൊടുക്കുന്ന മന്ത്രി എന്നുള്ള നിലയിൽ ഈ നിയമം നടപ്പാക്കാൻ അദ്ദേഹത്തിന്റെ സ്വന്തം നിയോജകമണ്ഡലത്തിൽ ആദ്യം തയ്യാറാകണം. അങ്ങനെ തയ്യാറാക്കാതെ വനം സംരക്ഷിക്കുന്നതിന്റെ പേരിൽ വൃക്ഷം സംരക്ഷിക്കുന്നതിന്റെ പേരിൽ മേനി നടിക്കരുത്. വൃക്ഷ സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിൽ വരുത്താൻ ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കണമെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കൂടുതൽ സൗകര്യങ്ങളും ഉണ്ടാക്കണം. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് ഫലപ്രദമായ പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ ആവശ്യമായ സംവിധാനങ്ങളും ഉണ്ടാക്കണം. അതിലേയ്ക്കുള്ള നടപടികളും സ്വീകരിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തിലെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയിൽ നിന്നു് മരം മുറിക്കുന്നതിനു് നിയന്ത്രണം ഏർപ്പെടുത്തുന്ന ഒരു നിയമമാണ് ഈ നടപടിയിലൂടെ ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വനം സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചുമൊക്കെ ദീർഘമായി പ്രതിപാതിക്കേണ്ടതുണ്ട് എന്നു് എനിക്കു തോന്നുന്നില്ല. കേരളത്തിന്റെ മലയോരങ്ങളും കാണാൻ സാധിച്ചിട്ടുള്ള ആർക്കും വനം സംരക്ഷിക്കുന്നതിനു് അല്ലെങ്കിൽ മരംസംരക്ഷിക്കുന്നതിനു് കാർക്കശ്യമുള്ള ഒരു നിയമം ആവശ്യമാണെന്നു് ബോദ്ധ്യമാകും. പക്ഷേ നമ്മുടെ നാട്ടിൽ വർഷംതോറും മരങ്ങളുടെ എണ്ണം കുറഞ്ഞുവരാനുള്ളകാരണം അങ്ങനെ ഒരു നിയമം നമ്മുടെ രാജ്യത്തു് ഇല്ലാത്തതുകൊണ്ടു് മാത്രമാണോ ? ഇതുപോലെ ഒരു നിയമം നിയമസഭ പാസ്സാക്കി അതിനു് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ നമ്മുടെ നാട്ടിലെ വനസമ്പത്തു് സംരക്ഷിക്കാൻ കഴിയുമോ ? ഈ രണ്ടു പാശ്ചാത്തലത്തിൽവേണം ഈ ബില്ലിനെ കാണാനും ബില്ലിലെ വ്യവസ്ഥകളെ നോക്കി കാണാനും ശ്രമിക്കേണ്ടതു് എന്നു് എനിക്കു തോന്നുന്നു. ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനമായും എഴുതിചേർത്തിട്ടുള്ളതു് സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്ത് വിവേചനരഹിതമായി വൃക്ഷങ്ങളും നശിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നുവെന്നാണ്. ആ ഒന്നാമത്തെ വാചകത്തിൽതന്നെ വിവേചനരഹിതമായി ഈ സംസ്ഥാനത്ത് മരംമുറി വ്യാപകമായി നടക്കുന്നു എന്ന ഒരു കുറ്റസമ്മതമുണ്ട്. അതിൽ ഏറ്റവും ഒടുവിൽ പറഞ്ഞിരിക്കുന്നത് ''ഇത് നിയന്ത്രണം ഏർപ്പെടുത്താനും സംസ്ഥാനത്തെ മലയോരപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നത് നിയന്ത്രിക്കുവാനും ഒരു നിയമം ഉണ്ടാക്കണമെന്ന് തീരുമാനിച്ചുവെന്നാണ്. ഇങ്ങനെ ഒരു നിയമം ഉണ്ടാക്കണമെന്ന് ആദ്യമായി ആലോചിച്ചപ്പോൾ ആദ്യഘട്ടത്തിൽ ഈ ബില്ലിന്റെ രൂപകൽപന നടത്തിയപ്പോഴാണ് ''സംസ്ഥാനത്തിലെ മലയോരങ്ങളിൽ കൃഷിചെയ്യുന്നത് നിയന്ത്രിക്കുകയുംകൂടി'' വേണമെന്നു തോന്നൽ സർക്കാരിനുണ്ടായത്. അങ്ങനെ വ്യാപകമായ ലക്ഷ്യം വച്ചുകൊണ്ടാണ് ഒരു നിയമനിർമ്മാണത്തിന് സർക്കാർ മുതിർന്നതെങ്കിലും പിന്നീട് ഒരല്പം കഴിഞ്ഞപ്പോൾ സർക്കാരിനു തന്നെ തോന്നി മലയോരങ്ങളിൽ കൃഷിചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടതില്ലെന്ന്. എന്തുകൊണ്ടാണ് സർ. ഇങ്ങനെ തോന്നിയത്? മലയോരങ്ങളിലാണ് നമ്മുടെ രാജ്യത്തിലെ വനസമ്പത്തിന്റെ അല്ലെങ്കിൽ മരങ്ങളും ഏറ്റവും കൂടുതലായിട്ടുള്ളത് ആ മരങ്ങളും കൂടുതലായിട്ടുള്ള പ്രദേശങ്ങളിൽ കൃഷിആവശ്യത്തിന് മരം മുറിക്കുന്നത് തടസ്സപ്പെടുത്താൻ പാടില്ലെന്ന് സർക്കാരിന് പിന്നെയും തോന്നി. എത്രതന്നെ സദുദ്ദേശം ഉണ്ട് എന്ന് മന്ത്രി പറഞ്ഞാലും ഗവൺമെന്റ് അതിനെക്കുറിച്ച് വ്യാഖ്യാനിച്ചാലും മരംമുറിയ്ക്കലും മരം കൊള്ളയും അതിലൂടെ വനനശീകരണവും നടക്കുന്നത് നമ്മുടെ നാട്ടിൻ പുറങ്ങളിലെ സ്വകാര്യവ്യക്തികം കൈവശം വച്ചിരിക്കുന്ന രണ്ട് ഏക്കർ ഭൂമിയിൽ അല്ല. അങ്ങനെ ഒരു സങ്കല്പത്തിലാണ് ഏറ്റവും ഒടുവിൽ സർക്കാർ എത്തിച്ചേർന്നിരിക്കുന്നത്. മരം വെട്ടി മാറ്റുന്നതും നശിപ്പിക്കുന്നതും മരം ഇല്ലാതാക്കുന്നതും പരിസ്ഥിതിയെ ആകെ തകിടം മറിക്കുന്നതും നമ്മുടെ നാട്ടിലെ രണ്ടേക്കർകാരനാണ് എന്ന നിഗമനത്തിലാണ് ഗവൺമെന്റ് എത്തിച്ചേർന്നിരിക്കുന്നത്. ആ നിഗമനംതന്നെ സർക്കാർ ഈ പ്രശ്നത്തെ എങ്ങനെയാണ് കാണുന്നത് എന്നുള്ളതിന്റെ ഏറ്റവും വ്യക്തമായ ഒരു തെളിവുകൂടിയാണ്. മലയോരങ്ങളിൽ ഇഷ്ടംപോലെ രണ്ടായിരക്കാരികളുടെ പിൻബലത്തോടുകൂടി വനഭൂമി കൈയേറാനും ആ വനഭൂമി കൃഷിഭൂമിയാണ് എന്നു കൃത്രിമരേഖ ഉണ്ടാക്കാനും ആ കൃത്രിമ രേഖകളുടെ പിൻബലത്തോടുകൂടി പിൽക്കാലത്ത് മരങ്ങളൊക്കെ വെട്ടിമാറ്റി അവിടം കൃഷിഭൂമിയാക്കി മാറ്റാനും കഴിഞ്ഞിട്ടുള്ള പ്രവണതകളാണ് നമ്മുടെ സംസ്ഥാനത്ത് നാളിതുവരെയുംകണ്ടുവന്നിട്ടുള്ളത്. ആ പ്രവണതക്കെതിരെ ശക്തിയായി സംസാരിക്കാനും അത് തടയുന്നതിനാവശ്യമായ ശക്തിയായ നിയമനിർമ്മാണം ഉണ്ടാക്കാനും ഏതായാലും ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നതായി കാണുന്നില്ല. ഞാൻ ഇതിൽ രാഷ്ട്രീയമൊന്നും പറയണമെന്ന് ഉദ്ദേശിക്കുന്നില്ല.

മറ്റൊന്ന് ഈ ബില്ലിലെ വ്യവസ്ഥകളിലൂടെ വനസംരക്ഷണംകൊണ്ട് മരം സംരക്ഷിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടിയാണെങ്കിൽ ഞങ്ങൾക്കാർക്കും അതിനെക്കുറിച്ച് ഒരു എതിരഭിപ്രായം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. പക്ഷെ ഒരു വകുപ്പുണ്ട്. അത് വകുപ്പുതിരിച്ചുള്ള ചർച്ചകം വരുമ്പോൾ പറയാമെങ്കിലും അത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വൃക്ഷങ്ങളുടെ കൊമ്പുകം മുറിക്കാൻ പാടില്ലായെന്നുള്ളത് ആണ് അത്. നേരത്തെ ഈ ചർച്ച തുടങ്ങിവച്ചുകൊണ്ട് സംസാരിച്ച മണിമംഗലത്തു കുട്യാലി ഒരു കാര്യം ചൂണ്ടുക്കാണിക്കുകയുണ്ടായി. നമ്മുടെ നാട്ടിൽ പച്ചിലവളങ്ങം കിട്ടുന്നില്ല. ഇവിടെയൊക്കെ എങ്ങനെയാണെന്ന് എനിക്ക് അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ നാട്ടിലും നൂറുദ്ദീൻ സാഹിബിന്റെ നാട്ടിലും നടക്കുന്ന ഒരു കാര്യം ഞാൻ പറയാം. അവിടെ ഓരോ വീട്ടുടമസ്ഥരും അവരുടെ സ്വന്തം ഭൂമിയിൽ നിന്നാണ് ആ പറമ്പിൽ ആവശ്യമായ, തെങ്ങിനോ കമുകിനോ ഒക്കെ ഇടാനുള്ള പച്ചില വളം സംഭരിക്കുന്നത്. അങ്ങനെ വീട്ടുവളപ്പിലുള്ള മരത്തിൽനിന്നും കൊമ്പുകൊംപെട്ടി അതിൽനിന്നുള്ള പച്ചില ഉപയോഗിച്ചാണ് സാധാരണ പച്ചില വളം ഉണ്ടാക്കുന്നത്. അത് മുറിക്കാൻ പാടില്ലെന്നാണ് നിയമം. ആ നിയമത്തിൽ ഒരു ഇളവുണ്ട്. മുറിക്കാൻ അനുവാദം ചോദിക്കാൻ പോകണമെന്നതാണ് അത്. എന്നു പറഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് സ്വന്തം വീട്ടു പറമ്പിൻമേലുള്ള അത്യാവശ്യം ചില്ലകളും, കൊമ്പുകളും വെട്ടിമാറ്റി പച്ചിലവളത്തിന് ഉപയോഗിക്കണമെങ്കിൽപ്പോലും ഉദ്യോഗസ്ഥൻമാരുടെ അടുത്തേക്ക് പോകണം. ഞാൻ ഉദ്യോഗസ്ഥൻമാരെ ആരെയും അടച്ച് ആക്ഷേപിക്കുവാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തണമെന്ന് കരുതുന്നില്ല. എല്ലാത്തരം അഴിമതികളുടെയും കാരണം ആവശ്യത്തിനും അനാവശ്യത്തിനും സർക്കാർ ആഫീസുകളെ സമീപിക്കേണ്ടിവരുന്നതിനുള്ള നിയന്ത്രണങ്ങളാണ് എന്ന്, അറിയുന്നവരാണ് ഈ രാജ്യത്തിലെ ജനങ്ങളെല്ലാം. പത്തു സെന്റു ഭൂമിയുള്ള ഒരാൾക്ക് തന്റെ വീട്ടിലെ അഞ്ചു തെങ്ങിന് പച്ചില വളമിടണമെങ്കിൽപോലും ഒരു വില്ലേജ് ഓഫീസറുടേയോ അല്ലെങ്കിൽ ഇവിടെ പറയുന്നതുപോലെ നിയുക്തമാകുന്ന ഓഫീസറുടേയോ അനുവാദ പത്രത്തിനുവേണ്ടി പോകണം. ഇത്രയൊക്കെ കാർക്കശ്യം നല്ലതാണോ ? എന്നാൽ ഇത്രയൊക്കെ കാർക്കശ്യം നടപ്പിലായാൽ പൊതുവെ 33 ശതമാനം സ്ഥലത്ത് മരങ്ങൾ ഉണ്ടായിരിക്കണമെന്ന നമ്മുടെ ആഗ്രഹം സാധിക്കാൻ ഈ നിബന്ധനകൾ കൊണ്ട് കഴിയുമോ ? അങ്ങനെ കഴിയുമായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. പക്ഷേ അങ്ങനെ സാദ്ധ്യമല്ലാത്ത അവസ്ഥാവിശേഷം നമ്മുടെ രാജ്യത്തുണ്ട്. അതുകൊണ്ടാണ് ഞാൻ ആദ്യം ഇത് ചൂണ്ടിക്കാണിച്ചത്. പ്രധാനപ്പെട്ട മേഖലകളേയും പ്രദേശങ്ങളേയും അവഗണിച്ച് ഒറ്റപ്പെട്ട പാവപ്പെട്ടവന്റെ പ്രദേശത്ത് അവന്റെ കൈവശമുള്ള ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനുവേണ്ടിയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുക എന്ന ഒരു അവസ്ഥാ വിശേഷത്തിലേക്ക് എത്തിച്ചേരുന്നു. പത്തിനം മരങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. മുമ്പ് ഇങ്ങനെ ആയിരുന്നില്ല. ബിൽ കൊണ്ടുവരാൻ ഉദ്ദേശിച്ച കാലത്ത് ആഞ്ഞിലികൂടി ഇതിന്റെ പരിധിയിൽപ്പെടുത്തിയിരുന്നു. ആ ആഞ്ഞിലിയെ ഇപ്പോൾ വിട്ടുകളഞ്ഞു. ഇപ്പോൾ ആഞ്ഞിലിയും വിട്ടു, മലയോരത്തേയും വിട്ടു. ഇതിന് എന്തെങ്കിലും രാഷ്ട്രീയമുണ്ടോ അതോ ഏതെങ്കിലും സമ്മർദ്ദമുണ്ടോയെന്ന് ഒന്നും ഞാൻ പറയുന്നില്ല. ഇതിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ചു മാത്രമേ ഞാൻ ചോദിക്കുന്നുള്ളു. അങ്ങനെ എല്ലാ ഉദ്ദേശവും ആദ്യംമുതൽതന്നെ സ്വയം പിച്ചിച്ചീന്തിക്കൊണ്ടാണ് ഈ ബിൽ രൂപകൽപ്പന നടത്തുകയും അത് നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തത്. ഞാൻ അതേ പറയാൻ ആഗ്രഹിക്കുന്നുള്ളു. എന്ത് ഉദ്ദേശിച്ചുകൊണ്ട് ഈ ബിൽ കൊണ്ടുവരാൻ ഗവൺമെന്റിന് പ്രേരണ ഉണ്ടായോ അതിൽ തുടക്കത്തിൽത്തന്നെ മായം ചേർത്തു. ഈ ബില്ലിന്റെ അന്തസത്തയെ ചോർത്തിക്കളയുന്നതിനുള്ള ഗൂഢാലോചന ആദ്യംമുതലേ നടന്നുവരുന്നു എന്ന് ചൂണ്ടിക്കാണിക്കുകയാണ്. സർക്കാരിന്റെ ആത്മാർത്ഥതയെക്കുറിച്ചൊക്കെ കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ ഒരൊറ്റ കാര്യം മാത്രമേ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നുള്ളു. അത് ചതിരൂർ മലയെക്കുറിച്ചുതന്നെയാണ്. ചതിരൂർ മലയിലെ ഒരിഞ്ചുഭൂമിപോലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നഷ്ടപ്പെട്ടില്ലായെന്നാണ് ഗവൺമെന്റിന്റെ ഭാഷ്യം. പക്ഷേ അതുസംബന്ധിച്ച് വിവാദങ്ങൾ ഉണ്ടായപ്പോൾ നിയമസഭയിൽതന്നെ പറഞ്ഞതനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ച് അന്വേഷിക്കാൻവേണ്ടി ജില്ലാകളക്ടറെ ചുമതലപ്പെടുത്തി. ജില്ലാ കളക്ടർ റിപ്പോർട്ടും നൽകി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് എൻക്വയറി നടത്താൻ ഉത്തരവ് ഇട്ടിട്ടുണ്ടെന്നും നാലു മാസങ്ങൾക്കുമുമ്പ് മന്ത്രി ഉറപ്പു നൽകുകയും ചെയ്തു. എൻക്വയറി പൂർത്തിയായതിനെപ്പറ്റിയും അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും അറിവായിട്ടില്ല. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ആ എൻക്വയറിയും ഒത്തുതീർപ്പിന്റെ ഭാഗമായി മരവിച്ചിരിക്കുകയാണ്. മരം സംരക്ഷിക്കാൻ ഗവൺമെന്റിന് താൽപ്പര്യമുണ്ടായിരുന്നു എങ്കിൽ രാഷ്ട്രീയക്കാരെയും മറ്റു വ്യക്തികളേയും മാറ്റി നിർത്തണമായിരുന്നു. സർക്കാരിന്റെ കൈവശമുള്ള വനഭൂമി തട്ടിയെടുക്കുക എന്ന ലാക്കോടുകൂടി കൃത്രിമ രേഖകൾ ഉണ്ടാക്കി കൈവശം വയ്ക്കാൻ ചിലർ ശ്രമിച്ചുവെന്നുള്ളത് സമ്മതിക്കാതിരിക്കാൻ നിവർത്തിയില്ല. ആ ശ്രമം ജയിക്കുമോ ഇല്ലയോ എന്നതിനെക്കുറിച്ചൊക്കെ ഗവൺമെന്റ് പറയട്ടെ. അങ്ങനെ കൃത്രിമ രേഖകൾ ഉണ്ടാക്കി വനഭൂമി കൈയ്യടക്കാൻ ശ്രമിച്ചു എന്നതിന്റെ പേരിൽ ഒരു പെറ്റീഷൻ കൊടുക്കാൻ ഈ ഗവൺമെന്റിന് ഇന്നേവരെ കഴിഞ്ഞോ ? അങ്ങനെ കൊടുത്തില്ലെങ്കിൽ എന്താണ് അപകടം ? അങ്ങനെ കൊടുത്തില്ലെങ്കിൽ പത്തോ പതിനഞ്ചോ വർഷങ്ങൾക്കുശേഷം അഞ്ച് ഏക്കർ ഭൂമി കൈവശമുണ്ട് എന്നു പറയുന്ന ആ വ്യക്തി അവിടെചെന്ന് മരം മുറിക്കാൻ ശ്രമിക്കുമ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ തടയും. തടയുമ്പോൾ ഇപ്പോൾ അഞ്ച് ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്ന ആ 43 പേരിൽ ആരെങ്കിലും ഒരാൾ കോടതിയിൽ ചെല്ലും. കോടതിയിൽ ചെല്ലുമ്പോൾ അവരുടെ കയ്യിൽ ഒരു രേഖ ഉണ്ടായിരിക്കും, ഡിപ്പാർട്ടുമെൻറിന് ആ രേഖ ശരിയല്ലായെന്നു സ്ഥാപിക്കാനുള്ള എന്തെങ്കിലും ഒരു ഒബ്ജക്ഷൻ ആ കാലത്ത് ഇല്ലാതിരുന്നതുകൊണ്ട് മറ്റു കേസുകളിൽ നിരന്തരമായി സംഭവിക്കുന്നതുപോലെ അങ്ങനെ ഒരു ഒബ്ജക്ഷനേ ഉണ്ടായിട്ടില്ല, ഇപ്പോൾ ആ കടലാസ് എവിടെയാണ് എന്നൊക്കെയായിരിക്കും കോടതിയുടെ ചോദ്യം. മുച്ചിക്കുണ്ട് കേസിലും ഒടുവിൽ അങ്ങനെയാണ് എത്തിയത്. മുച്ചിക്കുണ്ടിലെ വനഭൂമിയിൽ അവസാനം ഇങ്ങനെ ആയിരുന്നു. കൈവശമുള്ള രേഖ അവർക്ക് അനുകൂലമാണ് എന്നാണ് കോടതി വിധിച്ചത്. അത് കൃത്രിമമായി ഉണ്ടാക്കിയതാണോ അല്ലയോ എന്നുള്ളത് മറുപാർട്ടിയാണ് തെളിയിക്കേണ്ടിയിരുന്നത്. അവർക്ക് അതു തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ചതിരൂർ മലകേസിലും അതുപോലെ ഗവൺമെന്റിന് സ്വന്തം കേസ് തെളിയിക്കാൻ കഴിയില്ല.

കഴിഞ്ഞ നാലരവർഷക്കാലമായി ഈ സംസ്ഥാനത്തിനകത്ത് ഗുരുതരമായ ഒരു പ്രശ്നം വനം സംബന്ധിച്ച് നടന്നിട്ടുണ്ട്. ഒരുപാടുകേസുകൾ കോടതിയുടെ, ഹൈക്കോടതിയുടെ, സുപ്രീംകോടതിയുടെ അതുപോലെതന്നെ ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ മുമ്പാകെവന്നു. ആ വന്ന കേസുകളിൽ എത്രയെണ്ണം ഗവൺമെന്റിന് അനുകൂലമായി വിധിയുണ്ടായി എന്നു പരിശോധിക്കാമോ ? അങ്ങനെ പരിശോധിച്ചാൽ മഹാ ഭൂരിപക്ഷം കേസുകളിലും ഗവൺമെന്റിന്, എതിരായിട്ടാണ് ഈ പറയുന്ന കോടതികളും ട്രൈബ്യൂണലുകളും വിധിച്ചിട്ടുള്ളത് എന്ന് കാണാൻ കഴിയും. ഓരോ കേസും ഓരോന്നോരോന്നായി എണ്ണി ഇവിടെ പറയണമെന്ന് ആഗ്രഹിക്കുകയാണ്. പക്ഷെ ഓരോ കേസിലും അങ്ങനെ സംഭവിച്ചിരിക്കണം. സംഭവിക്കുമ്പോഴെല്ലാം ബഹുമാനപ്പെട്ട കോടതിയായാലും ഫോറസ്റ്റ് ട്രൈബ്യൂണലായാലും ഒരു ഒബ്സർവേഷൻ നടത്താറുണ്ട്, നടത്തിയിട്ടുണ്ട്. എന്താണ് ഒബ്സർവേഷൻ ? ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിന് അവരുടെ വാദം ശരിയാണെന്നു സമർത്ഥിക്കാൻ സാധിച്ചിട്ടില്ല എന്ന ഒബ്സർവേഷൻ.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അർത്ഥമെന്താണ് ? അതായിരിക്കും ശ്രീ. താമരാക്ഷൻ ഇവിടെ സംസാരിച്ചപ്പോൾ ഒത്തുകളി നടക്കുന്നുണ്ടോ എന്നു പറഞ്ഞത്. അങ്ങനെയൊന്നും ഞാൻ പറയുന്നില്ല. ആ ഒബ്സർവേഷൻവച്ച് കാര്യങ്ങൾ പരിശോധിക്കാൻ ശ്രമിക്കുമ്പോൾ കേസിൽ സർക്കാർ തോൽക്കുകയാണ്. കേസിൽ തോൽക്കുന്ന അപ്പസ്ഥാവിശേഷമുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഗവൺമെൻറിനാണ്. ഗവൺമെൻറ് നിലവിലുള്ള നിയമങ്ങൾ വച്ചുകൊണ്ട് ആ നിയമം കർക്കശമായി പാലിക്കുന്നതിൽ ആത്മാർത്ഥമായ സമീപനം കാണിക്കുന്നില്ലായെന്നുള്ളതുകൊണ്ടാണ് നമ്മുടെ വനങ്ങൾ നശിച്ചുപോകാൻ ഇടയായിട്ടുള്ളത്. അതുകൊണ്ട് ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഇതിന്റെ ആത്മാർത്ഥത തെളിയിക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ ഒന്നും ഇല്ലായെന്നു മാത്രമല്ല തുടക്കത്തിൽത്തന്നെ വെള്ളം ചേർക്കാൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഖേദകരമാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.'

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിന്റെ ആശയഗതിയോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇങ്ങനെ ഒരു നിയമനിർമ്മാണം ആവശ്യമായിവന്ന സാഹചര്യത്തിൽ ഉദ്ദേശം കാര്യങ്ങൾ വിശദീകരിക്കുന്നതിൽത്തന്നെ ഗവൺമെൻറ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ നിയമമുണ്ടായതുകൊണ്ട് എല്ലാമായോ എന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കണം. നിലവിലുള്ള എല്ലാ നിയമങ്ങളും നിലനിൽക്കുമ്പോൾതന്നെ ആ നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ അപാകതയും അതിലെ ആത്മാർത്ഥയില്ലായ്മയും ഏത് ആവശ്യത്തിനുവേണ്ടിയാണോ കൊണ്ടുവന്നിട്ടുള്ളത് ആ ആവശ്യത്തിനെതിരായി സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് സഹായിക്കുന്നുണ്ട് എന്നു അനുഭവങ്ങൾകൊണ്ട് നമുക്കറിയാം. ഇവിടെയും ഈ ഗവൺമെൻറ് ഇങ്ങനെ ഒരു നിയമനിർമ്മാണം കൊണ്ടുവന്നതുകൊണ്ട് മാത്രമായോ ? ഈ നിയമനിർമ്മാണം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിച്ചതിനുശേഷവും നമ്മുടെ സംസ്ഥാനത്തെ വനത്തിന്റെ വിസ്തീർണ്ണം കുറയുകയും വനംകൊള്ള വ്യാപകമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ ആത്മാർത്ഥതയോടുകൂടി ഗവൺമെൻറിന് നടപ്പിലാക്കാൻ കഴിയുമോ എന്ന് ഞാൻ സംശയിക്കുന്നു. ഇവിടെ വനത്തിന്റെ കണക്കുകളെക്കുറിച്ച് സൂചിപ്പിച്ചു. ദേശീയ അടിസ്ഥാനത്തിൽത്തന്നെ 33 ശതമാനം വനം വേണമെന്നുള്ള കണക്കുകളൊക്കെ ഉണ്ടെങ്കിലും കേരളത്തിൽ 24 ആയി കുറഞ്ഞിരിക്കുന്നു എന്നോക്കെ ഇവിടെ പറഞ്ഞു. എന്നാൽ സംസ്ഥാന ഗവൺമെൻറിനുതന്നെ എത്ര വനം ഉണ്ട് എന്നതിനെക്കുറിച്ച് കണക്കുണ്ടോ എന്ന് എനിക്ക് സംശയമാണ്. നിയമസഭയുടെ പെറ്റിഷൻറ് കമ്മിറ്റി ഈ കാര്യത്തെക്കുറിച്ച് ചില അന്വേഷണങ്ങൾ നടത്തി ഒരു റിപ്പോർട്ട് ഇവിടെ സമർപ്പിച്ചു. ഈ റിപ്പോർട്ടിനകത്ത് പറഞ്ഞിരിക്കുന്നത് എത്ര വനമുണ്ടെന്ന് സർക്കാരിനുതന്നെ വിവരമില്ല എന്നാണ്. ഇവിടെ ഐ.എസ്.ആർ.ഒ. യുടെ കണക്ക് ശ്രീ. താമരാക്ഷൻ പറഞ്ഞു. എന്നാൽ എർത്ത് സയൻസ് സ്റ്റാഡീസിന്റെ കണക്കനുസരിച്ച് കേരളത്തിൽ 6 ശതമാനം മാത്രമേ വനമുള്ളൂ. 33 ശതമാനം വേണ്ടതിനുപകരം 6 ശതമാനം മാത്രം വനമുള്ള സംസ്ഥാനത്ത് ഈ 6 ശതമാനം എന്നു പറയുന്നത് എത്രയോ കുറവാണ്, താഴെയാണ് എന്ന് നമുക്കറിയാം. അതുകൊണ്ട് വനം സംരക്ഷിക്കണം, വനസമ്പത്തിനെ സംരക്ഷിക്കണം. പ്രകൃതി സംരക്ഷിക്കാൻ കഴിയണമെങ്കിൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചേ സാധിക്കുകയുള്ളൂ. ഗവൺമെൻറ് ഇപ്പോൾ പറയുന്നു ക്ലിയർ ഫില്ലിംഗ് ഞങ്ങൾ നടത്തുന്നില്ലായെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

പ്പെറിഷൽ കമ്മിറ്റി പറഞ്ഞിട്ടുണ്ട് ക്ലീയർഫില്ലിംഗ് നടത്താൻ പാടില്ല എന്ന്. സെലക്ഷൻ ഫില്ലിംഗ് എന്ന പേരിൽ ഇന്ന് പല സ്ഥലത്തും ക്ലീയർ ഫില്ലിംഗ് നടക്കുന്നുണ്ട് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. കഴിഞ്ഞ നാളുകളിൽ കുറെ സംഭവങ്ങളെ കുറിച്ച് പത്രങ്ങളിൽ വരികയുണ്ടായി. വന സംരക്ഷണ നിയമം വരികയും കേന്ദ്ര ഗവൺമെൻറ് നിർബന്ധമായിട്ട് ഈ വന സംരക്ഷണ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിനുശേഷവും നമ്മുടെ സംസ്ഥാനത്ത് ഈ നിയമങ്ങളെയെല്ലാം ലംഘിച്ചുകൊണ്ട് മരം മുറിക്കുന്നുണ്ട്. അതിന് പല അനുവാദങ്ങളും കൊടുക്കുന്നുണ്ട് എന്നുള്ള കാര്യം ഒരു സത്യമാണ്. തിരുവനന്തപുരത്ത് പാലോട് റേഞ്ചിലെ കല്ലാർവാലിയിലെ മഴക്കാടുകളിൽ മെസേഴ്സ്. ഹയ്ക്കും എക്സ്പോർട്ട് കമ്പനിക്ക് ഒരു മിനറൽ പ്രോജക്ട് ആരംഭിക്കുന്നതിന് ഹൈ ടെൻഷൻ ലൈൻ വലിക്കാൻ 10 മീറ്റർ വീതിയിൽ മെർക്കിംഗ് സ്റ്റോൺ എസ്റ്റേറ്റിൽനിന്ന് തടി വെട്ടിമാറ്റുന്നതിനുള്ള അനുവാദം കൊടുത്തു. ഇതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൽ നിയമം നിലനിൽക്കേ എങ്ങനെ സംസ്ഥാന ഗവൺമെൻറിന് അനുവദിക്കാൻ കഴിയും. പാർലമെൻറിൽ ശ്രീ. തമ്പാൻ തോമസ് എം.പി. ഇതിനെക്കുറിച്ച് ഒരു ചോദ്യം ഉന്നയിച്ചു. ഈ ചോദ്യത്തിന് പാർലമെൻറിൽവന്ന മറുപടി സംസ്ഥാനത്തിന് അങ്ങനെ നിർദ്ദേശം കൊടുത്തിട്ടില്ലായെന്നും കേന്ദ്ര ഗവൺമെൻറ് ഒരു കാരണവശാലും വനം വെട്ടിമാറ്റുന്നതിനും തടി മുറിക്കുന്നതിനും അനുവാദം കൊടുത്തിട്ടില്ലായെന്നുമാണ്. കേന്ദ്രഗവൺമെൻറ് അനുവാദം കൊടുത്തിട്ടില്ല. സംസ്ഥാന ഗവൺമെൻറ് അനുവാദം കൊടുത്തിട്ടുണ്ടോ ? ഈ സമയത്ത് വളരെ പഴക്കമുള്ള ഈട്ടിത്തടി ആ മേഖലയിൽനിന്ന് ധാരാളം വെട്ടിക്കൊണ്ടുപോയി. ബഹുമാനപ്പെട്ട മന്ത്രി ഇന്നു വരികയാണെങ്കിൽ അതിൻെറ കുറ്റി കാണിക്കാം. പൊൻമുടിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് വരുമ്പോൾ 19-ാമത്തെ വളവിൻെറ വലതു വശത്ത്. ഇന്നു വന്നാൽ കാണാം. നാളെ വന്നാൽ ചിലപ്പോൾ മാന്തിക്കൊണ്ട് പോകുമോ എന്ന് എനിക്കറിയില്ല. 10 സ്പേഷ്യസിലുള്ള മരങ്ങൾ സംരക്ഷിക്കണമെന്നും സ്വകാര്യ ഭൂമിയിലുള്ളത് സംരക്ഷിക്കണമെന്നും പറയുന്നതോടൊപ്പംതന്നെ ഈ നിയമങ്ങളെയെല്ലാം മറികടന്നുകൊണ്ട് ചില കമ്പനികൾക്കും ചില നിക്ഷിപ്ത താൽപ്പര്യങ്ങൾക്കുംവേണ്ടി ഇന്നും ഗവൺമെൻറ് അനുവാദം കൊടുക്കുന്നുണ്ട് എന്നുള്ളതാണ് ശരി. വനംകൊള്ള വ്യാപകമാകുകയല്ലേ ഇവിടെ. ഇപ്പോൾ ശബരിമലയിൽ സമീപമുള്ള 18 മലകളിൽ സെലക്ഷൻ ഫില്ലിംഗ് എന്ന പേരിൽ അവിടെയുള്ള മരങ്ങളെല്ലാം വെട്ടിമാറ്റി കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വീണ്ടും ശബരിമലയുടെ വികസനത്തിന് സ്ഥലം കൊടുത്തു. അതും വെട്ടിമാറ്റാൻ പോവുകയാണ്. ഇങ്ങനെ നിയമം നിലനിൽക്കേതന്നെ ഓരോ പ്രത്യേക സാഹചര്യങ്ങളിൽ കൂടുതൽ കൂടുതൽ മരങ്ങൾ മുറിച്ചു മാറുന്നതിനും വനം ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കുകയാണ്. മുക്കൂറ്റുതറക്ക് അടുത്ത് മുക്കൽപ്പെട്ടി എന്നു പറയുന്ന ഒരു പ്രദേശം ആകെ ആ മേഖലയിലുള്ള ഒരു വനപ്രദേശമാണ്. മുക്കംപ്പെട്ടി വനത്തിൽ ഇപ്പോൾ വ്യാപകമായി മരങ്ങൾ മുറിച്ചു മാറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ പത്രങ്ങളിലും വന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി എന്തു ചെയ്തു എന്ന് എനിക്കറിയില്ല. മുക്കംപ്പെട്ടി വനം നശിപ്പിക്കുന്നതിനെതിരെ, അവിടെ വന നശീകരണത്തെ എതിർത്തുകൊണ്ട് ഒരു സമിതി രൂപീകരിച്ച് ജനങ്ങൾ സംഘടിതമായി ഇതിനെ എതിർക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. അപ്പോൾ ഒരു ഭാഗത്ത് നിയമം വേണമെന്ന് പറയുകയും, ഫലപ്രദമായി നടപ്പിലാക്കണമെന്ന് പറയുകയും വനത്തിൻെറ സംരക്ഷക്കായി നമ്മുടെ മന്ത്രി എല്ലായിടത്തും പ്രസംഗിക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തിൻെറ അധികാരത്തിൻെറ,

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ മൂക്കിനുതാഴെതന്നെ വനം വെട്ടി മാറ്റുകയും വനം നശിപ്പിക്കുകയും ചെയ്യുന്ന ധാരാളം നടപടികളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മാനന്തവാടിയിലെ പഞ്ചാരക്കൊല്ലി എന്ന സ്ഥലത്ത് ആദിവാസികളുടെ പേരിലാണ് വനം കൊള്ള നടക്കുന്നത്. ആദിവാസികളുടെ പേരിൽ പട്ടയമുണ്ടാക്കി കോൺട്രാക്ടർമാർ തന്നെ തടി വിലയും തറവിലയും ആദിവാസികൾക്കുവേണ്ടി കെട്ടി അവിടെനിന്ന് മരം മുറിച്ച് മാറ്റുന്നതിന് വേണ്ട സൗകര്യത്തിനുള്ള നടപടികളും ഉണ്ടാക്കുകയാണ്. ഇപ്പോൾ അവിടെത്തന്നെ വനംവകുപ്പ് നേരിട്ട് ക്ലീയർ ഫില്ലിംഗ് നടത്താൻ തീരുമാനിച്ചു എന്നാണ് ഞാൻ മനസിലാക്കുന്നത്. അങ്ങനെ തീരുമാനിച്ചു കഴിഞ്ഞതിനുശേഷം ആദിവാസികൾക്കുവേണ്ടി ഒരു ചായത്തോട്ടം ഉണ്ടാക്കാൻ തീരുമാനിച്ചു. അതും ആദിവാസികളുടെ രക്ഷക്കുവേണ്ടിയല്ല. അവർ ചായത്തോട്ടമുണ്ടാക്കി ജീവിച്ചുകൊള്ളട്ടെ എന്നുള്ളതുകൊണ്ടല്ല. ആദിവാസികൾക്കുവേണ്ടി ചായത്തോട്ടമുണ്ടാക്കുമ്പോൾ കൊള്ളാവുന്ന മരംവെട്ടി മാറ്റാനുള്ള സൗകര്യമുണ്ടാകും. മറ്റുമാത്രം മനസിൽ കണ്ടുകൊണ്ടാണ് ഇത് ചെയ്യുന്നത്.

അതുപോലെ തന്നെ വയനാട്ടിലെ കബനിനദിയിൽ രൂപംകൊണ്ട 600 ഹെക്റ്റർ ഉള്ള കുറവ ദ്വീപ് എന്ന ഒരു ദ്വീപുണ്ട്. ആ 600 ഹെക്ടറുള്ള കുറവ ദ്വീപിലെ മുഴുവൻ മരങ്ങളും വെട്ടിമാറ്റി അവിടെ ഔഷധ ചെടികൾ വെച്ചു പിടിപ്പിക്കാൻ പോകുകയാണ്. ആ ദ്വീപിലാണ് ഒരു സമയത്ത് നമ്മുടെ സംസ്ഥാനത്ത് കിട്ടാത്ത വളരെ പ്രധാനപ്പെട്ട പല ഔഷധ ചെടികളും ഉള്ളത് അവിടെ തീയിട്ട് ആ ഔഷധ ചെടികളെല്ലാം കരിച്ച്, അതെല്ലാം നശിപ്പിച്ചുകഴിഞ്ഞതിനുശേഷം സോഷ്യൽ ഫോറസ്ട്രിയുടെ ഔഷധച്ചെടികൾ ഇപ്പോൾ അവിടെ വച്ചുപിടിപ്പിക്കാൻ പോകുകയാണ്. സോഷ്യൽ ഫോറസ്ട്രിയുടെ ഔഷധച്ചെടി എങ്ങനെയാവും എന്ന് നമുക്കൊക്കെ അറിയാമല്ലോ. 600 ഹെക്ടർ വിസ്തീർണം ഉള്ള സ്ഥലത്തെ മരം വെട്ടിമാറ്റണമെന്നതാണ് ഈ പദ്ധതിയുടെയും പരിപാടി. അതുപോലെതന്നെ പുതിയ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നതിന്റെ പേരിൽ പലപ്പോഴും ഇനിയുള്ള 6% വനം തന്നെ ഇല്ലാതാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുകയാണ്. വയനാട്ടിലെ ബേപ്പൂർ കാടുകളിൽ അവശേഷിച്ചിരുന്ന സ്വാഭാവിക വനം കൂടി വെട്ടി ഔഷധത്തോട്ടത്തിന് കൊടുക്കാൻ ഇപ്പോൾ തീരുമാനിച്ചു. ഔഷധത്തോട്ടത്തിന് കൊടുക്കാൻ തീരുമാനിച്ചു എന്ന് മാത്രമല്ല വന്യമൃഗങ്ങൾ ഔഷധ തോട്ടത്തിൽ വന്ന് ഔഷധച്ചെടികൾ തിന്നു കളയുന്നു എന്നുള്ളതുകൊണ്ട് കറണ്ട് പാസ് ചെയ്യുന്ന കമ്പി വലിച്ചുകെട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. കറണ്ട് പാസ് ചെയ്യുന്ന കമ്പി വലിച്ചു കെട്ടിയാൽ മൃഗങ്ങളിൽ നിന്നും ഔഷധച്ചെടികളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാം എന്നുള്ളത് ആരുടെ കിറുക്കാണ് ഇതുപോലുള്ള ഭ്രാന്തമായിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ വൃക്ഷ സംരക്ഷണത്തിനും വനസംരക്ഷണത്തിനും വേണ്ടി വാദിക്കുന്നതോടോപ്പം തന്നെ ഈ ഡിപ്പാർട്ടുമെന്റിൽ മറ്റു പല നടപടികളും നടക്കുന്നുണ്ട് എന്നുള്ളതുകൊണ്ടാണ് ഇതിൽ ഗവൺമെന്റിന് എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നു ഞാൻ ചോദിച്ചത്. പശ്ചിമഘട്ടത്തിൽ അവശേഷിക്കുന്ന കല്ലിക്കോടൻ കാട് വെട്ടിതെളിക്കാൻ വേണ്ടി തീരുമാനമെടുത്തു എന്നാണ് തോന്നുന്നത്. അതുപോലെ തന്നെ മൂന്നാറിൽ മാങ്കുളം തുടങ്ങിയ പ്രദേശങ്ങളിൽ അവിടെയുള്ള മരങ്ങളെല്ലാം വെട്ടിമാറ്റി ഇപ്പോൾ ബാക്കിയുള്ള പ്രദേശത്ത് ജനങ്ങളെ കൈയേറാനും തുടങ്ങിയിരിക്കുന്നു എന്നാണ് കേട്ടത്.

സർ അതുപോലെതന്നെ കഴിഞ്ഞ വർഷങ്ങളിൽ ഇടുക്കി ജില്ലയിൽ ആയിരം ഹെക്ടർ ഭൂമി ഏലത്തോട്ടത്തിന് ലീസിന് കൊടുത്തു. അതിന്റെ ഫലമായി പിന്നെ മരങ്ങളെല്ലാം വെട്ടി മാറ്റുന്നതിനുള്ള സൗകര്യമുണ്ടായി. ഇനി ഇപ്പോൾ പട്ടയവും ബാക്കിയുള്ള പ്രശ്നങ്ങളുമായിട്ട് അവശേഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കുറെ നാളുകൾക്കു മുൻപ് ഏലത്തോട്ടത്തിന് ഇനി ലീസിന് സ്ഥലം കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞ് സംസ്ഥാന ഗവൺമെൻറ് ഒരു സ്റേറ പുറപ്പെടുവിച്ചു ഇപ്പോഴും ആസ്റേറ പിൻവലിക്കാനും വീണ്ടും ഏല തോട്ടത്തിനു വേണ്ടി ഫോറസ്റ് ലാൻഡ് കൊടുക്കാനും ഉള്ള നടപടികൾ സ്വീകരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ ഈ സംസ്ഥാനത്ത് വനം നശിപ്പിക്കാൻ വേണ്ടി ഡിപ്പാർട്ടുമെൻറ് തന്നെ കൂട്ടുനിൽക്കുന്നതിൻെറ ഉദാഹരണങ്ങൾ ചൂണ്ടികാണിക്കാനുണ്ട്. സമയ കുറവുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. നെല്ലിയാംപതിയിൽ മരം മുറിക്കാൻവേണ്ടി തന്നെ അതിൻെറ നടുക്ക് ഒരു അണ കെട്ടി അങ്ങനെ അണ കെട്ടി വെള്ളം നിറുത്തുന്നതു കൊണ്ട് വേരഴുകുന്ന സമയത്തു മരങ്ങൾ ഉണങ്ങുന്നു. ഉണങ്ങുന്ന മരം വെട്ടിമാറ്റണം എന്ന് പറഞ്ഞ് അവിടെയുള്ള ചില പ്രമാണിമാരൊക്കെകൂടി കോടതിയിൽ പോയി, അതുപോലെതന്നെ ഈ മരത്തിൻെറ വേരിൽ മെർക്കുറി കുത്തിവച്ചിട്ട് ഉണങ്ങിയ മരം. വെട്ടിമാറ്റണം എന്നു പറഞ്ഞ് കോടതിയിൽ അനുവാദത്തിന് പോകുകയാണ്. ഈ ഡിപ്പാർട്ടുമെൻറിൻെറ അനുവാദമില്ലാതെ നെല്ലിയാംപതിയിൽ അണകെട്ടാനും അവിടെ ജലം സംഭരിക്കാനും ഈ മരം ഉണക്കി കളയാനുള്ള പ്രവണത തടയുന്നതിന് നടപടികൾ സ്വീകരിക്കാൻ ആർക്കെങ്കിലും കഴിയുമോ ? ഫോറസ്റ് ഉദ്യോഗസ്ഥൻമാരുടെയും ഗവൺമെൻറിൻെറയും അറിവോടുകൂടി സംസ്ഥാനത്തെ ചില പ്രമാണിമാർ ഇത് ചെയ്യുകയാണ്. ഏതായിരുന്നാലും കോടതി ഒരു കാര്യം ചെയ്തു ഫോറസ്റ് റിസർച്ച് ഇൻസ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞൻമാർ പരിശോധിച്ചു കഴിഞ്ഞിട്ട് എങ്ങനെയാണ് ഉണങ്ങിയതെന്നു പരിശോധിച്ചിട്ട് പിന്നെ തീരുമാനിക്കാം എന്നു കോടതി പറഞ്ഞിട്ടല്ലേ അത് നിൽക്കുന്നത്. അതുപോലെ എത്ര എത്ര നടപടികൾ ഈ സംസ്ഥാനത്ത് നടക്കുന്നു. ഇതുപോലുള്ള സാഹചര്യത്തിൽ നമുക്ക് നിയമം ഉണ്ടായതുകൊണ്ട് മാത്രമായില്ല. ഈ നിയമം നടപ്പാക്കണമെങ്കിൽ അതിനുവേണ്ടി ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാകണംമെന്നാണ് ഞാൻ സൂചിപ്പിച്ചത്. വനം സംരക്ഷിക്കുകയാണോ വനം നശിപ്പിക്കുകയാണോ ഫോറസ്റ് ഡിപ്പാർട്ടുമെൻറിൻെറ പ്രധാനപ്പെട്ട തൊഴിൽ എന്നതിനെ സംബന്ധിച്ച് അവർക്ക് ഒരു വ്യക്തതയില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം പ്രകൃതിയെ സംരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് അതല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത്, രാജ്യത്ത് ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ച് ബോദ്ധ്യപ്പെട്ടുകൊണ്ട് ഈ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന വിധത്തിൽ ഫോറസ്റ് ഡിപ്പാർട്ടുമെൻറിനെ തന്നെ പുനസംഘടിപ്പിക്കാൻ അവർക്ക് റീഓറിയൻേറഷൻ അല്ലെങ്കിൽ അവരെ ആ വിധത്തിൽ കൊണ്ടു വരുന്നതിന് ഒരു ശ്രമം നടത്താത്തിടത്തോളം കാലം പണ്ടുള്ള കാലം മുതൽ കൂപ്പും ആ കൂപ്പിൻെറ ശതമാനവും അതിൻെറ കമ്മീഷനും മാത്രമായിരുന്ന ആളുകൾക്ക് ഇക്കാര്യത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. അതുകൊണ്ട് അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാതെ അടിസ്ഥാനപരമായിട്ടുള്ള നടപടികൾ സ്വീകരിക്കാതെ ഒരു നിയമം കൊണ്ടുവന്നതുകൊണ്ട് മാത്രം ആ നിയമത്തിൻെറ അടിസ്ഥാനത്തിൽ കാര്യങ്ങൾ നേരെയായി കൊള്ളും എന്നു പ്രതീക്ഷിക്കുന്നത് ശരിയായിരിക്കുകയില്ല എന്നു സൂചിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ കാട് കയറുകയില്ല. സീതിഹാജി ഞങ്ങളോട് സംസാരിച്ചത് ഓപ്പൺ യൂണിവേഴ്സിറ്റിയിൽനിന്നും അദ്ദേഹം ഫോറസ്ട്രിയിൽ ഡോക്ടറേറ്റിനു ഒരു തീസിസ് തയ്യാറാക്കുകൊണ്ടിരിക്കുകയാണ് എന്നാണ്. കുറച്ചു നാൾ കഴിഞ്ഞാൽ ഡോക്ടർ സീതിഹാജി എന്ന നാമധേയത്തിൽ അദ്ദേഹം അറിയപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി : അപ്പോഴം ചികിൽസക്ക് അവിടെ വരരുതെ.

ശ്രീ. എം. എം. ഹസ്സൻ : അങ്ങയുടെ നിയോജകമണ്ഡലത്തിലെ ആളുകളം ചിലപ്പോഴം പനിക്കോ, വല്ല വയറുവേദനക്കോ ചികിൽസക്ക് വന്നെന്നുവരും. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. ഇവിടെ വന സംരക്ഷണനിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നമ്മുടെ പരി: സ്ഥിതി സംരക്ഷണത്തിൽ വനസംബത്ത് കാത്തു രക്ഷിക്കേണ്ടതിനെ കുറിച്ചാണ് ബഹുമാനപ്പെട്ട പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചത്. ഈ സഭയിൽ പലപ്പോഴും വളരെ ഗൗരവപൂർവമായി നാം ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. ഈ നിയമത്തെ വളരെയധികം പ്രശംസനീയമായ നിലയിൽ തന്നെയാണ് പ്രതിപക്ഷത്തുള്ള മെമ്പർമാരും സ്വാഗതം ചെയ്തത്. എന്റെ സുഹൃത്ത് ശ്രീ. കാനം രാജേന്ദ്രന് സംശയം നിയമം നല്ലതാണെങ്കിലും നടപ്പാക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകുമോ എന്നതാണ്. കഴിഞ്ഞ ഒന്ന്, രണ്ട് വർഷക്കാലമായി ഓർഡിനൻസ് നിലവിലുണ്ട്. ഈ ഗവൺമെന്റിന്റെ നിരവധി നിയമങ്ങളം, ഓർഡിനൻസുകളുടെ നമ്മം ഇപ്പോഴ റീപ്ലയിസ് ചെയ്യാൻ പോകുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : ഓർഡിനൻസു വന്നു കഴിഞ്ഞതിനുശേഷം നടന്ന കാര്യങ്ങളെ കുറിച്ചാണ് ഞാൻ പറഞ്ഞത് അതുകൊണ്ടാണ് സംശയമുണ്ടായത്.

ശ്രീ. എം. എം. ഹസ്സൻ : ആശങ്ക വേണ്ട ഇപ്പോഴ ക്ലീയർ ഫെല്ലിംഗ് നിർത്തലാക്കി. ഈ നിയമങ്ങളുടെ ഫലമായിട്ട് 10 ഇനം മരങ്ങളം വെട്ടി മുറിക്കുന്നതിന് മുൻകൂട്ടി അനുവാദം വേണമെന്നുള്ള തീരുമാനം ഉണ്ടാക്കി. ഇപ്പോഴ അതിനുശേഷം വരുന്ന സ്വകാര്യ നിക്ഷിപ്തത വന ഭൂമിയെ സംബന്ധിച്ചിടത്തോളം നമുക്ക് നഷ്ടപ്പെട്ടുപോയ വന ഭൂമി വീണ്ടെടുക്കാനുള്ള നിയമനിർമ്മാണം വരുന്നു. ഇതിന്റെയെല്ലാം ഫലമായി വന സംരക്ഷണ രംഗത്ത് കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടെന്നാണ് എനിക്കു പറയാൻ തോന്നുന്നത്. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളതുപോലെ വന സംരക്ഷണ കാര്യത്തിൽ ഇത്രയും താൽപ്പര്യം പ്രത്യേകിച്ച് ശ്രീ. കെ. പി. നൂറുദ്ദീൻ വനം വകുപ്പു മന്ത്രിയായതിനുശേഷം നടന്നിട്ടുള്ള നടപടികളം ഈ രംഗത്ത് വളരെയധികം മാറ്റങ്ങളം ഉണ്ടാക്കുന്നതിന് ഉപകരിച്ചിട്ടുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല നമ്മളം ഈ വന സംരക്ഷണത്തിന്റെ കാര്യത്തിൽ വളരെയധികം താൽപ്പര്യം എടുക്കുന്നു. നമ്മുടെ പ്രകൃതിയുടെ നിലനിൽപ്പിന് ബാലൻസ് നിലനിർത്താൻ വനം ആവശ്യമാണ്. നമ്മുടെ കാലാവസ്ഥ നിയന്ത്രിക്കുന്നതിന് വന സമ്പത്തുകൊണ്ട് സാധിക്കും ഇതെല്ലാം വളരെ പ്രധാന്യമാണ്. ഞാൻ നേരത്തെ മണിമംഗലത്ത് കുട്ട്യാലിയോടു പോരിച്ചതുപോലെ പണ്ട് നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ടതാണ് വനം. ഈ ലൗകീക ജീവിതത്തിലെ ക്ലേശങ്ങളും കുന്നായ്മയും കണ്ട് ആരെങ്കിലും മനസമാധാനത്തിനായി വനവാസത്തിനുപോയി, തപോവനത്തിനുള്ളിൽ പോയി തപസ് അനുഷ്ടിക്കാം എന്നു വിചാരിച്ചാൽ അങ്ങനെയുള്ള ആളുകൾക്ക് ഇവിടെ നിബിഡ വനങ്ങളം ഇല്ലാതെ പോയാൽ വളരെ ബുദ്ധിമുട്ടാണ്, ബേബിജോണിനെ പോലെയുള്ള ആളുകളം, ബഹുമാനപ്പെട്ട നയനാരെ പോലുള്ള ആളുകളം ഉണ്ട്, അവർക്കൊക്കെ ഈ ശിഷ്ട ജീവിതം സമാധാന പരമായിട്ട്, ഇത്തരത്തിലുള്ള ആക്രമങ്ങളോ, അന്യായങ്ങളോ ഒന്നും കാണാതെ സമാധാനത്തോടുകൂടി എവിടെയെങ്കിലും പോയി ഇരിക്കണം എന്നു വിചാരിച്ചാൽ അതിന് കുറെ നിബിഡ വനം വേണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ തപോവനം തിരുവനന്തപുരത്തുള്ളത് ബഹുമാനപ്പെട്ട സുഹൃത്തിനറിയാമോ ? നിങ്ങളുടെ നേതാവ് ശ്രീ.കെ. കരുണാകരനെ അങ്ങോട്ടയയ്ക്കാൻ പോകുന്നു എന്ന് പറഞ്ഞതു ശരിയാണോ.

ശ്രീ. എം. എം. ഹസ്സൻ : കരുണാകരനെ അയയ്ക്കാൻ പോകുന്നു എന്നല്ല പത്രവാർത്ത വന്നത് .നായനാർക്കും പി. കെ. വാസുദേവൻ നായർക്കും. ബേബിജോണിനുമൊക്കെ ആവശ്യമുണ്ടെങ്കിൽ തപോവനത്തിൽ പോകാം കെ. പി. പ്രഭാകരന്റെയും ഒക്കെ പേരാണ് വന്നത്. വനം വേണം കാരണം ഇന്നത്തെ നമ്മുടെ ജീവിതത്തിൽ ഈ കൊള്ളരുതായ്മകളും ഗുരുത്തമില്ലായ്മ ഇതൊക്കെ കണ്ടിട്ട് മനംമടുത്ത് മനസമാധാനത്തോടുകൂടി എവിടെ എങ്കിലും പോയി സുഖമായിട്ട് ഇരിക്കാമെന്നു വിചാരിച്ചാൽ അതിന് കുറച്ച് വനം വേണം പണ്ട് ശ്രീരാമൻ എല്ലാം ഉപേക്ഷിച്ച് പോയി, എല്ലാം ഉപേക്ഷിച്ച് പോകാൻ പലരും ഇവിടെ തയ്യാറായിരിക്കുന്നു. അവർക്ക് ഘോരവനങ്ങളില്ലാതാകുന്നത് കഷ്ടമാണ്.

ശ്രീ. പി. സീതിഹാജി : ഈ വനം ഇവിടെ ഇല്ലാതായത് ഈ രാജ്യത്ത് പതിനായിരക്കണക്കിന് പ്ലാന്റേഷനുകളും ഉണ്ട്. സർക്കാരിന്റെ ഇടുക്കി പദ്ധതി മലംപുഴ പദ്ധതി പീച്ചി പദ്ധതി ഇതിന്റെയൊക്കെ പേരിൽ ആയിരകണക്കിന് ഏക്കർ ഫോറസ്റ്റ് അങ്ങനെ നശിച്ചുപോയി. അതു പോലെതന്നെ പ്ലാന്റേഷൻ കോർപ്പറേഷനും ആയിരക്കണക്കിന്, പതിനായിരക്കണക്കിന് ഏക്കർ ഭൂമി, വന ഭൂമി എടുത്തു. അത് വെട്ടിമാറ്റി റബ്ബർ വച്ചു. അങ്ങനെ ഈ രാജ്യത്ത് വികസനത്തിന് വേണ്ടി ഈ സർക്കാർ ചെയ്ത കാര്യങ്ങളൊക്കെ വനം കൊള്ള വനം കൊള്ള എന്നു പറഞ്ഞു ആക്ഷേപിക്കുന്നത് ശരിയാണോ.

ശ്രീ. എം. എം. ഹസ്സൻ : ഞാൻ സീതിഹാജി വനം കൊള്ള നടത്തി എന്ന് ഒരിക്കലും പറഞ്ഞിട്ടില്ല പറയുകയുമില്ല അങ്ങനെ ചില ആളുകൾ സത്യത്തിൽ ഇവിടെ പ്രചരിപ്പിക്കുന്നത്, സീതിഹാജി രാജ്യത്തെ മുഴുവൻ വനങ്ങളും വെട്ടിവെളുപ്പിച്ചു എന്നാണ്. അദ്ദേഹം പറഞ്ഞതാണ് ശരി അണക്കെട്ടുണ്ടായി നിരവധി വികസന പദ്ധതികളും ഉണ്ടായി അതിന്റെ ഫലമായിട്ട് വനങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട് അതിനൊരു പരിഹാരം എന്നുള്ള നിലയിലാണ് സൈലന്റ് വാലി നമ്മൾ ഉപേക്ഷിക്കണമെന്നു പറഞ്ഞത്. കാരണം സൈലന്റ് വാലി വികസനത്തിനു വേണ്ടി ആണെങ്കിലും സൈലന്റ് വാലി പദ്ധതി ഉപേക്ഷിച്ചില്ലെങ്കിൽ നമ്മുടെ വന സമ്പത്ത് കാര്യമായി നഷ്ടപ്പെടുമെന്നുള്ള ചിന്താഗതികൊണ്ടാണ്. ഈ ചിന്താഗതികളും എല്ലാം കൂടി സമന്വയിപ്പിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു പോകാൻ മാത്രമേ സാധിക്കുകയുള്ളൂ. അതിന്റെ ഫലമായിട്ടാണ് ഈ നിയമം ആവശ്യമായി തീർന്നത്. വന സമ്പത്ത് സംരക്ഷിക്കണം എന്നു പറയുമ്പോൾ, തടിയുടെ ആവശ്യം ക്രമാനുഗതമായി കൂടിവരികയാണ്.

സർ, മരംവെട്ട് പൂർണ്ണമായി നിരോധിക്കുന്നത് പ്രായോഗികമായ കാര്യമല്ല. അത് ബുദ്ധിമുട്ടുള്ള കാര്യമാണ്, കാരണം മരത്തിന്റെ ആവശ്യമുണ്ട്. മരത്തിന്റെ മുഴുവൻ ആവശ്യങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. കേരവൃക്ഷം പോലെതന്നെ ഫലപുഷ്ടിയുള്ളതാണ് മറ്റു മരങ്ങളും എന്നുള്ളതിനെക്കുറിച്ച് ദീർഘമായ പ്രബന്ധം അവതരിപ്പിച്ച ആളാണ് മരം പൂർണ്ണമായി വെട്ടണമെന്ന് പറഞ്ഞാൽ എങ്ങനെ നടക്കും. പക്ഷെ അതിനു ചില നിയന്ത്രണങ്ങളും ആവശ്യമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ക്ലിയർ ഫെല്ലിംഗ് നിരുത്തലാക്കിയതിന്റെ ഫലമായി ഇന്ന് മരംമുറി സ്വാഭാവിക

LIBRARY ARCHIVES Kerala Legislative Assembly

മായി ഉണ്ടായി. അതിന്റെ ഫലമായി മണ്ണൊലിപ്പുണ്ടായി. ഏലത്തോട്ടങ്ങളിൽ തണൽ നിയന്ത്രണത്തിന്റെ പേരിൽ മരങ്ങളും മുറിക്കാനിടവന്നു. അങ്ങനെ അണക്കെട്ടുകളിൽ മണ്ണ് വന്നടിഞ്ഞു. ഭൂമിയിൽ വെള്ളം പിടിച്ചു നിറുത്താൻ ശേഷിയില്ലാതായി. വരൾച്ചയും വെള്ളപ്പൊക്കവുമൊക്കെയുണ്ടായി. അതുകൊണ്ടാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം ഇന്ന് ആവശ്യമായി വന്നത്. ഇവിടെ 10 ഇനം മരങ്ങളെപ്പറ്റിയാണ് നിർദ്ദേശമുണ്ടായിട്ടുള്ളത്. അതിൽ ചന്ദനം, തേക്ക്, ഇരുൾ, തേമ്പാവ്, കമ്പകം, ചെമ്പകം, ചടച്ചി, ചന്ദനവേപ്പ് ഇവയാണ്

ശ്രീ. ജി. വരദൻ : സർ, ഹൈറേഞ്ചിൽ ഏലത്തോട്ടത്തിന് പേരിൽ വൻ മരങ്ങളെ കുത്തകെ പാട്ടക്കർഷകർ വെട്ടിക്കൊണ്ടു പോകുന്നുണ്ട്. അതിനുള്ള കാരണം എന്നു എന്നു തെറിയുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഏലത്തോട്ടങ്ങളിൽ നടക്കുന്ന കാര്യങ്ങളെ കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. അതു വാസ്തവത്തിൽ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. നേരത്തെ തണൽ നിയന്ത്രണത്തിന്റെ പേരിൽ അവിടെ മരം മുറിച്ചുമാറ്റി. അതിന്റെ ഫലമായിട്ട് ആ ഭൂമി റവന്യൂ ഭൂമിയായി മാറുകയും അതു കാലക്രമത്തിൽ പലരും കയ്യടക്കുകയും ചെയ്യുന്ന കഥയാണ് യഥാർത്ഥത്തിൽ നമുക്ക് ഭീഷണിയായിട്ടുള്ളത്. അതിനെ ഫലപ്രദമായി നേരിടണം. വനഭൂമിയിൽ റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും കൂടിയുള്ള ഒരു ഡ്യൂവൽ കൺട്രോളാണ് നടത്തുന്നത്. അത് വനസംരക്ഷണത്തിന് തടസ്സമാണ്. ഇന്നത്തെ ഈ നിയമനിർമ്മാണംകൊണ്ട് ആ തടസ്സം ഒഴിവാക്കാൻ കഴിയും. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽത്തന്നെ.....

ശ്രീമതി കെ. ആർ. ഗൗരി : ഈ കാർഡമം ഭൂമിയിലെ തടി ഫോറസ്റ്റ് വകുപ്പിന്റെതാണ്. അതുപോലെ അതു റവന്യൂ വകുപ്പിന്റെതുമാണ്. പക്ഷേ തടി വെട്ടിക്കൂടായെന്നു കൊടുക്കുമ്പോൾ ഒരു വ്യവസ്ഥയുണ്ട്. ഇവിടെ ഇപ്പോൾ ഈ 5 തടി മാത്രമാണ് അല്ലെങ്കിൽ 10 തടി വെട്ടരുതെന്നേയുള്ളു. എന്നാൽ ഒരൊറ്റ തടിയും വെട്ടിക്കൂടെന്നാണ് മറ്റേ നിയമത്തിലെ വ്യവസ്ഥ. കാർഡമം ഭൂമി ഇങ്ങനെ കൊടുക്കുമ്പോൾ, അത് ലീസ്സായാലും മാറ്റു വിധത്തിലായാലും കാർഡമം ഭൂമിയിൽ കാർഡമം മരങ്ങൾ പാട്ട ഉള്ളതിൽപ്പോലും വെട്ടിക്കൂടെന്ന് സ്പെസിഫിക്കായിട്ട് വ്യവസ്ഥയുണ്ട്. ഇതിൽ ഇപ്പോൾ വെട്ടാമെന്നാണ് വ്യവസ്ഥ. 10 തടികൾ വെട്ടരുത്, മറ്റു തടികളൊക്കെ വെട്ടിക്കൊള്ളാം.

ശ്രീ. എം. എം. ഹസ്സൻ : സർ, അതു തടയുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത്.

ശ്രീ. കെ. ആർ. ഗൗരി : അല്ലെന്നാണ് പറഞ്ഞത്. ഇതിൽ 10 തടിയും വെട്ടിക്കൂടാ. മറ്റു തടികൾ മുഴുവൻ വെട്ടാമെന്നാണ്. ഇതിൽ ഗവൺമെന്റ് ഭൂമിയും ചേർത്ത് കുഴപ്പമുണ്ടാക്കുകയാണ്. പ്രൈവറ്റ് ഭൂമിയാണെങ്കിൽ നമുക്ക് മനസ്സിലാക്കാം.

ശ്രീ. എം. എം. ഹസ്സൻ : അതുകൊണ്ട് 10 മരങ്ങൾ വെട്ടുന്നത് നിയന്ത്രിക്കാനുള്ളതിൽ തേക്കും ഈട്ടിയും മാത്രമാണ് വനപ്രദേശങ്ങളിൽ അല്ലാതെ വ്യാപകമായി കാണുന്നത്. ബാക്കിയുള്ളതെല്ലാം വനപ്രദേശങ്ങളിൽത്തന്നെയാണ്. ഇങ്ങനെ നിയന്ത്രിക്കുന്നതിന്റെ ഫലമായിട്ട് സത്യത്തിൽ സ്വകാര്യ വനഭൂമിയെന്നു നമ്മൾ വിശേഷിപ്പിക്കപ്പെടുന്ന പ്രദേശങ്ങളിലും അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ മറ്റു സ്വകാര്യഭൂമിയിലും ഏലത്തോട്ടങ്ങളിലുമൊക്കെ മരം വ്യാപകമായി മുറിക്കുന്നത് തടയാൻ കഴിയുമെന്നാണ് ഈ നിയമം അർത്ഥമാക്കുന്നത്. അതുകൊണ്ട് നമ്മുടെ വനസമ്പത്ത് സംരക്ഷിക്കാനുള്ള ഗവൺമെന്റിന്റെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളിലെ സുപ്രധാനമായ ചുവട് വയ്പാണ് ഈ നിയമമെന്നുള്ളള കാര്യത്തിൽ സംശയമില്ല. വനസമ്പത്ത് സംരക്ഷിക്കാനുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥമായ സമീപനം ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽത്തന്നെ പ്രകടിപ്പിച്ചിട്ടുണ്ട്. പിന്നെ വനംകൊള്ള, വനം കയ്യേറ്റം എന്നുള്ളത് ഒക്കെതന്നെ എല്ലാ കാലത്തുമുണ്ട്. ക്രമസമാധാനത്തകർച്ച, നിയമസമാധാനത്തകർച്ച എന്നൊക്കെ പറയുന്നതുപോലെ ഒരു രാഷ്ട്രീയ പ്രചരണ ആയുധമാണിത്. നമുക്ക് എല്ലാവർക്കും അറിയാം മാറിമാറി വരുന്ന ഗവൺമെന്റുകളുടെ കാലത്ത് നമ്മളം അങ്ങോട്ടുമിങ്ങോട്ടും എടുത്തു ഉപയോഗിക്കാറുണ്ട് എന്നുള്ളത് അല്ലാതെ യഥാർത്ഥത്തിൽ ഫലപ്രദമായ, സത്യസന്ധമായ പ്രവർത്തനം നടന്നിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ശ്രീ. നൂറുദ്ദീന്റെ കാലഘട്ടത്തിലാണ് എന്നുള്ളതുകൊണ്ട് ഈ നിയമം എത്രയും വേഗം ഓർഡിനൻസ് റീപ്ലേസ് ചെയ്ത് നിയമമാക്കേണ്ടതാണ്. ശ്രീ. കാനം രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ ഇംപ്ലിമെന്റേഷൻ ആവശ്യമായിട്ടുള്ളതുകൊണ്ട് ഞാൻ എന്റെ ഭേദഗതി ഒരിക്കൽകൂടി അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഇവിടെ ചർച്ചാവേളയിൽ പല മെമ്പർമാരും വനശാസ്ത്രത്തെക്കുറിച്ച്, മരത്തിന്റെ സംരക്ഷണത്തെക്കുറിച്ച്, പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുമൊക്കെ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സർ, അതു കേട്ടപ്പോൾ ബഹുമാനപ്പെട്ട മെമ്പറൻമാരുടെ ഇത്രയും വിപുലമായ ഈ കഴിവുകളെല്ലാം നമുക്ക് വനസംരക്ഷണത്തിന്റെ പ്രായോഗികരംഗത്ത് കേന്ദ്രീകരിച്ചു കഴിഞ്ഞാൽ എത്ര വലിയ നേട്ടമാകുമായിരുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ഞാൻ ഉദ്ദേശിക്കുന്നത് ബഹുമാനപ്പെട്ട കുട്ട്യാലി തുടങ്ങിവച്ചിട്ടുള്ളത് രണ്ടായിരം വർഷത്തെ ചരിത്രമുൾപ്പെടെയാണ്. അതുപോലെതന്നെയാണ് എല്ലാ മെമ്പർമാരും. ഇതു സംബന്ധിച്ച് ഞാൻ ഉദ്ദേശിക്കുന്നത് വിപുലമായ ശാസ്ത്രജ്ഞൻമാരുടെ സെമിനാറൊ എന്തെങ്കിലും സംഘടിപ്പിച്ച് ഇവരുടെയെല്ലാം കഴിവുകളെ ഈ രംഗത്ത് കേന്ദ്രീകരിക്കാൻ കഴിഞ്ഞാൽ ഒരു വലിയ നേട്ടമാകുമായിരുന്നു. അതിന് ശ്രമിക്കണമെന്നാണ്.

ശ്രീ. എം. എം. ഹസ്സൻ : അങ്ങ് പുറഞ്ഞുവരുന്നത് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞതുപോലെ അദ്ദേഹത്തെ മുഖ്യ വനപരിപാലകനാക്കാൻ ഉദ്ദേശിക്കുന്നു എന്നാണോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഏതായാലും ഈ ചിന്തകളും ചർച്ചകളും നിർദ്ദേശങ്ങളും ഈ രംഗത്ത് വളരെയേറെ കനത്ത സംഭാവനയായിട്ടാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഇതെല്ലാം തീർച്ചയായും പൂർണ്ണ അർത്ഥത്തിൽ നമുക്ക് ഉൾക്കൊള്ളാൻ കഴിയേണ്ടതാണ്. സർ, ഈ ചർച്ചയുടെ അവസരത്തിൽ ഈ നിർദ്ദേശങ്ങൾക്കു പുറമെ ചില കാര്യങ്ങളെല്ലാം പറയുകയുണ്ടായി. ഈ ബില്ല് ഇവിടെ വേണ്ടിവന്നതിനെപ്പറ്റി ഞാൻ ഇവിടെ വിശദീകരിച്ചിട്ടുണ്ട്. 1974-ലെ ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് 3 ഇനം മരങ്ങൾ നിയന്ത്രിക്കാൻ വ്യവസ്ഥയുണ്ട്. ഈ നിയമമനുസരിച്ച് 7 ഇനങ്ങൾ കൂടി വർദ്ധിച്ചു. അങ്ങനെ 10 ഇനങ്ങളായി. ബഹുമാനപ്പെട്ട ഗുരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ മൂന്നിനം മരം മുറിക്കുന്നത് നിയന്ത്രിക്കുന്ന, നിരോധിക്കുന്ന നിയമം നിലവിലുള്ള അവസരത്തിൽ അതിൽ കുറെക്കൂടി മാറ്റം വരുത്തി 7 എണ്ണംകൂടി വർദ്ധിപ്പിക്കുന്നതാണ് ഈ നിയമം.

ശ്രീമതി കെ. ആർ. ഗൗരി : 1974-ലുള്ളത് പ്രൈവറ്റ് ഭൂമി മാത്രമാണ്. ഈട്ടി, തേക്ക്, ചന്ദനം ആദ്യം അവതരിപ്പിച്ചതല്ലയിത്. നിങ്ങൾ ഇത് അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷം മരത്തിന്റെ ഡെഫനിഷൻ ഇതാണെന്നു പറഞ്ഞിട്ട് വേറൊരിടത്ത് "Any tree" എന്നു പറയുന്നതിൽ കാര്യമില്ല. നിങ്ങളും ശ്രീ. ജോസഫുംകൂടി വഴക്കു പറയാൻ അതാണ് കാരണം. കാർഡമണ്ണിൽ വെട്ടു വന്നത് നിങ്ങളുടെ ഈ ബില്ല് കാരണമാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹുമാനപ്പെട്ട ഗൗരിയമ്മപോലും മനസ്സിലാക്കാതെ ഇതു പറഞ്ഞാൽ ഞാൻ എന്തു ചെയ്യും. ബാക്കി സാധാരണക്കാരൻ പറഞ്ഞാൽ മനസ്സിലാക്കാം. ബഹുമാനപ്പെട്ട ഗൗരിയമ്മപോലും ബില്ലിനെക്കുറിച്ച് മുഴുവൻ മനസ്സിലാക്കിയില്ല. ഈ നിയമം സ്വകാര്യ വ്യക്തികളുടെ കൈവശമിരിക്കുന്നതിനെക്കുറിച്ചാണ് ഗൗരിയമ്മ പറഞ്ഞത് 10 എണ്ണമൊഴിച്ച് ബാക്കിയുള്ളതെല്ലാം വെട്ടുന്നതിന് അനുവാദം ഈ നിയമം മുഖേന കൊടുക്കുന്നുവെന്നാണ്. ഈ 10 ഇനം അല്ലാതെ കേരളത്തിലെ സ്വകാര്യ വ്യക്തികളുടെ മുഴുവൻ മരവും മുറിക്കുന്നതിന് അനുവാദം നിലവിലുണ്ട്. പിന്നെ ഏലത്തോട്ടങ്ങൾക്കുവേണ്ടി കൊടുത്ത സ്ഥലങ്ങളിലെ മരം മുറിക്കാൻ പാടില്ല എന്നു വ്യവസ്ഥയുണ്ടായിരുന്നു. ഈ നിയമം മുഖേന അവർക്ക് മരം മുറിക്കാൻ അനുവാദം കൊടുക്കുന്നുയെന്നാണ് പറഞ്ഞത്. ഈ നിയമം മുഖേന ആനുകൂല്യം കൊടുക്കുകയല്ല നിലവിലുള്ള ഏല ചട്ട നിയമത്തിലെ "Shade Regulation Act" അനുസരിച്ച് തണൽ വൃക്ഷം വെട്ടാൻ അവർക്ക് അധികാരമുണ്ട്. ആ അധികാരംകൂടി നിയന്ത്രിക്കുന്നതാണ് ഈ നിയമം. അതുകൊണ്ട് അവർക്ക് ഇന്ന് നിലവിലുള്ള ചട്ടം അനുസരിച്ചുള്ള ആനുകൂല്യം കൂടി ഇല്ലാതാക്കുന്നതാണ്, നിയന്ത്രിക്കുന്നതാണ് ഈ നിയമത്തിലെ വ്യവസ്ഥ. ഇവിടെ സംസാരിച്ച മെമ്പർമാർ ചില കാര്യങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ആദ്യമായി ശ്രീ. താമരാക്ഷൻ ഇവിടെ രേഖപ്പെടുത്തിയ ചില അഭിപ്രായങ്ങൾക്ക് മറുപടി പറയുന്നു. ലീസിന്റെ കാലാവധി കഴിഞ്ഞതിനുശേഷവും നീട്ടിക്കൊടുക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ബേബി ജോണിന് അറിയാം ലീസിന്റെ കാലാവധി കഴിഞ്ഞതിനുശേഷം ഏലത്തോട്ടങ്ങൾക്ക് കാലാവധി നീട്ടികൊടുക്കുന്നത് വനംവകുപ്പല്ല. വനം വകുപ്പിന്റെ പരിധിയിൽനിന്ന് ഈ ഭൂമി മാറ്റപ്പെട്ടിരിക്കുകയാണ്. ഏതായിരുന്നാലും വനം വകുപ്പ് കേരളത്തിൽ ഒരൊറ്റ വ്യക്തിക്കും ലീസിന്റെ കാലാവധികഴിഞ്ഞ് സമയം നീട്ടികൊടുത്തിട്ടില്ല. രണ്ടാമത് കന്നി ഏലങ്ങൾക്കുവേണ്ടി.

ശ്രീ. ബേബി ജോൺ : തൊടുപുഴ സൈഡിലുള്ള വനം വകുപ്പിന്റെ കീഴിലുള്ള കന്നി ഏലത്തിന് കാലാവധി നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കന്നി ഏലത്തിനുവേണ്ടി കൊടുത്തിട്ടുള്ള ലീസിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് ഗവൺമെന്റ് ആത് തീരികെ ഏറെടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരിടത്തും കാലാവധി ഈ ഗവൺമെന്റ് നീട്ടിക്കൊടുത്തിട്ടില്ല എന്നു ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കന്നി ഏലത്തിനുവേണ്ടി കൊടുത്തിട്ടുള്ള സ്ഥലങ്ങൾ കാലാവധി കഴിയുമ്പോൾ തിരിച്ച് എടുക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഇവിടെ പറഞ്ഞു മലബാർ, കോഴിക്കോട്, പാലക്കാട്, വയനാട് തുടങ്ങിയ ജില്ലകളിൽ രണ്ടായിരത്തോളം ആളുകളുടെ പട്ടയം കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുവെന്ന്. ഏതിനെ അടിസ്ഥാനത്തിൽ ആണ് അത് പറഞ്ഞതെന്ന് എനിക്ക് നിശ്ചയമില്ല. 2000 ഏക്കർ വരുന്ന ആ മേഖലയിൽ ഇന്ന് പട്ടയം കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടില്ല. പിന്നെ ഒരു കാര്യം എല്ലാവരുടേയും അറിവിലേക്കായി പറയുന്നുണ്ട്. നമ്മുടെ സ്വകാര്യ ഭൂമി ഏറ്റെടുത്തതിനെത്തുടർന്ന് ആ ഭൂമി പഴയ ആളുകൾക്ക് അവർ പറയുന്നതുപോലുള്ള വ്യവസ്ഥകൾക്കനുസരിച്ച് വിട്ടു കൊടുക്കണമെന്നോ, വേണ്ടയോ എന്ന് തീരുമാനിക്കുന്നത് ഗവൺമെന്റ് അല്ല. അതിനുവേണ്ടി നിശ്ചയിക്കപ്പെട്ട ട്രൈബ്യൂണലുകളാണ്. ആ ട്രൈബ്യൂണലുകളുടെ മുകളിൽ കോടതികളാണ്. ആ കോടതികളുടെയും, ട്രൈബ്യൂണലുകളുടെയും വിധിയുടെ അടിസ്ഥാനത്തിലാണ് ആ കാര്യങ്ങൾ നീങ്ങുന്നത് എന്ന് ഞാൻ എല്ലാവരേയും അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് അത് ആദ്യം തീരുമാനിക്കേണ്ടത് ഗവൺമെന്റ് അല്ല. നമ്മൾ ഏറ്റെടുത്ത സ്വകാര്യ വനഭൂമിയിൽനിന്ന് വ്യവസ്ഥ അനുസരിച്ച് അവകാശികൾക്ക് വിട്ടുകൊടുക്കുവാൻ ഉള്ള അധികാരം ആദ്യം കസ്റ്റോഡിയനായിരുന്നു. പിന്നീട് ഫോറസ്റ്റ് ട്രൈബ്യൂണലിന് വിട്ടുകൊടുത്തു. ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ കോടതിയെയാണ് സമീപിക്കുന്നത്. ഗവൺമെന്റും കോടതിയെ സമീപിക്കുന്നുണ്ട്. അതുകൊണ്ട് അത് കൊടുക്കുന്നതിനും ഗവൺമെന്റല്ല ഉത്തരവാദിയെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ വേറൊരു കാര്യം (ഒറ്റപ്പെട്ട ഭൂമികൾ ഏറ്റെടുക്കുന്ന) ഞാൻ രേഖപ്പെടുത്തിയിരുന്നു. ആ ഘട്ടത്തിൽ പറഞ്ഞിരുന്നത് കേരളത്തിലെ വന മേഖലയിലും അങ്ങിങ്ങായി ചില ഒറ്റപ്പെട്ട കേന്ദ്രങ്ങളുണ്ടെന്ന്. അത് ഏറ്റെടുത്ത് അതെല്ലാം വനവുമായി ബന്ധപ്പെടുത്തി സംരക്ഷിക്കാനും അതിർത്തി നിർണ്ണയിക്കാനും കഴിയും എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇൻഡ്യാ ഗവൺമെന്റിന്റെ മുൻപിൽ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അങ്ങനെ വന്നാൽ അതെല്ലാം പുതിയ കയ്യേറ്റങ്ങൾക്ക് പ്രേരണ ആയിരിക്കുമെന്ന ഒരു വ്യാഖ്യാനമാണ് വന്നത്. സർ, അത് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ്. പുതിയ കയ്യേറ്റങ്ങൾക്കുള്ള പ്രേരണയല്ല. ചില സ്ഥലങ്ങളിൽ ഏതെല്ലാം ഒറ്റപ്പെട്ട തുരുത്തുകളുണ്ടോ അവിടങ്ങളിലെല്ലാം ആളുകൾ ജീവിക്കുന്നു. പഴയകാലത്ത് ഉണ്ടായതാണ് അന്നത്തെ കയ്യേറ്റങ്ങളെക്കുറിച്ചും സംഭവത്തെക്കുറിച്ചും വിലപിച്ചിട്ട് കാര്യമില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഓരോ തുണ്ട് ഭൂമിയും എങ്ങനെയാണ് സംരക്ഷിക്കുവാൻ കഴിയുക ? അതാണ് ആലോചിക്കേണ്ടത്. ഒന്നാമത് അത് സംരക്ഷിക്കാൻ കഴിയുകയാണ് വേണ്ടത്. അതേ അവസരത്തിൽ അങ്ങനെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ജീവിക്കുന്നവർക്ക് യാതൊരു പ്രയാസവുമില്ലാത്ത വിധം അവരെയെല്ലാം മാറിപ്പാർപ്പിക്കാൻ, ആ ഭൂമി മുഴുവൻ ഗവൺമെന്റിനേറ്റാക്കി മാറാൻ അങ്ങനെ കഴിയുമോ എന്നുള്ള ഒരു പരിശ്രമമാണ് അതിന്റെ പിന്നിലുള്ളത്. അത് പുതിയ കയ്യേറ്റങ്ങൾ വളർത്താനല്ല കയ്യേറ്റക്കാരിൽ 100 ശതമാനം പേരെ നിരുൽസാഹപ്പെടുത്താൻവേണ്ടി ഉപയോഗിക്കുന്ന ഒരു നടപടിയായിരിക്കാം. അത് നമുക്ക് നടത്താൻ കഴിഞ്ഞെങ്കിൽ എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതുപോലെതന്നെ ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചില കാര്യങ്ങളെല്ലാം പറഞ്ഞു. ആ കൂട്ടത്തിൽ പറഞ്ഞ സംരക്ഷണ വിഭാഗത്തിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണെന്ന്. ആ നിർദ്ദേശം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ്. ആ കൂട്ടത്തിൽ മറ്റു ചില കാര്യങ്ങളും പറഞ്ഞു. ചതുരൂർ മലയിലെ 600 ഏക്കർ സ്ഥലം മറ്റെ ആൾക്ക് പതിച്ചുകൊടുക്കാൻ പോകുന്നു ഇത് ഈ ആൾക്ക് പതിച്ചുകൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നുവെന്നൊക്കെ. ശ്രീ. ബാലകൃഷ്ണൻ പറഞ്ഞപ്പോഴും ഒരു കാര്യം ഇവിടെ കൂട്ടിച്ചേർത്തത് വളരെ സന്തോഷമായി. അവിടെനിന്നും മരം മുറിച്ചപ്പോഴും ഫ്ളയിംഗ് സ്ക്വാഡുകാരും പോയി ആ മരം പിടിച്ചു എന്ന് സമ്മതിച്ചത് എനിക്ക് സന്തോഷമുള്ള കാര്യമായി. അപ്പോഴും മനസ്സിലാകാത്ത ഒരു വസ്തുത നമ്മുടെ രാജ്യത്ത് കളവ് പല ആഫീസർമാരുടേയും വീടുകളിൽ പോലും നടക്കുന്നുവെന്നുള്ളതാ. വലിയ വലിയ ആഫീസർമാരുടെ വീടുകളിൽ പോലും കളളൻ കയറിയതായിട്ട് പത്രത്തിൽ വാർത്ത കാണാറുണ്ട്. അങ്ങനെ ഈ മോഷണം നടന്നപ്പോഴും ഫ്ളയിംഗ് സ്ക്വാഡുകാരും പോയി ഒരു മരം പിടിച്ചെടുത്തു എന്നത് ഈ വനം വകുപ്പിനെ സംബന്ധിടത്തോളം അഭിമാനകരമായ ഒരു വസ്തുതയായി ഞാൻ കാണുന്നു. അത് എന്റെ നിയോജകമണ്ഡലമായിട്ടുപോലും ബാലകൃഷ്ണൻ പറഞ്ഞ ആഫീസർമാർ ആരൊക്കെയാണെന്ന് എനിക്കറിയില്ല. അങ്ങനെയല്ലേ? ശ്രീ. ബാലകൃഷ്ണൻ ഉദ്ദേശിച്ചത് ആരെ ആയാലും അവന്റെ അടുത്തുപോയി വനം വകുപ്പുകാർ ആ മരം പിടിച്ചെടുത്തതെന്ന് ശ്രീ. ബാലകൃഷ്ണൻ തന്നെ പറഞ്ഞത് വളരെയേറെ സന്തോഷം. ഞാൻ അതിന് നന്ദി പറയുന്നു. പിന്നെ അടുത്ത ആക്ഷേപം എന്താണെന്ന് വച്ചാൽ ആ കേസ് മുക്കാൻ ശ്രമിക്കുന്നുവെന്നാണ്. ഞാൻ ഒരു കാര്യം വ്യക്തമാക്കാം ആരു പറഞ്ഞാലും ഉടയത്തമ്പുരാൻ ഇടപെട്ടാലും പിടിച്ചെടുത്ത ഒരു കേസും മുക്കിക്കളയാൻ ഗവൺമെന്റ് അനുവദിക്കുന്നതല്ല. അങ്ങനെ ഒരു ഏർപ്പാട് ഇവിടെ ഇല്ല.....

അതുപോലെതന്നെ ഇവിടെ ചതുരൂർമലയുടെ പ്രശ്നത്തെക്കുറിച്ച് പറഞ്ഞു. ഈ നിയമസഭയിൽ പല മെമ്പർമാരും സംസാരിച്ചപ്പോഴും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം .....

ഞാൻ ഈ സഭയിലെ എല്ലാ മെമ്പർമാരേയും വെല്ലുവിളിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരിഞ്ചു ഭൂമി എവിടെയെങ്കിലും, ആരെങ്കിലും കയ്യേറിയിട്ടുണ്ടെന്ന് തെളിയിച്ചാൽ നിങ്ങൾ പറയുന്നതുപോലെ അനുസരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. എവിടെയെങ്കിലും ഉണ്ടെങ്കിൽ തെളിയിക്കണം. നേരെമറിച്ച് ശ്രീ. ബാലകൃഷ്ണൻ പറയുമ്പോൾ തൊട്ടടുത്തുള്ള ബഹുമാനപ്പെട്ട ശ്രീ. ടി. കെ. ഹംസയെങ്കിലും അത് തിരുത്തുമെന്നാണ് ഞാൻ കരുതിയത്, അത് ശ്രീ. ബാലകൃഷ്ണൻ പറഞ്ഞത് വളരെ ശരിയാണ്. ഞാൻ അതിന് വേണ്ട നിലപാട് സ്വീകരിച്ചുകൊളളാം. ഇനിയും സ്വീകരിക്കണം എന്ന അഭിപ്രായക്കാരനാണ് ഞാൻ. നമ്മൾ ആവശ്യപ്പെട്ടത് വനമെല്ലാം ഏറെറടുത്തപ്പോഴും ചില ആഫീസർ പുതിയ അവകാശവാദവുമായി മുന്നോട്ടു വരുന്നു എന്നുള്ളതാണ്. അന്ന് നമ്മൾ ഇതെല്ലാം സർവ്വേ ചെയ്യുമ്പോഴും നമ്മുടെ കൈവശം ഭൂമിയുണ്ടായിരുന്നു. പക്ഷേ അന്ന് സർവ്വേ ചെയ്യാൻ വന്ന ഉദ്യോഗസ്ഥൻമാർ ഒന്നും കൂട്ടാക്കിയില്ല. അതുകൊണ്ട് ഞങ്ങളുടെ ഭൂമി നഷ്ടപ്പെടാൻ പാടില്ല എന്നായിരുന്നു അപ്രകാരമുള്ള ചില ആഫീസർമാരുടെ അവകാശവാദം. അതിനുവേണ്ടി ഈ സഭയിൽ പല മെമ്പർമാരും വാദിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു പ്രശ്നമാണ് ശ്രീ. ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ചത്. ഏതായിരുന്നാലും അയ്യൻകുന്ന് മലയിലെ കാര്യം അദ്ദേഹം തെറ്റിദ്ധരിച്ചത് ശരിയല്ല. അതിന് പട്ടയം പതിച്ചുകൊടുക്കാൻ ആർക്കും സാദ്ധ്യവുമല്ല. അതിനെപ്പറ്റി ഹൈക്കോടതിയിൽ കേസ് നടത്തിയിട്ടുള്ളതാണ്. ആരും അതിനെപ്പറ്റി ആലോചിച്ചിട്ട് കാര്യമില്ല. ഏത് രാഷ്ട്രീയം അതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടും കാര്യമില്ല, കേസ് ചാർജ് ചെയ്തിട്ടും കാര്യമില്ല. അത് ഹൈക്കോടതിയിൽ ഇപ്പോഴും കേസുള്ളതാണ്. അത് വീതിച്ചുകൊടുക്കാൻ ആർക്കും സാദ്ധ്യമല്ല. അത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്താൻ ഒരാൾക്കും സാദ്ധ്യമല്ല എന്നുകൂടി ഞാൻ വ്യക്തമാക്കുന്നു. പിന്നെ ഇതുപോലുള്ള കേസുകളുണ്ടായാൽ അത് കണ്ടുപിടിക്കുന്നതിനും, ഫലപ്രദമായ നടപടികളും സ്വീകരിക്കുന്നതിനും,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. വനഭൂമി കയ്യേറി ഒഴിപ്പിച്ചതിനെതിരെ. സമീപകാലത്ത് കയ്യേറിയത് ഒഴിപ്പിച്ചിതിനെതിരെ പല രാഷ്ട്രീയ പാർട്ടികളുടേയും നേതൃത്വത്തിൽ ഇവിടെ സമരങ്ങൾ നടക്കുകയാണ്. നേരെമറിച്ച് ചതുരംഗം മലയുടെ കാര്യത്തെപ്പറ്റി ഇവിടെ ശ്രീ. എ. കെ. ശശീന്ദ്രൻ ഒരു പോയിൻറ് ഉന്നയിച്ചു. അദ്ദേഹം പറഞ്ഞു അങ്ങനെയാണെങ്കിൽ തട്ടിയെടുക്കാൻ ശ്രമിച്ചു എന്നതിൻെറ പേരിൽ കേസെടുക്കണമെന്ന്. അങ്ങനെ തട്ടിയെടുക്കാൻ ശ്രമിച്ചതിൻെറ പേരിൽ ഗവൺമെൻറ് തന്നെ ഒരു കേസ് കൊണ്ടുപോയി ഫയൽ ചെയ്തു ആ ഭൂമി കൈമാറക്കാർക്ക് അവകാശപ്പെടാൻ അവസരമുണ്ടാക്കിക്കൊടുക്കണമെന്നാണോ പറയുന്നത് ? ഈ രേഖകൾ കൈമാറാം ചെയ്തതിൻെറ ഫലമായിട്ട് ഒരു തുണ്ട് ഭൂമിപോലും നമുക്ക് നഷ്ടപ്പെട്ടിട്ടില്ല. ഒരാൾക്കും നഷ്ടപ്പെടുത്താൻ സാദ്ധ്യവുമല്ല. ഒരാൾക്കും കൊണ്ടുപോകാൻ സാദ്ധ്യമല്ല. 15-ഓ, 20-ഓ വർഷം കഴിഞ്ഞാലും അത് സാദ്ധ്യമല്ല കാരണം നമ്മുടെ കൈവശമുള്ള ഭൂമിയാണ്. മറ്റുള്ളവരുമായി തട്ടിച്ചു നോക്കിയിട്ട് കാര്യമില്ല. അപ്പോൾ വനം കുറഞ്ഞതിനെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. അതെല്ലാം മുൻപ് പലപ്പോഴും പറഞ്ഞതാണ്. ഒരു കാര്യം വളരെ ശരിയാണ്. നമുക്കാവശ്യമായ വനം ഇന്ന് ഇവിടെയില്ല. അതെല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്. 100 വർഷം മുൻപ് 60 ശതമാനം വനമുണ്ടെന്നു പറയുന്നു. എന്നാൽ ഇപ്പോൾ ഗവൺമെൻറിൻെറ കണക്കനുസരിച്ച് 24 ശതമാനമേയുള്ളൂ. അതിലെ എത്ര ശതമാനം കുറഞ്ഞു ? ഞാൻ അതാണ് നേരത്തേ പറഞ്ഞത ഇങ്ങനെയുള്ള ഒരു പ്രശ്നം 1982-ന് ശേഷം ഒരാൾക്കും ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന്. ഒരു സ്ഥലത്തുമില്ല. 1977-ന് ശേഷം കയ്യേറിയത് ഒഴിപ്പിക്കുന്നതിനാണ് ഗവൺമെൻറിൻെറ നയം നടപ്പിലാക്കുമ്പോഴാണ് ഇപ്പോൾ അതിനെതിരായിട്ട് ചില പ്രശ്നങ്ങളും, ഏർപ്പാടുകളുമുണ്ടാകുന്നത്. സർ, ഇവിടെ വേറൊരു കാര്യം പറഞ്ഞു ഗവൺമെൻറിന് കേസ് നടത്തുന്നതിൽ താൽപ്പര്യമില്ലെന്ന്. സർ, കേസ് നടത്തുന്നതിൽ ഇന്ന കേസാണ് ഗവൺമെൻറിന് എതിരായി വന്നു എന്ന് വ്യക്തമാക്കണം. ഇപ്പോൾ നെല്ലിയാമ്പതിയിലെ ചില സംഭവങ്ങളെപ്പറ്റി ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ പറയുകയുണ്ടായി. നെല്ലിയാമ്പതി ഉൾപ്പെടെയുള്ള കേസുകളിലെല്ലാം ഗവൺമെൻറിൻെറ ഭാഗത്ത് വാദിക്കുന്നതിന് എന്തെങ്കിലും അപാകതകൾ എവിടെയെങ്കിലും കണ്ടാൽ പ്രത്യേകമായ ഒരു സംവിധാനമുണ്ടാക്കി ഗവൺമെൻറിൻെറ സ്വത്തുക്കൾ സംരക്ഷിക്കുന്ന ഒരു സമീപനമാണ്. ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ഇവിടെ കമ്പനിക്കു വേണ്ടി സ്ഥലം കൊടുത്തതിനെപ്പറ്റി പറഞ്ഞു. ഇൻഡ്യാ ഗവൺമെൻറിൻെറ മുൻപിൽതന്നെ ഒരു കമ്പനിക്ക് പ്രൊപ്പോസൽ കൊടുത്തു. ധാരാളം വിദേശനാണ്യം നേടാൻ കഴിയുന്ന ഒരു കമ്പനിയാണ്. അതു വനം വകുപ്പിൻെറ താൽപ്പര്യത്തിൻെറ അടിസ്ഥാനത്തിലല്ല. നമുക്ക് പ്രത്യേകമായ ഉദ്ദേശവുമില്ല. വിദേശ നാണ്യം ധാരാളം നേടാൻ കഴിയുന്ന ഒരു കമ്പനിയെന്ന നിലയിൽ ഇൻഡ്യാ ഗവൺമെൻറിൻെറ മുൻപിൽ അവർ വെച്ച പ്രൊപ്പസലിൽ തന്നെ ഇത്ര സ്ഥലം വനം, അതിന് ഇത്ര ലൈൻ വലിക്കേണ്ടിവരും എന്നൊക്കെയുള്ള ഉദാഹരണമായിരുന്നു അത്. ഇൻഡ്യാ ഗവൺമെൻറ് ആ പ്രൊപ്പോസൽ അങ്ങനെതന്നെ അംഗീകരിച്ചു. അതിൻെറ അടിസ്ഥാനത്തിലാണ് അതിന് അനുവാദം കൊടുത്തിട്ടുള്ളത്. അതിൻെറ അടിസ്ഥാനത്തിലാണ് അതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നത്.

സർ, ഇവിടെ സെലക്ഷൻ ഫെല്ലിംഗിൻെറ പേരിൽ വൻതോതിൽ വനം കൊള്ള നടക്കുന്നു, ക്ലിയർ ഫെല്ലിംഗ് നടക്കുന്നു എന്നു പറഞ്ഞു. സെലക്ഷൻ ഫെല്ലിംഗിനെക്കുറിച്ച് ഞാൻ ഇതിനുമുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. സെലക്ഷൻ ഫെല്ലിംഗിൻെറ പേരിൽ ക്ലിയർഫെല്ലിംഗ് നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സെലക്ഷൻ ഫെല്ലിംഗ് ശാസ്ത്രീയമായൊരു സമീപനമാണ്. ഒരു നടപടിയാണ്. വളരെ പ്രായം ചെന്ന മരം അവിടെ നിന്നതുകൊണ്ട് കാര്യമില്ല. ഒരു മരം വെട്ടിവീഴ്ത്തുമ്പോൾ ചുറ്റുമുള്ള മരം വീഴുന്നു, അങ്ങനെ മരം നശിക്കുന്നു എന്നുള്ളതാണ് ഒരാക്ഷേപം. അത് ശരിയാണ്. ആ മരം വെട്ടാതെ വീണാലും ചുറ്റുമുള്ള മരം നശിക്കും. അപ്പോൾ സെലക്ഷൻ ഫെല്ലിംഗ് എന്നു പറയുന്നത് ശാസ്ത്രീയമായൊരു സമീപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ക്ലിയർ ഫെല്ലിംഗ് എവിടെയും നടക്കുന്നില്ല എന്നുകൂടി ഞാൻ വ്യക്തമാക്കുന്നു. ചിലപ്പോൾ കരാറുകാർ ആ കരാറിലെ വ്യവസ്ഥകൾ ലംഘിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിനെതിരായിട്ടും ഇതിനകംതന്നെ അന്വേഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഒരുകാര്യംകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വനസംരക്ഷണത്തിൽ ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ ഈ സഭയിലെ ഒരു കക്ഷിക്കും, ഒരു നേതാവിനും, ഒരു പ്രതിനിധിക്കും സാദ്ധ്യമല്ലായെന്ന കാര്യത്തിൽ ഒട്ടും തർക്കമില്ല. അതിനെക്കുറിച്ച് വെറുതെ പറഞ്ഞാൽ പോരാ, ഏതെങ്കിലുമൊരു കാര്യത്തെ സംബന്ധിച്ച് ഇന്നതാണ് എന്ന് ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും ഞാൻ അതിന് മറുപടിയും പറയാം. ഇത് പാസാക്കിയെടുക്കേണ്ടത് വളരെയേറെ അത്യാവശ്യമാണ്. 10 ഇനങ്ങളിലുള്ള മരങ്ങൾ മുറിക്കുന്നതിന് മാത്രമേ നിയന്ത്രണങ്ങളുണ്ടാക്കിയിട്ടുള്ളൂ. ഒന്നാമത്തെ കാര്യം, ഈ 10 ഇനങ്ങളിൽ ചിലതെല്ലാം വനങ്ങളിൽ മാത്രമുണ്ടാകുന്നതാണ്. കൃഷിക്കാരുടെ പറമ്പുകളിൽ കാണുകയുമില്ല. അതുകൊണ്ട് കൃഷിക്കാരുടെ സ്ഥലത്തിന്റെ പേരിൽ അവ അന്യാധീനപ്പെട്ടുപോകുകയാണെങ്കിൽ അത് എങ്ങനെയെങ്കിലും തടയാനും, മോഷണം നടത്തുന്നത് തടയാനും കൂടി ഈ ബിൽ പ്രയോജനപ്പെടും. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. വി. താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി വോട്ടിനിട്ട് സഭ നിരാകരിച്ചു.

വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ, ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച 2-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ 2-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 1986-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, 1986-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly